**JEEVA MOZHIKAL** RNI/KERBIL/-2003/21404 Regn No: KL/KTM/608/2012-14
September 2012 www.jeevamozhikal.org Licence No.KL/CR/KTM/WPP-45/2012-14
Annual subscription Rs. 80/-

## കൊടുംകാട്ടിൽ, തനിയെ

**ആ**ഫ്രിക്കയിലെ ആദിവാസികളുടെ ഇടയിൽ കുട്ടികളുടെ പേടി മാറ്റാനും അവരെ വനത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി കൊടുക്കാനും ഒരു സമ്പ്രദായം നിലവിലുണ്ട്.

കുട്ടിക്കു എട്ടുപത്തു വയസ്സാകുമ്പോൾ ഒരു അമാവാസി ദിവസം അവനോടൊപ്പം പിതാവ് അമ്പും വില്ലും എടുത്തുകൊണ്ട് ഒരു സന്ധ്യക്കു വനത്തിലേക്കു പോകും. പിതാവു കൂടെയുള്ളതുകൊണ്ടു കുട്ടിക്കു പേടിയില്ല. അവൻ ഉത്സാഹത്തോടെ പിതാവിനോടൊപ്പം പോകും.

അവർ നടന്നു കൊടുംകാട്ടിലെത്തും. അപ്പോഴേക്കും നേരം നല്ല രാത്രിയായി. അമാവാസിയായതിനാൽ ചന്ദ്രികയുമില്ല. ഇടതൂർന്നു നിൽക്കുന്ന മരങ്ങളുടെ ഇടയിൽ കുട്ടിയെ തനിയെ നിർത്തിയിട്ട് പെട്ടെന്ന് പിതാവ് ഇരുട്ടിലേക്ക് ഓടി മറയും.

കുട്ടി അമ്പരന്നു പോകും. പിതാവിനെ ഉറക്കെ വിളിക്കും. മറുപടിയില്ല. കണ്ണിൽ കുത്തിയാൽ കാണാത്ത ഇരുട്ട്. എങ്ങോട്ടു പോകും? വഴി അറിയില്ല. കാട്ടുമൃഗങ്ങളുടെ മുരൾച്ച അകലെ കേൾക്കും. അവയുടെ കാലടി ശബ്ദം അടുത്തു വരുന്നതുപോലെ. പേടിച്ചു വിറച്ച് കുട്ടി ജീവൻ രക്ഷിക്കാൻ അടുത്തു കാണുന്ന മരത്തിൽ വലിഞ്ഞു കയറും. അവിടെ തണുത്തും ഭയന്നും വിറച്ച് മരക്കൊമ്പിൽ ഇരിക്കും. ഉറങ്ങിപ്പോയാൽ പിടിവിട്ടു താഴെപ്പോകും. പിതാവ് ഇത്ര ക്രൂരനായിപ്പോയല്ലോ!

പതുക്കെ രാത്രി ഇരുണ്ടു വെളുക്കും. നേരം വെളുത്ത് ആളറിഞ്ഞു തുടങ്ങുമ്പോൾ കുട്ടി താഴേക്കു നോക്കുമ്പോഴാണു കാര്യം മനസ്സിലാകുക. തന്നെ വിട്ട് ഓടിപ്പോയെന്നു കരുതിയ പിതാവ് എങ്ങു പോയിട്ടില്ല. അടുത്ത മരത്തിനു മറഞ്ഞ് അമ്പും വില്ലും എടുത്ത് മകനെ ഹിംസ്രമൃഗങ്ങളൊന്നും ആക്രമിക്കാതിരിക്കാൻ ആ രാത്രി മുഴുവൻ ജാഗ്രതയോടെ കാവൽ നിൽക്കുകയായിരുന്നു!

നമ്മുടെ സ്വർഗ്ഗീയ പിതാവും ചിലപ്പോൾ ഇങ്ങനെ പെരുമാറും. വിളിച്ചാൽ വിളികേൾക്കില്ല. നമ്മെ ഉപേക്ഷിച്ചു പോയെന്നു നാം കരുതും. വാസ്തവം എന്താണ്? അവിടുന്നു നിശ്ശബ്ദനായി ജാഗ്രതയോടെ നമ്മെ കാത്തുകൊണ്ടു നിൽക്കുകയാണ്. എന്തിനാണ് ഈ പരീക്ഷണം? നമ്മെ വിശ്വാസത്തിൽ ശക്തരാക്കാൻ, പക്വതയിലേക്കു നയിക്കാൻ.

*'താൻ അവനെ മരുഭൂമിയിലും ഓളി കേൾക്കുന്ന ശൂന്യപ്രദേശത്തിലും കണ്ടു; അവനെ ചുറ്റിപ്പരിപാലിച്ചു, കൺമണിപോലെ അവനെ സൂക്ഷിച്ചു. കഴുകൻ തന്റെ കൂട് അനക്കി കുഞ്ഞുങ്ങൾക്കു മീതേ പറക്കുന്നതുപോലെ താൻ ചിറകുവിരിച്ച് അവനെ എടുത്തു തന്റെ ചിറകിന്മേൽ അവനെ വഹിച്ചു'* (ആവർത്തനം 32:10,11)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 9 സെപ്റ്റംബർ 2012



ദൈവത്തോടു ചേർന്നു നടക്കുന്നതെങ്ങനെ?
'സ്ത്രീയേ, നീ കരയുന്നതെന്ത്?' – ആനി പുന്നൻ
ഓരോ ചുവടിലും അനുസരണം
റീസ് ഹൊവൽസിന്റെ അനുഭവകഥ തുടരുന്നു...

## എഡിറ്റോറിയൽ

# ദൈവത്തോടു ചേർന്നുള്ള നടപ്പ്



**ഞാ**യറാഴ്ച എന്തു സംഭവിക്കുന്നു എന്നതല്ല പ്രധാനം. ഞായറാഴ്ചയ്ക്കുശേഷം എന്തു സംഭവിക്കുന്നു എന്നതാണു പ്രധാനപ്പെട്ടത്.

ഇന്നു വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഞായറാഴ്ചയാണ് ഏറ്റവും പ്രധാന ദിവസം. 'ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ പൂർവ്വ പിതാക്കന്മാർ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിച്ചതുപോലെ' സഭായോഗത്തിനു ഞായറാഴ്ച കൂടി വരുന്നതു മുടക്കുന്നത് അവർക്കു ചിന്തിക്കാനേ ആവില്ല. എന്നാൽ തിങ്കൾ മുതൽ ശനിവരെ ഞങ്ങൾ ഞങ്ങളുടെ ഇഷ്ടം പോലെ ഒന്നു ജീവിച്ചോട്ടെ .പ്ലീസ്, ഉപദ്രവിക്കുരുത്-ഇതാണു മനോഭാവം.

പഴയ നിയമത്തിലെ ദശാംശത്തിന്റെ തത്ത്വം പുതിയനിയമ വിശ്വാസിക്ക് ഇത്രയും പ്രിയപ്പെട്ടതായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ആലോചിച്ചിട്ടുണ്ടോ?.അതവന്റെ ലോജിക്കിനു ചേർന്നു പോകുന്നതാണ് എന്നതുകൊണ്ടാണത്. പത്തിൽ ഒന്നു ദൈവത്തിന്. ബാക്കി ഒൻപതും തനിക്കു തന്റെ ഇഷ്ടം പോലെ. എത്ര സൗകര്യം! കാര്യങ്ങൾക്ക് ഒരു വ്യക്തതയുണ്ട്. അതിനു പകരം 'പൂർണമായി ദൈവത്തിന്, ഞാനും എനിക്കുള്ളതുമെല്ലാം ദൈവത്തിന്' എന്നൊക്കെ പറഞ്ഞാൽ അതവനു പിടികിട്ടുന്നില്ല. 'കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും' എന്നു കാര്യങ്ങളെ രണ്ടായി കാണാനാണ് അവനിഷ്ടം. (എന്നാൽ യേശു പറഞ്ഞ ആ വചനവും വേണ്ടതുപോലെ അവനു മനസ്സിലായിട്ടുണ്ടോ?.യേശു പറഞ്ഞതിന്റെ പൊരുൾ എന്താണ്?.റോമൻ ചക്രവർത്തിയെ ദൈവമായി കരുതി ആരാധിച്ചിരുന്ന ഒരു സമൂഹത്തിൽ 'ദൈവം വേറെ, റോമൻകൈസർ വേറെ' എന്നു ഭംഗ്യന്തരേണ പ്രഖ്യാപിക്കുകയല്ലേ യേശു ചെയ്തത്?).

ദശാംശത്തിന്റെ അതേ തത്ത്വം തന്നെയാണു സമയത്തെക്കുറിച്ചും സാധാരണ വിശ്വാസിക്കുള്ളത്. പഴയനിയമത്തിന്റെ ആത്മാവിൽ അവൻ ഒരു ദിവസത്തെ ശബ്ബത്തായി പ്രഖ്യാപിച്ച് ദൈവത്തിനായി മാറ്റിവയ്ക്കുന്നു. ബാക്കി ആറുദിവത്തെക്കുറിച്ചും അവർക്കു പള്ളി പ്രമാണിയുടെ കാഴ്ചപ്പാടാണുള്ളത് – ' തങ്ങളുടെ വേല ചെയ്‌വാനുള്ള ആറു ദിവസം' (ലൂക്കോ. 13:14). ദൈവത്തിനുള്ള ദിവസത്തേയും തങ്ങൾക്കുള്ള ദിവസങ്ങളെയും രണ്ടായി വിഭജിച്ചു വെള്ളം കടക്കാത്ത അറകളായി (watertight compartments) വേർതിരിച്ചു നിർത്തു നിർത്തുവാനാണ് അവർക്കു താത്പര്യം.

പണവും സമയവും മാത്രമല്ല ജീവിതം തന്നെയും 'ദൈവിക' വും 'സാധാരണ' വും എന്നു രണ്ടായി വിഭജിക്കപ്പെട്ടു പോയി എന്നതാണ് ഇന്നു ശരാശരി വിശ്വാസിയുടെ ദുര്യോഗം. എന്നാൽ യഥാർത്ഥ ക്രിസ്തു ഭക്തനെസംബന്ധിച്ചിടത്തോളം ജീവിതം 'ആത്മിക' വും 'ലൗകിക' വും എന്നു രണ്ടായി മുറിഞ്ഞു കിടക്കുന്നില്ല. രണ്ടും ചേർന്ന് ഒരൊറ്റ മുഴുനീള ജീവിതം. അതു മുഴുവനും ദൈവത്തിന്റേത്. യേശുവിന്റെ നിലപാടും ഇതായിരുന്നു.

എന്നാൽ മതഭക്തരായ പരീശന്മാർക്കു യേശുവിന്റെ ഈ നിലപാടു ദഹിക്കുന്നതായിരുന്നില്ല. നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതെന്തെന്ന് അവർ ചോദിച്ചു.തിന്നുകയും കുടിക്കുകയും വിരുന്നുകൾക്കുള്ള ക്ഷണം എപ്പോഴും സ്വീകരിക്കുകയും ചെയ്യുന്ന യേശുവിനെ 'തിന്നിയും കുടിയനുമായ മനുഷ്യൻ' എന്നു മുദ്രകുത്തി ദൈവിക മനുഷ്യനല്ലെന്ന് അവർ തള്ളിക്കളഞ്ഞു.കാരണം 'തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വാൻ കഴിയും' (1കൊരി. 10:31) എന്ന സത്യം അവരുടെ കണ്ണുകൾക്കു മറവായിരുന്നു.

പലപ്പോഴും നമുക്കും തിന്നുകയും കുടിക്കുകയും പോലുള്ള നിത്യസാധാരണമായ കാര്യങ്ങളിൽ വലിയ ആത്മീയത ഒന്നും 'തോന്നുന്നില്ല' എന്നതിനു കാരണം നമ്മിലുള്ള മതഭക്തിയുടെ 'ഹാങ്ഓവർ' ആകാം. നമ്മുടെ തോന്നലിലല്ല നാം ജീവിക്കേണ്ടത്. ദൈവം നമ്മിൽ പൂർത്തിയാക്കിയ യാഥാർത്ഥ്യങ്ങളെ വിശ്വാസത്താൽ കണ്ടുകൊണ്ടു ജീവിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ പലപ്പോഴും നമ്മുടെ തോന്നലുകളിലും അനുഭൂതികളിലും ദൈവസാന്നിധ്യ ബോധം തിരഞ്ഞു നാം നിരാശപ്പെട്ടുപോകുന്നു. ബ്രദർലോറൻസിന്റെ 'ദൈവസാന്നിധ്യബോധം പരിശീലിക്കുക' തുടങ്ങിയ ഗ്രന്ഥങ്ങൾ വായിച്ച് തന്റെ വൈകാരികാനുഭൂതിയിൽ സദാ ദൈവ സാന്നിധ്യബോധം നിലനിർത്താൻ ശ്രമിച്ച ഒരു ഭക്തന്റെ കഥ ഇപ്രകാരം കേട്ടിട്ടുണ്ട്. ഒരോമണിക്കൂറിലും നാഴികമണി അടിക്കുമ്പോൾ പ്രവൃത്തിയെല്ലാം നിർത്തിവെച്ച് ഒരു ചെറിയ പ്രാർത്ഥന ചൊല്ലുന്നത് ഒരു ശീലമായി അദ്ദേഹം വളർത്തിയെടുത്തു.എന്നാലും ഓരോ നാഴികയ്ക്കും ഇടയിൽ കാടുകയറിപ്പോകുന്ന മനസ്സിനെച്ചൊല്ലി അദ്ദേഹത്തിനു ഖേദം ബാക്കിയായി.

തോന്നലിലല്ല ജീവിക്കേണ്ടത് എന്നതിന്ഒരു ഉദാഹരണം വാച്ച്മാൻ നീ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.ഒരു ദിവസം ഒരു സഹോദരൻ നീ യോട് ചോദിച്ചു: " എന്റെ ഫാക്ടറിയിൽ ഇരുപതിലേറെ ജോലിക്കാരുണ്ട്. അവരുടെ മേൽനോട്ടമാണെന്റെ ജോലി. രാവിലെ എട്ടു മണി മുതൽ വൈകുന്നതുവരെ ഞാൻ ഫാക്ടറിയിൽ അവരുടെ വിവിധ കാര്യങ്ങളിൽ വ്യാപൃതനായി സമയം ചെലവഴിക്കുകയാണു പതിവ്. ഈ തിരക്കിനിടയിൽ പലപ്പോഴും എനിക്കു ദൈവത്തെക്കുറിച്ച് ഓർത്തുകൊണ്ടിരിക്കാൻ കഴിയുന്നില്ല. ഇത് എന്റെ ഒരു വീഴ്ചയല്ലേ?"

മറുപടിയായി വാച്ച്മാൻ നീ ചോദിച്ചു:" സഹോദരാ, നിങ്ങൾ ഫാക്ടറിയിലായിരിക്കുമ്പോൾ നിങ്ങൾക്കു രണ്ടു കണ്ണുകളുണ്ടെന്ന് എപ്പോഴെങ്കിലും ഓർക്കാറുണ്ടോ?" " ഇല്ല". "നിങ്ങൾ ഫാക്ടറി വിടുമ്പോൾ നിങ്ങളുടെ കൈകൊണ്ട് കണ്ണുകളെ തൊട്ടു നോക്കി അവ യഥാസ്ഥത്തുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ?". "ഇല്ല തീർച്ചയായും ഇല്ല" "ചുരുക്കത്തിൽ നിങ്ങൾ ബോധപൂർവം നിങ്ങളുടെ കണ്ണുകളെ സ്മരിച്ചാലും ഇല്ലെങ്കിലും നിങ്ങളുടെ കണ്ണുകൾ യഥാസ്ഥാനത്തിരുന്ന് അതിന്റെ പ്രവൃത്തി ചെയ്യുന്നുണ്ടല്ലോ. ഇതുപോലെ നിങ്ങൾ ബോധപൂർവം ഓർത്തില്ലെങ്കിലും കർത്താവു നിങ്ങളിലുണ്ട്. ഇതൊരു സത്യമാണ്. തോന്നലിലല്ല കർത്താവിനെ തിരയേണ്ടത്. വിജയകരമായി ജീവിതം നാം കർത്താവിനെ ഓർക്കുന്നതല്ല, മറിച്ചു കർത്താവു നമ്മെ ഓർക്കുന്നതാണ്"-വാച്ച് മാൻ നീ ചൂണ്ടിക്കാട്ടി.

അതെ, നമ്മുടെ തോന്നലല്ല, ദൈവവചനത്തിലെ സത്യങ്ങളാണു യാഥാർത്ഥ്യം. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിലുണ്ട് (കൊലൊ. 1:27) ക്രിസ്തു നമ്മുടെ ജീവനാണ് (3:3) അവിടുന്നു ' നമുക്കു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു' (1 കൊരി. 1:30) ഈ സത്യങ്ങളെ എല്ലാം വിശ്വാസത്തോടെ കണ്ടു മുന്നോട്ടു പോകുന്നതാണു



*ശേഷം പേജ് 21 ൽ*

സന്ദേശം

# ദൈവത്തോടു ചേർന്നു നടക്കുന്നതെങ്ങനെ?-II

*(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)*

**ശ**ത്രുവിന്റെ ആക്രമണം ഏതുമേഖലയിലൂടെയാണ് കടന്നുവരുന്നതെന്ന് നമുക്കറിയില്ല. പൊടുന്നനെ ഉണ്ടാകുന്ന ടെലിഫോൺ സംഭാഷണത്തിൽ അവന്റെ അമ്പുകൾ ഉണ്ടായിരിക്കാം;ഏതു കത്തിലാണ് അവന്റെ തന്ത്രങ്ങൾ ഒളിപ്പിച്ചിരിക്കുന്നത് എന്നു നമുക്കൊരിക്കലും മനസ്സിലാവുകയില്ല. വളരെ മോശമായി എന്നെ ചിത്രീകരിച്ച ഒരു പത്രവാർത്ത അറിയിക്കുവാൻ എന്റെ സുഹൃത്ത് എന്നെ വിളിക്കുകയുണ്ടായി. ഞാൻ ദുരുപദേശക്കാരനും മതനിന്ദകനും ആണ്; ഉയർന്ന ശമ്പളം, പെൻഷൻ, നല്ലവീട് എന്നിവയുടെ ആകർഷണത്തിൽ ഈ ചെറിയകൂട്ടത്തെ വിടാതെ പിടിച്ചു വച്ചിരിക്കുകയാണ് എന്നൊക്കെയാണ് ആരോപണങ്ങൾ.എന്നാൽ ഈ ചെറിയ കൂട്ടം പറയുന്നത് ദൈവം തന്നെയാണ് അവരെ ഇവിടെ ആക്കിയിരിക്കുന്നതെന്നാണ്.

ഈ സംഭാഷണത്തിൽ എന്റെ പ്രതികരണം പെട്ടെന്നായിരുന്നു. “ഇവന്മാരെല്ലാം ഭീരുക്കളാണ്, രാപ്പകൽ സഹോദരവർഗ്ഗത്തെ കുറ്റം വിധിക്കുന്ന സാത്താന്റെ പണിയാണ് ഇവർ ചെയ്യുന്ന

‘കുഞ്ഞുങ്ങളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും സാധ്യമാക്കുവാൻ തക്കവണ്ണം കുടുംബ ബന്ധങ്ങളിൽ പരിശുദ്ധാത്മാവ് എന്നെ സഹായിക്കുന്നു.’



രണ്ടു രീതിയിൽ നമുക്ക് പ്രതികരിക്കാം. മനസ്സിൽ തോന്നുന്നതു പറയാം. തോന്നുന്നതുപോലെ കത്തുകൾക്കു മറുപടി നൽകാം.ജഡത്തിന്റെ ഊർജ്ജത്തിൽ ഊന്നി നിൽക്കുന്നിടത്തോളം കാലം ഈ രീതി തുടരാം. സഹോദരാ, സൂക്ഷിക്കണമേ.എന്നാൽ രണ്ടാമത്തെ രീതി നുറുക്കത്തിന്റെ മാർഗ്ഗമാണ്. 'കർത്താവേ ഞാൻ എവിടെ തെറ്റിപ്പോയി? അങ്ങയെ വേദനിപ്പിച്ചോ? പരിശുദ്ധാത്മാവിന് കീഴ്പ്പെടാതെ എന്നിൽ ആശ്രയിച്ച് എന്തുകാര്യമാണ് ഞാൻ ചെയ്തത്?കർത്താവേ,എന്റെ ജഡത്തെ ക്രൂശിക്കണമേ. അങ്ങയോടുള്ള സഖിത്വം മടക്കിത്തരണമേ. പഴയ മനുഷ്യൻ നുറുങ്ങട്ടെ!' ഇങ്ങനെ പ്രാർത്ഥിക്കുക.

ത്."ഫോൺ താഴെ വച്ചപ്പോൾ മുതൽ ഞാൻ വല്ലാതെ അസ്വസ്ഥനായി. വായിച്ചു മറുപടി കൊടുത്തുകൊണ്ടിരുന്ന കത്തുകളിലേക്കുമടങ്ങിപ്പോയി- എത്ര വായിച്ചിട്ടും ഒന്നും മനസ്സിലാകുന്നില്ല. എവിടെയോ എന്തോ കുഴപ്പം! പരിശുദ്ധാത്മാവിന്റെ സ്വരം ഞാൻ തിരിച്ചറിഞ്ഞു; ആ സംഭാഷണം തുടങ്ങുന്നതിനുമുമ്പായിത്തന്നെ ഞാൻ സ്വയം ദൈവകരങ്ങളിൽ സമർപ്പക്കേണ്ടിയിരുന്നു.എങ്കിൽ പരിശുദ്ധാത്മാവ് മറുപടി പറയുമായിരുന്നു. ഞാൻ അതു ചെയ്തില്ല.മറുപടി പറഞ്ഞത് ജഡത്തിന്റെ പ്രവൃത്തിയായിപ്പോയി.

ശ്രദ്ധിക്കുക! ക്രിസ്തീയ ജീവിതത്തിൽ ദേഹി അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവും വലിയ അപകടം ഇവിടെയാണ്. രണ്ടു രീതിയിൽ നമുക്ക് പ്രതികരിക്കാം. മനസ്സിൽ തോന്നുന്നതു പറയാം. തോന്നുന്നതുപോലെ കത്തുകൾക്കു മറുപടി നൽകാം.ജഡത്തിന്റെ ഊർജ്ജത്തിൽ ഊന്നി നിൽക്കുന്നിടത്തോളം കാലം ഈ രീതി തുടരാം. സഹോദരാ, സൂക്ഷിക്കണമേ. സുവിശേഷയോഗങ്ങളിൽ അനുഗ്രഹമില്ലാതെ പ്രസംഗിക്കുവാൻ വഴിയൊരുക്കുന്നത് ഇത്തരം കത്തുകളാണ്.നിരർത്ഥകങ്ങളായ വാക്കുകളിലൂടെ പ്രതിപാദിച്ച ആശയം എന്തായിരുന്നുവെന്ന് വ്യക്തമാക്കുവാൻ ഒരു വിശദീകരണവും വിശദീകരിച്ചതെന്താണെന്നു പറയുവാൻ പിന്നീടൊരു വിശദീകരണവും വേണ്ടിവരുന്നത് ഇത്തരം കത്തുകൾ മുഖേനയാണ്.

എന്നാൽ രണ്ടാമത്തെ രീതി നുറുക്കത്തിന്റെ മാർഗ്ഗമാണ്. 'കർത്താവേ ഞാൻ എവിടെ തെറ്റിപ്പോയി? അങ്ങയെ വേദനിപ്പിച്ചോ? പരിശുദ്ധാത്മാവിന് കീഴ്പ്പെടാതെ എന്നിൽ ആശ്രയിച്ച് എന്തു കാര്യമാണ് ഞാൻ ചെയ്തത്?കർത്താവേ,എന്റെ ജഡത്തെ ക്രൂശിക്കണമേ. അങ്ങയോടുള്ള സഖിത്വം മടക്കിത്തരണമേ. പഴയ മനുഷ്യൻ നുറുങ്ങട്ടെ!' ഇങ്ങനെ പ്രാർത്ഥിക്കുക.കത്തിനു മറുപടി എഴുതുവാൻ ചെവിയും പെൻസിലും കൂർപ്പിച്ചിരിക്കുന്ന സെക്രട്ടറി എന്താവും വിചാരിക്കുക? ദൈവദാസൻ കൃത്യമായ മറുപടി രൂപപ്പെടുത്തുകയാണ്.ശല്യപ്പെടുത്തേണ്ട. വാസ്തവത്തിൽ 'സ്വയം' തകർക്കപ്പെടുന്ന ആ നിമിഷങ്ങളിലാണ് പൂർണ്ണവിശുദ്ധനായ ദൈവവുമായി എന്റെ ബന്ധം പുന:സ്ഥാപിക്കപ്പെടുന്നത്- തെറ്റായ മറുപടികൾ അവിടുന്ന് അനുവദിക്കുകയില്ല.

മഴക്കാറൊഴിഞ്ഞ മേഘം പോലെ മനസ്സുതെളിഞ്ഞു. അവിടുത്തെ ഹിതം ആരാഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ തെറ്റിപ്പോവുകയില്ലായിരുന്നു എന്നു തിരിച്ചറിഞ്ഞു. അതോടൊപ്പം എന്റെ മേലുള്ള കുറ്റാരോപണങ്ങളിൽ എന്തെങ്കിലും കഴമ്പുണ്ടോ എന്നു സ്വയപരിശോധന നടത്താനുള്ള അവസരവും കിട്ടി. "കർത്താവേ, മനോഹരമായ കെട്ടിടങ്ങൾ, ഉയർന്ന ശമ്പളം, പെൻഷൻ എന്നിവയ്ക്കുവേണ്ടി ഞാൻ അങ്ങയെ വിറ്റുകളഞ്ഞോ?ആ സഹോദരൻ പത്രദ്വാരാ പറഞ്ഞതൊക്കെ





ശരിയാണോ? അങ്ങയെകൂടാതെ ഞാൻ തീരുമാനങ്ങൾ എടുത്തുപോയോ? വാചകക്കസർത്തല്ലാതെ വല്ലകഴമ്പും എന്നിലുണ്ടായിരുന്നുവോ?'' ഈ ചോദ്യങ്ങൾക്കെല്ലാം വ്യക്തമായും സത്യസന്ധമായും മറുപടികണ്ടെത്തിയപ്പോൾ പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ വലിയ സമാധാനം തന്നു. ഉയർത്തെഴുന്നേറ്റ കർത്താവ് സർദ്ദീസിലെ സഭയോടു പറയുന്ന കാര്യങ്ങൾ വീണ്ടും എന്റെ മനസ്സിലൂടെ കടന്നുപോയി.''ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ട് എങ്കിലും നീ മരിച്ചവനാകുന്നു." അങ്ങനെ പറയുവാൻ പ്രേരിതനാകുമ്പോൾ തന്നെ കർത്താവു ദൂതനോടു പറയുകയാണ്,"ഉണർന്നു കൊൾക, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക" ( വെളിപ്പാടു 3:2).

കർത്താവിന്റെ പ്രവർത്തന ശൈലിക്ക് ഒരു മാറ്റവുമില്ല എന്ന സത്യത്തിൽ അവിടുന്ന് എന്നെ ഉറപ്പിക്കുമ്പോഴും ഞാൻ പ്രാപിക്കുകയും കേൾക്കയും ചെയ്തത് എങ്ങനെ എന്ന് ഓർക്കുകയും അവിടുത്തെ വചനത്തിൽ വിശ്രമിച്ച് മുമ്പോട്ടു പോകുകയും ചെയ്യുന്നു.തന്നെ തന്റെ പരുക്കുകളെക്കാളേറെ വേദനിപ്പിച്ച കൂട്ടുകാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോഴാണ് ഇയ്യോബിനെ ദൈവം വിടുവിച്ചത്. ആകയാൽ എനിക്കെതിരെ വാർത്തകൾ സൃഷ്ടിച്ച ആളിനുവേണ്ടി സത്യസന്ധമായ ഒരു പ്രാർത്ഥന എന്നിൽ നിന്ന് ഉയരുവാനും ദൈവനാമമഹത്വത്തിനായി അദ്ദേഹം ചെയ്യുന്ന കാര്യങ്ങൾ അനുഗ്രഹിക്കപ്പെടുവാനും ഞാൻ ദൈവത്തോട് അപേക്ഷിച്ചു.ഒരിക്കൽ കൂടി ദൈവികസന്തോഷം എന്റെ ഹൃദയത്തിലേക്ക് ഒഴുകിത്തുടങ്ങി.

വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത അളവിലാണ് ദൈവശക്തി നമുക്ക് ആവശ്യമായി വരുന്നത്.സുപ്രസിദ്ധമായ കെസ്വിക്ക് കൺവൻഷൻ കൂടാ

സുപ്രസിദ്ധമായ കെസ്വിക്ക് കൺവൻഷൻ കൂടാരത്തിൽ ഉച്ചഭാഷണി പ്രവർത്തിപ്പിക്കുന്നവരുടെ അനുഭവം തന്നെ എടുക്കാം.നല്ല തെളിവുള്ള ദിവസം കൺവൻഷൻ കൂടാരത്തിനകത്തും അതിനു പുറത്തുള്ള പുൽത്തകിടിയിലുമായി ഇരിക്കുന്ന ആയിരക്കണക്കിനാളുകൾക്ക് കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ വളരെ കുറച്ചു വൈദ്യുതിമതി.എന്നാൽ ആ കൂടാരം മഴയിൽ കുതിർന്നിരിക്കുമ്പോൾ ആദ്യത്തേതിന്റെ മൂന്നിരട്ടി വൈദ്യുതിയാണ് ആവശ്യമായി വരുന്നത്. കഷ്ടതകൊണ്ട് നനഞ്ഞുകുതിർന്ന ദിവസങ്ങൾ ജീവിതത്തിലുണ്ടാകാം. ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കുവാൻ അമിതബലം കൂടിയേതീരൂ.

രത്തിൽ ഉച്ചഭാഷണി പ്രവർത്തിപ്പിക്കുന്നവരുടെ അനുഭവം തന്നെ എടുക്കാം.നല്ല തെളിവുള്ള ദിവസം കൺവൻഷൻ കൂടാരത്തിനകത്തും അതിനു പുറത്തുള്ള പുൽത്തകിടിയിലുമായി ഇരിക്കുന്ന ആയിരക്കണക്കിനാളുകൾക്ക് കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുവാൻ വളരെ കുറച്ചു വൈദ്യുതിമതി.എന്നാൽ ആ കൂടാരം മഴയിൽ കുതിർന്നിരിക്കുമ്പോൾ ആദ്യത്തേതിന്റെ മൂന്നിരട്ടി വൈദ്യുതിയാണ് ആവശ്യമായി വരുന്നത്. കഷ്ടതകൊണ്ട് നനഞ്ഞുകുതിർന്ന ദിവസങ്ങൾ ജീവിതത്തിലുണ്ടാകാം. ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കുവാൻ അമിതബലം കൂടിയേതീരൂ. അതിനായി ഇടതടവില്ലാതെ കർത്താവിന്റെ സന്നിധിയിൽ ചെല്ലേണ്ടിയിരിക്കുന്നു.

### ഓരോ മണിക്കൂറും ദൈവസംസർഗ്ഗത്തിൽ

ജീവിതയാത്രയിൽ അവിചാരിതമായി സുഖങ്ങളും ദുഃഖങ്ങളുമുണ്ടാകും. ജോലി നഷ്ടപ്പെട്ടുപോയവർ, ഉറ്റവർ ഉപേക്ഷിച്ചു

വചന പ്രഘോഷണത്തിനും ഒരു സ്ത്രീ പ്രസവിക്കുന്നതിനും 'ഡെലിവറി' എന്ന വാക്ക് ഇംഗ്ലീഷിൽ ആരാണ് ആദ്യമായി ഉപയോഗിച്ചതെന്നെനിക്കറിയില്ല. എന്നാൽ പ്രബോധനത്തിനുള്ള ആത്മാവാണ് ആ ആശയം അദ്ദേഹത്തിനു കൊടുത്തതെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ ഒരു സ്ത്രീ പ്രസവസമയത്തനുഭവിക്കുന്നതുപോലെ കഠിനായ തളർച്ച അനുഭവപ്പെട്ട് ശക്തി ക്ഷയിച്ച് പല പള്ളിമുറികളുടെയും ഭിത്തിയിൽ ചാരി ഞാൻ നിന്നിട്ടുണ്ട്.

പോയവൻ എന്നിങ്ങനെ നാനാതരത്തിൽ വിഷമിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കേണ്ടത് ദൈവത്തിന്റെ മനസ്സലിവിലായിരിക്കണം.ഒരു പാപി യേശുവിനെ രക്ഷകനായി സ്വീകരിക്കുവാൻ എന്റെ മേശയ്ക്കരികിൽ മുട്ടുകുത്തുമ്പോഴും വചനത്തിനായി ദാഹിച്ച് മണിക്കൂറുകൾ ധ്യാനനിരതനായിരിക്കുമ്പോൾ പൊടുന്നനെ വചനം പ്രകാശിക്കപ്പെടുമ്പോഴും എല്ലാം ആ സ്വർഗ്ഗീയ സന്തോഷം അനുഭവവേദ്യമാകും.

കൊഴിഞ്ഞുവീഴുന്ന ഓരോ ദിവസത്തിലെയും സകല കാര്യങ്ങളിലും അവിടുത്തെ സാന്നിധ്യം ഉണ്ട്. അതിസൂക്ഷ്മ പരിശോധനയ്ക്കായി കർത്താവിന്റെ കൺമുമ്പിൽ എന്റെ ചെക്ക് ബുക്ക് വയ്ക്കേണ്ട സന്ദർഭങ്ങളുമുണ്ടാകും. "പത്തിൽ ഒന്ന് അങ്ങേയ്ക്കുള്ളതാണ്; കർത്താവേ, പത്തിൽ പത്തും അങ്ങയുടേതു തന്നെ!" പലചരക്കുവാങ്ങുമ്പോഴും മിഷനറി പ്രവർത്തനങ്ങളിൽ പങ്കാളിയാകുമ്പോഴും പരിശുദ്ധാത്മാവന്റെ വ്യക്തമായ പങ്കാളിത്തം വേണമെങ്കിൽ ഈ തിരിച്ചറിവിൽ അധിഷ്ഠിതമായ ബന്ധം സ്ഥാപിക്കപ്പെടേണ്ടയിരിക്കുന്നു. അപ്പോൾ വ്യത്യസ്തമേഖലകളിൽ ഉചിതമായ സന്തുലിതാവസ്ഥ നിലനിർത്തുന്ന കാര്യം അവിടുന്നുതന്നെ ഏറ്റെടുത്തുകൊള്ളും. ദൈവവേലയും ഭൗതിക ആവശ്യങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥ, വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഞാൻ ചെലവിടേണ്ട തുകയും ബില്ലുകൾ അടച്ചു തീർക്കേണ്ടിന് മാസത്തിന്റെ ആദ്യം എന്റെ അക്കൗണ്ടിൽ കാണേണ്ട തുകയും തമ്മിലുള്ള സന്തുലിതാവസ്ഥ – ഇതെല്ലാം ഇതിൽ ഉൾപ്പെടും.

കുട്ടികൾ സ്കൂളിൽ നിന്ന് മടങ്ങി വന്നു. മനസ്സിൽ തോന്നുന്ന സകലകാര്യങ്ങളും കൊഞ്ചിക്കൊഞ്ചി പറയുവാൻ അപ്പന്റെ മടി തന്നെ വേണമെന്നുള്ളത് അവരുടെ അവകാശമാണ്. ഞങ്ങളുടെ വീടിന്റെ ഒത്തനടുക്കായി പഠനമുറി ക്രമീകരിച്ചിരിക്കുന്നതിനാൽ എല്ലാവരും എന്നും അവിടെ ഒത്തുകൂടും.അവരുടെ ചോദ്യങ്ങൾക്ക് വ്യക്തമായും സത്യമായും മറുപടി കൊടുക്കണം, വെറുതെ അതുമിതും പറഞ്ഞുകൊണ്ടിരിക്കണം –- ഇതൊക്കെ എന്റെ ഉത്തരവാദിത്തമാണ്. അപ്പന് വളരെ തിരക്കുള്ളതിനാൽ കുഞ്ഞുങ്ങളുടെ കൂടെ സമയം ചെലവിടാൻ പറ്റില്ല എന്ന് അപൂർവ്വമായി മാത്രമേ എനിക്കു പറയേണ്ടി വന്നിട്ടുള്ളൂ. കുഞ്ഞുങ്ങളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും സാധ്യമാക്കുവാൻ തക്കവണ്ണം കുടുംബ ബന്ധങ്ങളിൽ പരിശുദ്ധാത്മാവ് എന്നെ സഹായിക്കുന്നു.അപ്പോഴും രാത്രി യോഗങ്ങളിൽ സംബന്ധിക്കണമെന്നും അവിടെ വചനം പഠിപ്പിക്കണമെന്നുള്ള ആവശ്യം എന്റെ മുമ്പിൽ അവശേഷിക്കുന്നു.

ഇത്തരം സന്ദർഭങ്ങളിൽ കർത്താവുമായുള്ള ബന്ധത്തോടൊപ്പം പരിശുദ്ധാത്മാവിനു കീഴടങ്ങിയിരിക്കേണ്ടതും വളരെ ആവശ്യമാണ്.പ്രസംഗത്തിന്റെ ഓരോ ഭാഗവും തയ്യാറാക്കുന്നത് പ്രാർത്ഥന





കൊണ്ട് നനച്ചാണെങ്കിൽത്തന്നെയും പ്രസംഗിക്കുവാൻ പ്രത്യേക അഭിഷേകം വേണം.എത്ര അശ്രദ്ധമായിട്ടാണ് നാം ഈ വക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്?കർത്താവിൽ നിന്ന് യാതൊരു ശക്തിയും പ്രാപിക്കാതിരുന്നിട്ടും എത്ര ധൈര്യപൂർവ്വമാണ് നാം വചനം പ്രസംഗിക്കുന്നത്? വാക്കുകളുടെമേലുള്ള നിയന്ത്രണം കർത്താവിനു വിട്ടുകൊടുക്കാതെയല്ലേ നാം മറ്റുള്ളവരോടു സംസാരിക്കുന്നത്? "എന്നെക്കൂടാതെ നിങ്ങൾക്ക് – 'യാതൊന്നും' – ചെയ്യാൻ കഴിയില്ല" എന്നു തന്നെയാണ് കർത്താവ് പറഞ്ഞിരിക്കുന്നത്.

വചന പ്രഘോഷണത്തിനും ഒരു സ്ത്രീ പ്രസവിക്കുന്നതിനും 'ഡെലിവറി' എന്ന വാക്ക് ഇംഗ്ലീഷിൽ ആരാണ് ആദ്യമായി ഉപയോഗിച്ചതെന്നെനിക്കറിയില്ല. എന്നാൽ പ്രബോധനത്തിനുള്ള ആത്മാവാണ് ആ ആശയം അദ്ദേഹത്തിനു കൊടുത്തതെന്നു ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ ഒരു സ്ത്രീ പ്രസവസമയത്തനുഭവിക്കുന്നതുപോലെ കഠിനായ തളർച്ച അനുഭവപ്പെട്ട് ശക്തി ക്ഷയിച്ച് പല പള്ളിമുറികളുടെയും ഭിത്തിയിൽ ചാരി ഞാൻ നിന്നിട്ടുണ്ട്.

പൗലോസ് അപ്പോസ്തലന് ഇതറിയാമായിരുന്നു. "ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിന് എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രെ ആയിരുന്നത്"(2 കൊരിന്ത്യർ 2:3-5). എത്ര ആവേശകരമായ അവസ്ഥ!

കർത്താവുമായി നിരന്തരസമ്പർക്കം നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രസംഗസമയത്താകട്ടെ മറ്റു മീറ്റിംഗുകളിലാകട്ടെ എന്തെല്ലാം പ്രശ്നങ്ങളുണ്ടായാലും

കർത്താവുമായി നിരന്തരസമ്പർക്കം നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രസംഗ സമയത്താകട്ടെ മറ്റു മീറ്റിംഗുകളിലാകട്ടെ എന്തെല്ലാം പ്രശ്നങ്ങളുണ്ടാ യാലുംകർത്താവിനെ ഏല്പിച്ചാൽ മതി. അവിടുന്ന് അവയോരോന്നും വേണ്ടതു പോലെ കൈകാര്യം ചെയ്തുകൊള്ളും.കർത്താവിനെ യഥാർത്ഥമായി കണ്ടുമുട്ടുമ്പോൾ മാത്രമേ ഇങ്ങനെയൊരു ബന്ധം ഉണ്ടാവുകയുള്ളൂ.

കർത്താവിനെ ഏല്പിച്ചാൽ മതി. അവിടുന്ന് അവയോരോന്നും വേണ്ടതുപോലെ കൈകാര്യം ചെയ്തുകൊള്ളും.കർത്താവിനെ യഥാർത്ഥമായി കണ്ടുമുട്ടുമ്പോൾ മാത്രമേ ഇങ്ങനെയൊരു ബന്ധം ഉണ്ടാവുകയുള്ളൂ. ഉദാഹരണസഹിതം വിവരിക്കാം. പല കുടുംബങ്ങൾക്കും അവരുടേതായ കോഡുഭാഷകളുണ്ട്. പ്രത്യേകമായചില വിഷയങ്ങളും അനുഭവങ്ങളും കൈകാര്യം ചെയ്യുമ്പോൾ വീട്ടുകാർ പരസ്പരം ആശയ വിനിമയത്തിന് ഉപയോഗിക്കുന്ന ഈ ഭാഷകൾ മറ്റാർക്കും മനസ്സിലാവുകയില്ല. ഒരു പൊതു സ്ഥലത്തുവച്ചാണെങ്കിൽ പോലും ചില കാര്യങ്ങൾ കേൾക്കുമ്പോൾ ഒരു നോട്ടംകൊണ്ടോ, സ്പർശം കൊണ്ടോ, പുഞ്ചിരികൊണ്ടോ ഒക്കെ നമ്മുടെ പ്രിയപ്പെട്ടവരോട് ആശയവിനിമയം നടത്താൻ നമുക്ക് പറ്റുമല്ലോ. 'കാര്യം പിടികിട്ടിയോ' എന്ന നോട്ടത്തിന് 'പിടികിട്ടി' എന്നൊരു മറുനോട്ടം!

എന്റെ അനുഭവത്തിൽ നിന്ന് ഇതിനൊരു ഉദാഹരണം: വിവാഹത്തിന്റെ ആദ്യ നാളുകളിൽ ഞാനും ഭാര്യയും തെക്കൻ ഫ്രാൻസിലായിരുന്നു താമസിച്ചി

**അടുത്ത ദിവസം എങ്ങനെയുള്ളതായിരിക്കും എന്നെനിക്കറിയില്ല. അനുഗ്രഹപൂർണ്ണവും സ്വസ്ഥവും ആയ ഒരു ദിവസമാകാം, അല്ലെങ്കിൽ രോഗങ്ങളും ബുദ്ധിമുട്ടുകളും കൊണ്ട് സംഭവബഹുലമായ ഒന്നാകാം, എന്തുമായിക്കൊള്ളട്ടെ, ഞാൻ ഉണരുന്നത് അവനോടൊപ്പം ആയിരിക്കും.സകലവും എന്റെ നന്മയ്ക്കായി കൂടി വ്യാപരിക്കും എന്നുള്ള വ്യക്തമായ തിരിച്ചറിവിൽ, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടപ്രകാരമല്ലാതെ യാതൊന്നും എന്നെ തൊടുകയില്ലെന്നുള്ള പൂർണ്ണമായ ഉറപ്പിൽ, ഞാൻ അവന്റെ വാഗ്ദാനങ്ങളിൽ തലവച്ച് കിടന്നുറങ്ങും.**

രുന്നത്. അവിടെ ഗ്രെനോബിൾ യൂണിവേഴ്സിറ്റിയിലായിരുന്നു എന്റെ പഠനം. ആ കാലയളവിൽ ഗ്രീസ് എന്ന രാജ്യം സന്ദർശിക്കുവാനും കുറെ മാസങ്ങൾ അവിടെ ചെലവഴിക്കുവാനും ഞങ്ങൾക്ക് സാധിച്ചു.പുരാവസ്തു ഗവേഷണവുമായി ബന്ധപ്പെട്ടുള്ള എന്റെ ജോലികാര്യങ്ങൾക്കായി പല സ്ഥലങ്ങളിലും ഞങ്ങൾ പോകുമായിരുന്നു. ഒരിക്കൽ 'കൊരിന്തി'ൽ നിന്നു ഞങ്ങൾ യാത്ര തിരിച്ചത് 'അഗമെയ്നൻ' എന്നൊരു പഴയ പട്ടണത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ തേടിയായിരുന്നു. റയിൽവേ സ്റ്റേഷനിൽ നിന്നു മൂന്നുകിലോമീറ്റർ അകലെയുള്ള ഒരു ചെറുകുന്നായിരുന്നു ഈ പട്ടണം. കുന്നിൻ ചരുവിൽ തണലത്ത് ഭാര്യയേയും ഒരു വയസ്സുള്ള മൂത്തകുഞ്ഞിനെയും ഇരുത്തിയിട്ട് ഞാൻ ഗവേഷണം തുടങ്ങി. നടന്നു നടന്ന് കുന്നിന്റെ മറുവശത്തെത്തിയപ്പോൾ അതീവഭംഗിയും സുഗന്ധവും പരത്തി സൈക്ലാമൻ ചെടികൾ പൂത്തുനില്കുന്നു! അത്ര മനോഹരമായി ആ പൂക്കൾ ആദ്യമായാണ് ഞാൻ കാണുന്നത്. ഒരു കുലപ്പൂവ് പറിച്ചെടുത്ത് ഞാൻ ഭാര്യക്കു സമ്മാനിച്ചു. അതിനുശേഷം ഞങ്ങളുടെ വീട്ടിൽ മിക്കവാറും ആ ചെടികൾ വളർത്തുമായിരുന്നു. എങ്കിലും പണ്ട് കുന്നിൻചരുവിൽ കണ്ട പൂങ്കുലയുടെ സൗന്ദര്യത്തെപ്പറ്റി ഞങ്ങൾ പലപ്പോഴും സംസാരിക്കാറുണ്ടായിരുന്നു; മാത്രമല്ല അനേകവർഷങ്ങൾ കഴിഞ്ഞിട്ടും സൈക്ലാമൻ പൂവുകാണുമ്പോളൊക്കെ പരസ്പരം ഒരു നോട്ടത്തിലൂടെ ഞങ്ങളുടെ അന്നത്തെ ജീവിതത്തെപ്പറ്റി ഓർമിക്കുമായിരുന്നു. കുറച്ചുനാളുകൾക്ക്മുമ്പ് ഫിലദൽഫിയായിലൂടെ ഞങ്ങളുടെ ഒരു സുഹൃത്തിന്റെ ഇരുവശങ്ങളിലുമായി ഞങ്ങൾ നടന്നു പോവുകയായിരുന്നു. ഗ്രീസ്, സൈക്ലാമൻ പൂക്കൾ എന്നിവയൊന്നും ഞങ്ങളുടെ ചിന്തയിൽപോലും ഇല്ല.ഒരു ക്രിസ്തുമസ് അവധിക്കാലം. പെട്ടെന്നാണ് അടുത്തുള്ള പൂക്കടയിൽ ഞങ്ങൾക്കു പ്രിയപ്പെട്ട ഒരു പൂക്കുല സൈക്ലാമൻ ഇരിക്കുന്നത് ഞങ്ങൾ രണ്ടുപേരും ഒരേ സമയത്തു കണ്ടതും 'ഹായ്' എന്നു പറഞ്ഞതും. നെരിപ്പോടിനടുത്ത് കസേരകൾ കുറച്ചുകൂടി അടുപ്പിച്ചിട്ടിരുന്ന് ഗതകാലസ്മരണകൾ അയവിറക്കുന്ന സംതൃപ്തിയായിരുന്നു ഞങ്ങൾ അപ്പോൾ അനുഭവിച്ചത്. ഒരു സെക്കൻഡിനുള്ളിൽ ഒരു വാക്കിൽ എല്ലാം പറഞ്ഞുകഴിഞ്ഞു.

ഇതുപോലെയുള്ള ആയിരക്കണക്കിന് ഓർമ്മകളും അനുഭവങ്ങളും ചേർന്നതാണ് ജീവിതം. ദൈവാത്മാവിനു നമ്മെ ഓർമ്മപ്പെടുത്തുവാൻ തക്കവണ്ണം ഇത്തരം അനുഭവങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തിലും ഉണ്ടായിരിക്കണം. ഒരു നിമിഷ നേരത്തേയ്ക്കെങ്കിലും ദൈവമുഖത്തേയ്ക്കു നോക്കേണ്ട അനേക സന്ദർഭങ്ങൾഅവിചാരിതമായി നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ലേ? ഒരു പ്രസംഗമദ്ധ്യേ ആകാം, അല്ലെങ്കിൽ പണ്ടെങ്ങോ പൂർണ്ണജയം നേടിയ ചില യുദ്ധങ്ങളുടെ ഓർമ്മകൾ പിശാചുകൊണ്ടുവരുമ്പോഴാകാം. നിങ്ങളുടെ പ്രസംഗത്തിൽ ആകൃഷ്ടരായ അനേകർ കേട്ടതെല്ലാം പ്രാവർത്തികമാക്കി എന്നു കരു

*(ശേഷം പേജ് 36 ൽ)*





## അനുഭവങ്ങളിൽചാലിച്ച കീർത്തനങ്ങൾ

# t]Àhnfn-ipw t\cw ImWpw

സുരേഷ്, ബാംഗ്ലൂർ

<u>വെളി: 20:12</u> മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു. പുസ്തകങ്ങൾ തറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു.

<u>ലൂക്കോ: 10:20</u> നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രെ സന്തോഷിക്കുവിൻ.

<u>2 പത്രൊ: 1:10</u> അതുകൊണ്ടു സഹോദരന്മാരെ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിക്കുവിൻ.

<u>യെശയ്യാ: 6:8</u> അനന്തരം "ഞാൻ ആരെ അയക്കേണ്ടൂ ആരു നമുക്കുവേണ്ടി പോകും?" എന്നിങ്ങനെ കർത്താവിന്റെ ശബ്ദം ഞാൻ കേട്ടിട്ട് "അടിയൻ ഇതാ, അടിയനെ അയക്കണമേ" എന്നു ഞാൻ പറഞ്ഞു.

ദൈവം തന്റെ കാരുണ്യത്തിലുള്ള തിരഞ്ഞെടുപ്പിലൂടെ ക്രിസ്തുവിശ്വാസികളുടെ പേര് സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നു എന്ന മഹത്വകരമായ വാഗ്ദാനത്തിന്റെ ഉറപ്പാണ് മുകളിൽ കാണിച്ചിരിക്കുന്ന വാക്യങ്ങൾ. അതിനപ്പുറം അത്തരമൊരു വാഗ്ദാനത്തോടുള്ള നമ്മുടെ ഈ ഭൂമിയിലെ ജീവിതത്തിലുള്ള പ്രതികരണമെന്തായിരിക്കണമെന്നും അതിലൊരു സൂചനയുണ്ട്.

'പേർ വിളിക്കുംനേരം കാണും" എന്ന ഈ പാട്ടിന്റെ പ്രമേയം മേൽപ്പറഞ്ഞ വാഗ്ദാനമാണ്. 1893-ൽ ജെയിംസ് മിൽട്ടൺ ബ്ലാക്ക് ഇതെഴുതാൻ കാരണമായ കഥയിൽ ഇതിലെ വരികളിൽ കാണുന്ന സത്യത്തിന്റെ സന്തുലനം നമുക്കു കാണാം.


ജെയിംസ് ബ്ലാക്ക്

1856 ഓഗസ്റ്റ് മാസം 19 നാണ് ജെയിംസിന്റെ ജനനം. വളർന്നത് ന്യൂയോർക്കിൽ. 1882-ൽ പെൻസിൽവേനിയയിലെ വില്യംസ് പോർട്ടിലേക്കു പോകയും അവിടുത്ത പൈൻ സ്ട്രീറ്റ് മെത്തഡിസ്റ്റ് സഭയിലെ ആരാധനയിൽ സജീവ പങ്കാളിയും പ്രസിദ്ധനായ സുവിശേഷകനുമായി. കൂടാതെ പാട്ടുകൾക്ക് ഈണം പകരുന്ന മികച്ച സംഗീതജ്ഞനായി.മെതോഡിസ്റ്റ് സഭാനേതാക്കളുടെ നിർദ്ദേശമനുസരിച്ച് നിരവധി പാട്ടുകൾക്ക് ഈണം പകരുകയും പല പഴയ പാട്ടുകളും നവീകരിക്കുകയും ചെയ്തു. പ്രവൃത്തിദിനങ്ങളിൽ സംഗീതം പഠിപ്പിച്ചിരുന്നു. ഗായസംഘത്തിന്റെ

> ബെസ്സി എന്തുകൊണ്ടോ അന്നു വന്നിരുന്നില്ല. പെട്ടെന്ന് വിചിത്രമായ ഒരു ചിന്ത അദ്ദേഹത്തിലേക്കു കടന്നു വന്നു 'ഒരു പക്ഷേ ഇനിയൊരിക്കലും അവൾ പ്രതികരിക്കാതിരുന്നാലോ?' പെട്ടെന്ന് ഈ തോന്നലിൽ നിന്നൊരു ചിന്ത അദ്ദേഹത്തിൽ ഉണർന്നു. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ നിന്ന് എന്റെ പേരു വിളിക്കുമ്പോൾ എന്റെ അസാന്നിദ്ധ്യം എത്ര വലിയ ദുഃഖവും നിരാശയുമായിരിക്കും ഉളവാക്കുക.

നേതൃത്വസ്ഥാനത്ത് പ്രവർത്തിച്ചു.യുവാക്കൾക്കുവേണ്ടിയുള്ള പ്രത്യേക യോഗങ്ങളിൽ നേതൃത്വം വഹിക്കയും സന്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.സൺഡേസ്കൂൾ അദ്ധ്യാപകനുമായിരുന്നു.യുവജനങ്ങളെ ക്രിസ്തുവിലേക്കു നയിക്കുവാൻ നിരന്തരം ശ്രമിച്ചുപോന്നു.

ഒരിക്കൽ വില്യംസ് പോർട്ടിലുള്ള ഒരു ഇടവഴിയിലൂടെ നടന്നു പോകുമ്പോൾ ജീർണ്ണിച്ചു തുടങ്ങിയ ഒരു പഴയ വീടിന്റെ കോലായിലിരിക്കുന്ന ഒരു പെൺകുട്ടിയെ കണ്ടു. അവളുടെ പിഞ്ചിത്തുടങ്ങിയ വസ്ത്രങ്ങളും പൊളിഞ്ഞ പാദുകവും കണ്ടപ്പോൾത്തന്നെ അവൾ നിർദ്ധനകുടുംബത്തിലേതാണെന്നു ഗ്രഹിച്ചു. അവളുടെ പേര് ബെസ്സി എന്നാണെന്നും പിതാവ് മദ്യപനായതിനാൽ തുന്നലും അലക്കും ഒക്കെ ചെയ്തു വീടുപുലർത്താൻ നിർബ്ബന്ധിതയായ അമ്മയുണ്ടെന്നും അദ്ദേഹം ഗ്രഹിച്ചു. "ബെസ്സീ, അടുത്ത ഞായറാഴ്ച സൺഡേസ്കൂളിലേക്കു വരുമോ?" അവളുടെ പേരെടുത്തു വിളിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു. "തീർച്ചയായും ആഗ്രഹമുണ്ട്. പക്ഷേ പള്ളിയിലേക്കു വരുവാൻ തക്ക വസ്ത്രങ്ങളൊന്നും എനിക്കില്ല." അവൾ പറഞ്ഞു. അടുത്ത ദിവസം അവൾക്ക് പുതിയ ജോഡി വസ്ത്രങ്ങളും ഷൂസും തൊപ്പിയും ഒക്കെ വാങ്ങി അദ്ദേഹം അവളുടെ വീട്ടിലെത്തിച്ചിട്ട് അദ്ദേഹം ചോദിച്ചു: "ഇപ്പോൾ സൺഡേസ്കൂളിലേക്കു വരാൻ താത്പര്യമാണോ?" "അതെ" എന്നായിരുന്നു മറുപടി. അവൾ എല്ലാ ആഴ്ചയും ക്രമമായി വരികയും വിശ്വസ്തയായ ഒരു വിദ്യാർത്ഥിനിയായി വളരുകയും ചെയ്തു. വർഷങ്ങളോളം ദാരിദ്ര്യവും ദുരിതവും മാത്രമനുഭവിച്ചിരുന്ന ബെസ്സി സഭയിലെ കൂട്ടായ്മയിൽ ഒരു പുതിയ ജീവനും സന്തോഷവും കണ്ടെത്തുകയായിരുന്നു. അവളുടെ ജീവിതത്തിലെ ഏറ്റവും ധന്യമായ കാലഘട്ടമായിരുന്നു അത്. ഒരു ദിവസം പോലും മുടങ്ങാതെ യോഗങ്ങളിൽ പങ്കെടുക്കാൻ അവൾ ഉത്സാഹിച്ചിരുന്നു.

ഓരോ ആഴ്ചയിലും സൺഡേസ്കൂളിൽ ഹാജർ വിളിക്കുന്ന പതിവുണ്ടായിരുന്നു. ആ സമയത്ത് ഓരോ കുട്ടിയും ഒരു വേദവാക്യം എഴുന്നേറ്റുനിന്നു പറഞ്ഞുകൊണ്ട് പ്രതികരിക്കുകയായിരുന്നു പതിവ്. ഒരു ഞായറാഴ്ച ജെയിംസ് പേരു വിളിച്ചപ്പോൾ ബെസ്സിയുടെ പ്രതികരണമുണ്ടായില്ല. ഒരുപക്ഷേ വിളിച്ചതു കേട്ടു കാണുകയില്ലെന്നു കരുതി ജെയിംസ് വീണ്ടും വിളിച്ചു. അപ്പോഴും പ്രതികരണമുണ്ടായില്ല. അദ്ദേഹം മൂന്നാം പ്രാവശ്യവും ഉച്ചത്തിൽ വിളിച്ചു. ആരിൽ നിന്നും ഒരനക്കവും ഉണ്ടായില്ല. പ്രതികരണമില്ലായ്മയിൽ ജെയിംസ് നിരാശനായി.

ബെസ്സി എന്തുകൊണ്ടോ അന്നു വന്നിരുന്നില്ല. പെട്ടെന്ന് വിചിത്രമായ ഒരു ചിന്ത അദ്ദേഹത്തിലേക്കു കടന്നു വന്നു "ഒരു പക്ഷേ ഇനിയൊരിക്കലും അവൾ പ്രതികരിക്കാതിരുന്നാലോ?" പെട്ടെന്ന് ഈ





തോന്നലിൽ നിന്നൊരു ചിന്ത അദ്ദേഹത്തിൽ ഉണർന്നു. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ നിന്ന് എന്റെ പേരു വിളിക്കുമ്പോൾ എന്റെ അസാന്നിദ്ധ്യം എത്ര വലിയ ദുഃഖവും നിരാശയുമായിരിക്കും ഉളവാക്കുക. പെട്ടെന്ന് അദ്ദേഹം ഇങ്ങനെ പറഞ്ഞുപോയി "ഓ! ദൈവമേ, അന്നാളിൽ അങ്ങ് എന്റെ പേരു വിളിക്കുമ്പോൾ പ്രതികരിക്കുവാൻ തക്കവണ്ണം ഞാൻ അവിടെ കാണുമാറാകണമേ." ദൈവശാസ്ത്രപരമായോ യുക്തിപരമായോ നോക്കുമ്പോൾ ഈ വാക്കുകളിൽ ചോദ്യം ചെയ്യപ്പെടേണ്ട വസ്തുതകളുണ്ടാകാം. എന്നാൽ ആ സമയത്ത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നുയർന്ന ഒരു നിലവിളിയായിരുന്നു ഇത്. ആ സന്ദർഭത്തിനനുയോജ്യമായ ഒരു പാട്ടുകൊണ്ട് പ്രതികരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ പാട്ടുപുസ്തകത്തിൽ അതിനുചേർന്ന ഒരു പാട്ടുണ്ടായിരുന്നില്ല.

അനുയോജ്യമായ പാട്ടില്ലാതിരുന്നതിൽ അദ്ദേഹത്തിനു നിരാശ തോന്നി. സഭായോഗത്തിനും സൺഡേക്ലാസിനും ശേഷം വീട്ടിലേക്കു പോകും വഴി അദ്ദേഹം ബെസ്സിയുടെ വീട്ടിൽ കയറി-അവൾ വരാത്തതിന്റെ കാരണം അന്വേഷിക്കാൻ. അവൾ രോഗബാധിതയായി അവശയായി കിടക്കുന്നതാണു കണ്ടത്. അദ്ദേഹം തന്റെ ഡോക്ടറെ വരുത്തി. അവൾക്ക് അപകടകരമായ ന്യുമോണിയ എന്ന രോഗമാണെന്നു കണ്ടെത്തി. ആന്റിബയോട്ടിക്കുകൾ കണ്ടുപിടിച്ചിട്ടില്ലാത്ത കാലമായിരുന്നതിനാൽ ഇത്തരം രോഗങ്ങൾ അന്നു മരണകാരണമായിരുന്നു. തിരികെ വീട്ടിലേക്കു പോകുമ്പോഴും ഇത്തരം സന്ദർഭങ്ങളിൽ പാടാൻ പറ്റിയ പാട്ടിനെക്കുറിച്ചായിരുന്നു തന്റെ ചിന്ത. പെട്ടെന്ന് ഉള്ളിൽനിന്ന് ഒരു ശബ്ദമുയർന്നു: "എന്തുകൊണ്ട് നിനക്ക് ഒന്നെഴുതിക്കൂടാ?". എന്നാൽ അദ്ദേഹം പെട്ടെന്നു തന്നെ ആ ചിന്തയെ തടഞ്ഞു: "ഇല്ല, എനിക്കതു കഴിയില്ല." എന്നാൽ വീട്ടിലേക്കുള്ള ഗേറ്റ് തുറന്ന് ഉള്ളിലേക്കു കടക്കുമ്പോൾ വീണ്ടും ആ ചിന്ത ഹൃദയത്തിൽ നിറയുകയും അതു കണ്ണുകളെ ഈറനണിയിക്കയും ചെയ്തു. അതുകണ്ട അദ്ദേഹത്തിന്റെ ഭാര്യ തന്റെ ഭർത്താവിന് എന്തോ മനോവ്യഥയുണ്ടെന്നു ഗ്രഹിച്ച് കാരണം തിരക്കി. എങ്കിലും അദ്ദേഹം ഒന്നും പറഞ്ഞില്ല. വീട്ടിനുള്ളിലേക്കു കടക്കുമ്പോൾ ഒരു പാട്ടിന്റെ ആദ്യത്തെ പാദം മുഴുവനായും പെട്ടെന്നു മനസ്സിലേക്കു വന്നു:

> ചില ദിവസങ്ങൾക്കുശേഷം ബെസ്സിയുടെ ശവസംസ്കാര വേളയിൽ ഈ പാട്ട് രചിക്കുവാൻ മുഖാന്തരമായ കാര്യങ്ങളെക്കുറിച്ച് പരസ്യമായി പറയുവാൻ അദ്ദേഹത്തിനവസരം കിട്ടി. പേർ വിളിച്ചപ്പോൾ മറുപടി പറയാൻ എത്താതിരുന്ന ആ പെൺകുട്ടി എങ്ങനെ ഈ വരികൾക്കു പ്രചോദനമായെന്നും എന്നാൽ അക്കരെ നാട്ടിൽ ആ ശോഭിതനാളിലെ പേർവിളിയിൽ തീർച്ചയായും ബെസ്സി അവിടെ ഉണ്ടാകുമെന്നും തന്റെ പ്രത്യാശ അദ്ദേഹം പറയുകയുണ്ടായി.

When the trumpet of the Lord shall sound, and the time shall be no more,
And the morning breaks, eternal, bright and fair;
When the saved of earth shall gather over on the other shore,
And the roll is called up yonder, I'll be there

പതിനഞ്ചു മിനിട്ടു കഴിഞ്ഞപ്പോഴേക്കും അടുത്ത രണ്ടു പാദങ്ങളും കൂടി തയ്യാറായി.

On that bright and cloudless morning when the dead in christ shall rise,
And the glory of his resurrection share;
When his chosen ones shall gather to their home beyond the skies,
And the roll is called up yonder I'll be there.

Let us labor for the Master from the dawn till setting sun,
Let us talk of all his wonderous love and care;
Then when all of life is over, and our work on earth is done,
And the roll is called upyonder I'll be there.

അപ്പോൾത്തന്നെ പിയാനോയുടെ സമീപം ചെന്ന് ഇന്നു നാം പാടുന്ന അതേ വരികൾ അതേ ഈണത്തിൽ അതേ പല്ലവി രാഗത്തോടെ തന്നെ അദ്ദേഹം വായിച്ചു. അദ്ദേഹം പറഞ്ഞത് വരികളും അതിന്റെ ഈണവും ഒരുപോലെ അനായാസമായി അനർഗ്ഗളമായി ഒഴുകിയെത്തിയെന്നാണ്.ഒരു വാക്കോ നാദമോ പിന്നീട് തിരുത്തുവാൻ തനിക്കു ധൈര്യമുണ്ടായില്ല. ആ രാത്രിക്കുശേഷം ആ പാട്ടിൽ ഒരിക്കലും മാറ്റവും വരുത്തിയിട്ടില്ല.

പ്രചുര പ്രചാരം നേടിയ മലയാള പരിഭാഷ ഇങ്ങനെ:

കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാതശ്ശോഭിതത്തിൻ നാൾ
പാർത്തലെ രക്ഷപെട്ടോരക്കരെക്കൂടി ആകാശെ
പേർ വിളിക്കും നേരം കാണുമെൻ പേരും
ക്രിസ്തനിൽ നിദ്രകൊണ്ടോരീ ശോഭിത പ്രഭാതത്തിൽ
ക്രിസ്തൻശോഭ ധരിപ്പാനുയിർത്തു തൻ
ഭക്തർഭവനേ ആകാശമപ്പുറം കൂടീടുമ്പോൾ
പേർ വിളിക്കും നേരം കാണുമെൻ പേരും
കർത്തൻ പേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൻ
പാർത്തലയത്തിലെന്റെ വേല തീർത്തു ജ്ജീവിതാന്ത്യത്തിൽ
പേർ വിളിക്കും നേരം കാണുമെൻ പേരും
പല്ലവി: പേർ വിളിക്കും നേരം കാണുമെൻ പേരും (3 പ്രാവശ്യം)
എൻ പേരും.

ചില ദിവസങ്ങൾക്കുശേഷം ബെസ്സിയുടെ ശവസംസ്കാര വേളയിൽ ഈ പാട്ട് രചിക്കുവാൻ മുഖാന്തരമായ കാര്യങ്ങളെക്കുറിച്ച് പരസ്യമായി പറയുവാൻ അദ്ദേഹത്തിനവസരം കിട്ടി. പേർ വിളിച്ചപ്പോൾ മറുപടി പറയാൻ എത്താതിരുന്ന ആ പെൺകുട്ടി എങ്ങനെ ഈ വരികൾക്കു പ്രചോദനമായെന്നും എന്നാൽ അക്കരെ നാട്ടിൽ ആ ശോഭിതനാളിലെ പേർവിളിയിൽ തീർച്ചയായും ബെസ്സി അവിടെ ഉണ്ടാകുമെന്നും തന്റെ പ്രത്യാശ അദ്ദേഹം പറയുകയുണ്ടായി.

ജെയിംസ് ബ്ലാക്കിലൂടെ ദൈവശബ്ദം കേട്ടപ്പോൾ ആ സ്നേഹത്തോടു ബെസ്സി പ്രതികരിച്ചതുപോലെ ഒരു പാട്ടെഴുതുവാനുള്ള ദൈവ ശബ്ദത്തോടു ബ്ലാക്കും പ്രതികരിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. അപ്രകാരം നാമും ദൈവശബ്ദത്തോടു പ്രതികരിക്കുമെങ്കിൽ അതു ദൈവ മഹത്വത്തിനു കാരണമായിത്തീരും. ആ വിളിയും തിരഞ്ഞെടുപ്പും നാം ഉറപ്പാക്കുന്നു എങ്കിൽ നമുക്കും ധൈര്യത്തോടെ പാടാം: പേർ വിളിക്കും നേരം കാണുമെൻ പേരും.

**മൊഴിമാറ്റം: ബോബി ചെറിയാൻ**

❖





വചനം

# തിരഞ്ഞെടുക്കപ്പെട്ടവർ, അനുഗ്രഹീതർ, ശിക്ഷണം നേടിയവർ

വാച്ച്മാൻനീ

**പ**ഴയനിയമത്തിൽ പലയിടങ്ങളിലും ദൈവം തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് “അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവം” എന്നാണ്. (പുറപ്പാട് 3:6, 15,16). യേശുവും ഇതേ പദപ്രയോഗം നടത്തിയിട്ടുണ്ട്. (മത്തായി 22:31,32). ഈ മൂന്ന് വ്യക്തികളിലാണ് യിസ്രയേലിന്റെ ചരിത്രത്തിന്റെ തുടക്കം.ദൈവം ഇവരുടെ ജീവിതത്തിൽ പരിശോധിച്ചറിഞ്ഞവയാണ് ഇന്നുള്ള സകല ദൈവജനത്തിന്റെയും ആത്മീയാനുഭവങ്ങളുടെ പടികൾ.

‘അബ്രഹാം’: പിതാവായ ദൈവത്താൽ വിളിക്കപ്പെട്ടവൻ

എല്ലാറ്റിന്റെയും ആരംഭം ദൈവത്തിലാണെന്നതാണ് ആദ്യമായി നാം മനസ്സിലാക്കേണ്ടത്.നിത്യമായി വിലമതിക്കപ്പെടുന്ന യാതൊന്നും ഉളവാക്കുവാൻ നമുക്കാവില്ല.

മനുഷ്യന്റെ വീഴ്ചമൂലം ഉണ്ടായ നഷ്ടങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അഥവാ പാപത്താൽ ഉളവായ പ്രത്യേക സാഹചര്യങ്ങളെ നേരിടുവാനുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭമിടുന്നത് അബ്രഹാമിലൂടെയാണ്. വീണ്ടെടുപ്പ് ക്രിസ്തുവിൽ പൂർത്തികരിക്കപ്പെട്ടിരിക്കുന്നു.എന്നാൽ അത് തുടങ്ങുന്നത് അബ്രഹാമിലൂടെയാണ്.

അബ്രഹാം വിളിക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തത് തനിക്ക് വേണ്ടിമാത്രമല്ല മറിച്ച് തന്റെ സന്തതി പരമ്പരകൾക്കു വേണ്ടിക്കൂടിയാണ്. ഇതിൽ താൻ ഹാബേൽ, ഹാനോക്ക്, നോഹ എന്നിവരിൽനിന്നും വ്യത്യസ്തനായിരുന്നു. അവർ മൂവരും ദൈവത്തെ ആരാധിച്ചിരുന്നവരായിരുന്നുവെങ്കിൽ അബ്രഹാം വിഗ്രഹങ്ങളെയാണ് ആരാധിച്ചിരുന്നത്. (യോശുവ. 24:2): ആ മൂന്ന് ദൈവമനുഷ്യരെക്കാൾ ധാർമ്മികനിലയിൽ കുറവുള്ളവനായിരുന്നു അബ്രഹാം. സ്വഭാവത്തിൽ ആദാമിനോടും കയീനോടുമൊക്കെ ഏറെക്കുറെ സമൻ.അവനൊരു വിഗ്രഹാരാധിയായിരുന്നു.എങ്കിലും ദൈവം തന്റെ വീണ്ടെടുപ്പിൻ വേല തുടങ്ങിവെച്ചത് ഇങ്ങനെയുള്ള ഒരു വ്യക്തിയിലായിരുന്നു. അബ്രഹാം നീതമാനായിരുന്നതിനാലല്ല ദൈവം തന്നെ തിരഞ്ഞെടുത്തത്. അത് ദൈവത്തിന്റെ സ്വന്തം പരമാധികാരത്തിലുള്ള ഒരു തിരഞ്ഞെടുപ്പായിരുന്നു. ഇപ്രകാരം തന്റെ പരമാധികാരത്തിലാണ് ദൈവം നമ്മെയും തിരഞ്ഞെടുത്തത്.

ഒരു ദേശത്തെ കൈവശമാക്കുവാനാണ് ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തത്. “ ഒരു ദേശം” എന്നുള്ളത് യിസ്രയേലിന്റെ ചരിത്രത്തിന്റെ കേന്ദ്രബിന്ദുവാണ്.ആദാമിന്റെ വീഴ്ചയാൽ സർവ്വഭൂമിയും പിശാചിന്റെ അവകാശത്തിൻ കീഴിലായി ത്തീർന്നു. അതിനാൽ ദൈവത്തിന് തന്നെത്തന്നെ വെളിപ്പെടുത്തുവാൻ കഴിയുന്ന വിധത്തിലുള്ള ഒരു ഭൂപ്രദേശം തന്റെ പ്രവൃത്തി ആരംഭിക്കുവാനായി ഭൂമിയിൽ ഉണ്ടാകേണ്ടിയിരുന്നു. തന്റെ നിയമങ്ങൾ പാലിക്കപ്പെടുന്ന ഒരു ഭൂപ്രദേശം.അപ്രകാ

യാഗപീഠം നമ്മുടെ സ്വയത്തെ കൈകാര്യം ചെയ്യുന്നു.ഈ ഭൂമിയിലെ വസ്തുവകകളെ കൈകാര്യം ചെയ്യുന്നതിനെയാണ് കൂടാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്വന്ത പുത്രനെയടക്കം സകലത്തെയും അബ്രഹാം യാഗപീഠത്തിൽസമർപ്പിച്ചതായി നാം കാണുന്നു. എന്നാൽ തനിക്ക് ഒട്ടേറെ സ്വത്തുക്കൾ ഉണ്ടായിരുന്നു.യിസ്ഹാക്കിനെയും തിരികെ ലഭിച്ചു.എന്നാൽ യാഗപീഠത്തിൽനിന്നു തിരികെ ലഭിച്ചതിനെയൊക്കെയും കൂടാരത്തിന്റെ തത്ത്വത്തിന് വിധേയമാക്കി കൈകാര്യം ചെയ്യുവാൻ അബ്രഹാമിന് സാധിച്ചു.അവൻ അവയെ ഉപയോഗിച്ചിരുന്നുവെങ്കിലും അവയോട് പറ്റിച്ചേർന്നിരുന്നില്ല.

രമുള്ള ഒരു ദേശം ലഭ്യമായിക്കഴിഞ്ഞാൽ സർവ്വഭൂമിയേയും പടിപടിയായി വീണ്ടെടുക്കുവാൻ തനിക്കാവുമായിരുന്നു.

ഭൂമിശാസ്ത്രപരമായല്ലെങ്കിലും ഇന്നും ഭൂമിയിൽ ദൈവത്തിന് "ഒരു ദേശം" ഉള്ളതായിക്കാണാം.ഇന്ന് ഇതു സഭയാണ്. സഭയുള്ളിടത്തൊക്കെ ക്രിസ്തുവിന്റെ ശരീരം നിലനിൽക്കുന്നതായിക്കാണാം.

ജീവിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുന്നിടത്തൊക്കെയും ഓരോ വിശ്വാസിയും ദൈവത്തിനായും ദൈവഹിതത്തിനായും നിലനിൽക്കേണ്ടതുണ്ട്. ആ ചെറിയ മേഖലയെ ദൈവത്തിനായി കൈവശമാക്കുവാനും സൂക്ഷിക്കുവാനും അവനു കഴിയും. "ഞങ്ങൾക്ക് ടോക്കിയോയിൽ ഒരാളുണ്ട്", എന്ന് ബിസിനസ്സുകാർ പറയുന്നത് പോലെയാണിത്. ദൈവവും, ഭൂമിയുടെ വിവിധ സ്ഥലങ്ങളിൽ തന്റെ ആളുകൾ ഉണ്ടെന്ന് പറയുന്നു. അങ്ങനെ ഒരു നാൾ സൗമ്യതയുള്ളവർ ഭൂമിയെ മുഴുവനും അവകാശമാക്കും.

തുടക്കത്തിൽ അബ്രഹാം നമ്മെപ്പോലെതന്നെയായിരുന്നു.ദൈവം തന്നെ വ്യക്തിപരമായി വിളിച്ചു (പ്രവ്യ. 7:2). എങ്കിലും അവൻ തന്റെ പിതാവിനെ വിനയപൂർവ്വം പിൻതുടർന്നു. (ഉല്പത്തി. 11:31). 'ഊർ' എന്ന സ്വന്തദേശം വിട്ടുവെങ്കിലും തന്റെ ചാർച്ചക്കാരെ അബ്രഹാം വിട്ടുപിരിഞ്ഞില്ല. ഹാരാനിൽ, പാതിവഴിയിൽ,താൻ യാത്ര നിർത്തുന്നതായും കാണാം. എന്നാൽ ദൈവം തന്റെ സ്ഥിരോത്സാഹത്തിൽ അബ്രഹാമിനെ കനാൻ എന്ന 'ആ ദേശത്ത്' കൊണ്ടെത്തിച്ചു. തന്റെ സഭയിൽ ഒരു സ്ഥാനം നാം കണ്ടെത്തുന്നതുവരെ നമ്മെയും മുമ്പോട്ട് നയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

കനാനിൽ അബ്രഹാം പതിവായി യാഗപീഠങ്ങൾ പണിയുകയും കൂടാരങ്ങളിൽ പാർക്കുകയും ചെയ്തതായി നാം കാണുന്നു.തന്റെ സന്നിധിയിൽ ഒരു യാഗപീഠവും ഒരു കൂടാരവും തന്റെ മക്കൾക്കുണ്ടായിരിക്കണമെന്ന് ദൈവം ഇന്നും ആഗ്രഹിക്കുന്നു. എന്താണതു ചൂണ്ടിക്കാണിക്കുന്നത്?

ദൈവം തനിക്ക് പ്രത്യക്ഷമായപ്പോഴൊക്കെയും അബ്രഹാം ഒരു യാഗപീഠം പണിതു. ഇതു പാപയാഗത്തിനല്ല മറിച്ച് ദഹനയാഗത്തിനു വേണ്ടിയായിരുന്നു. തന്നെത്തന്നെ പൂർണ്ണമായും ദൈവത്തിന് അർപ്പിക്കുന്ന സമർപ്പണത്തെയാണ് ഇത് കാണിക്കുന്നത്. ദൈവത്തെ കണ്ട ഒരു മനുഷ്യനും ജീവനോടിരിക്കുകയില്ല. (പുറ:33:20) നാം ദൈവത്തെ യഥാർത്ഥമായി ദർശിക്കുമ്പോൾ നമ്മുടെ മരണം നടക്കുന്ന ഒരു യാഗപീഠം നമുക്കുണ്ടായിരിക്കും.

ഒരു സഞ്ചാരിയെപ്പോലെ കൂടാരങ്ങളിലാണ് അബ്രഹാം പാർത്തിരുന്നത്. ദൈവം ശില്പിയായി നിർമ്മിച്ച ഒരു നഗരത്തിനായി താൻ കാത്തിരുന്നു. (എബ്രാ. 11:9,10).യാഗപീഠം നമ്മുടെ സ്വയത്തെ കൈകാര്യം ചെയ്യുന്നു.ഈ ഭൂമിയിലെ വസ്തുവകകളെ കൈകാര്യം ചെയ്യുന്നതിനെയാണ് കൂടാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.





സ്വന്ത പുത്രനെയടക്കം സകലത്തെയും അബ്രഹാം യാഗപീഠത്തിൽ സമർപ്പിച്ചതായി നാം കാണുന്നു. എന്നാൽ തനിക്ക് ഒട്ടേറെ സ്വത്തുക്കൾ ഉണ്ടായിരുന്നു.യിസ്ഹാക്കിനെയും തിരികെ ലഭിച്ചു.എന്നാൽ യാഗപീഠത്തിൽനിന്നു തിരികെ ലഭിച്ചതിനെയൊക്കെയും കൂടാരത്തിന്റെ തത്ത്വത്തിന് വിധേയമാക്കി കൈകാര്യം ചെയ്യുവാൻ അബ്രഹാമിന് സാധിച്ചു.അവൻ അവയെ ഉപയോഗിച്ചിരുന്നുവെങ്കിലും അവയോട് പറ്റിച്ചേർന്നിരുന്നില്ല.

ലോത്തിനോടുള്ള ബന്ധത്തിൽ, ദേശത്തിന്റെ അവനിഷ്ടപ്പെടുന്ന ഏതൊരുഭാഗവും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അബ്രഹാം നൽകുമ്പോൾ, തനിക്കുള്ള സകലവും ദൈവത്തിൽ നിന്നു ലഭിക്കേണ്ടതാണെന്നും താൻ സ്വയമായി പിടിച്ചെടുക്കേണ്ടതല്ലെന്നുമുള്ള സത്യം അബ്രഹാം മനസ്സിലാക്കിയിരുന്നുവെന്നു വ്യക്തമാണ്. സോദോം രാജാവിന്റെ സമ്മാനങ്ങൾ നിരസിക്കുമ്പോഴും ഇതേ കാര്യം തന്നെയാണ് നാം കാണുന്നത്.ദൈവത്തെ അറിയുന്നവർ തങ്ങളുടെ അവകാശങ്ങൾ സ്വയം സംരക്ഷണ ചെയ്യേണ്ടതില്ല. ദൈവത്തിന്റെ കരങ്ങളിൽ നമ്മുടെ സകലവും സമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടത്. ദൈവം നമുക്ക് നൽകിത്തരുന്നവയെല്ലാം സംരക്ഷിക്കുവാനും താൻ മതിയായവനാണ്.നാം സ്വയമായി അവയ്ക്ക്വേണ്ടി പൊരുതേണ്ടതില്ല. നാം കാര്യങ്ങളെ ബലമായി പിടിക്കുവാൻ ശ്രമിക്കുമ്പോൾ അവ നമുക്ക് നഷ്ടമാകുന്നതായി കാണാം.

എന്നാൽ അനന്തരാവകാശിയോടുള്ള ബന്ധത്തിൽ, തനിക്ക് സ്വയമായി ഒരുവനെ ജനിപ്പിക്കുവാൻ കഴിയുമെന്ന് തെറ്റായ നിലയിൽ അബ്രഹാം ചിന്തിക്കുവാനിടയായി.അതിനാലാണ് താൻ യിശ്മായേലിന് ജന്മം നൽകിയത്. എന്നാൽ ഒരു പിൻഗാമിയെപ്പോലും നൽകേണ്ടത് ദൈവമാണെന്ന് അവിടുന്ന്

ദൈവത്തെ അറിയുന്നവർ തങ്ങളുടെ അവകാശങ്ങൾ സ്വയം സംരക്ഷണ ചെയ്യേണ്ടതില്ല. ദൈവത്തിന്റെ കരങ്ങളിൽ നമ്മുടെ സകലവും സമർപ്പിക്കുക മാത്രമാണ് ചെയ്യേണ്ടത്. ദൈവം നമുക്ക് നൽകിത്തരുന്നവയെല്ലാം സംരക്ഷിക്കുവാനും താൻ മതിയായവനാണ്.നാം സ്വയമായി അവയ്ക്ക്വേണ്ടി പൊരുതേണ്ടതില്ല. നാം കാര്യങ്ങളെ ബലമായി പിടിക്കുവാൻ ശ്രമിക്കുമ്പോൾ അവ നമുക്ക് നഷ്ടമാകുന്നതായി കാണാം.

അബ്രഹാമിനെ പഠിപ്പിച്ചു. നാം ദൈവവേലയിൽ ശുഷ്കാന്തിയുള്ളവരാകാം. എന്നാൽ ഈ പദ്ധതികളെല്ലാം രൂപപ്പെടുന്നത് നമ്മിലാണോ അതോ ദൈവത്തിൽ നിന്നാണോ എന്നുള്ളത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്.ആരുടെ ശക്തിയാലാണ് ഈ പ്രവൃത്തിനടക്കുന്നത്? ആളുകളെ സഹായിക്കുന്നത് ഒരു തെറ്റല്ല. എന്നാൽ അവർക്ക് ലഭ്യമാകുന്ന സഹായം ദൈവത്തിൽ നിന്നാണെന്ന് നാം ഉറപ്പാക്കേണ്ടതുണ്ട്.

ഇത് അത്ര ജനപ്രീയമായ ഒരു വിഷയമല്ല. കൂടുതൽ സുവിശേഷീകരണം നടത്തുക, പ്രവർത്തനങ്ങളിൽ ഏർപ്പെടുക, ത്യാഗങ്ങൾക്കു തയ്യാറാവുക എന്നൊക്കെ ആളുകളോട് പ്രസംഗിച്ചാൽ അവർ തീർച്ചയായും ശ്രദ്ധിക്കും; അംഗീകരിക്കും. എന്നാൽ അവരോട് നമ്മുടെ 'സ്വന്തം' പ്രവർത്തനങ്ങളുടെ (തെറ്റായ മാർഗ്ഗങ്ങളിലൂടെയല്ല, തികച്ചും ശരിയായരീതിയിലാണെങ്കിലും) വിലയില്ലായ്മയെക്കുറിച്ച് സംസാരിച്ചാൽ അവർ അംഗീകരിക്കുകയില്ല എന്നുമാത്രമല്ല നമ്മെ തെറ്റിദ്ധരിക്കു

സ്വയമായി ഒരു പുത്രനെ ഉത്പാദിപ്പിക്കുവാൻ കഴിവില്ലാത്തവനായപ്പോഴാണു ദൈവം അബ്രഹാമിന് യിസ്ഹാക്കിനെ നൽകുന്നത്. മരിച്ചവർക്ക് ജീവൻ നൽകുന്ന ദൈവത്തിൽ പൂർണ്ണമായും നാം വിശ്വസിക്കുന്നതിന് മുൻപായി, നാം നമ്മെത്തന്നെ മരിച്ചവരായി എണ്ണേണ്ടതുണ്ട്. നമ്മുടെ സ്വയജീവന്റെ അവസാനത്തിൽ നാം എത്തുമ്പോഴാണ് ദൈവം നമുക്ക് ഒരു യിസ്ഹാക്കിനെ നൽകുന്നത്.

കയും ചെയ്യും.

എന്നാൽ നമ്മുടെ ദൈവസേവയുടെയെല്ലാം കേന്ദ്രവിഷയം ഇതുതന്നെയാണ്. നമ്മുടെ നന്മപ്രവൃത്തികളോ, പ്രസംഗങ്ങളോ, മറ്റെന്തുമാകട്ടെ, അവയുടെ ഉറവിടം നമ്മിൽ തന്നെയാണെങ്കിൽ ദൈവത്തിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുവാൻ അവയ്ക്കാവില്ല. അവിടുന്ന് നമ്മിലും നമ്മിലൂടെയും ചെയ്തെടുക്കുന്ന പ്രവൃത്തികൾക്ക് മാത്രമേ അവിടുത്തെ ഹൃദയത്തെ തൃപ്തിപ്പെടുത്തുവാനാകുകയുള്ളൂ.

സ്വയമായി ഒരു പുത്രനെ ഉത്പാദിപ്പിക്കുവാൻ കഴിവില്ലാത്തവനായപ്പോഴാണു ദൈവം അബ്രഹാമിന് യിസ്ഹാക്കിനെ നൽകുന്നത്. മരിച്ചവർക്ക് ജീവൻ നൽകുന്ന ദൈവത്തിൽ പൂർണ്ണമായും നാം വിശ്വസിക്കുന്നതിന് മുൻപായി, നാം നമ്മെത്തന്നെ മരിച്ചവരായി എണ്ണേണ്ടതുണ്ട്. നമ്മുടെ സ്വയജീവന്റെ അവസാനത്തിൽ നാം എത്തുമ്പോഴാണ് ദൈവം നമുക്ക് ഒരു യിസ്ഹാക്കിനെ നൽകുന്നത്. യിശ്മായേൽ ദൈവമുമ്പാകെ അയോഗ്യനായിരുന്നുവെന്ന് മാത്രമല്ല, അവന്റെ സന്തതികൾ യിസ്രായേലിനെ ഉപദ്രവിക്കുകയും ദൈവിക പ്രവൃത്തിക്ക് തടസ്സം നിൽക്കുകയും ചെയ്തതായി നാം കാണുന്നു. ഇതിൽനിന്നും നമുക്ക് മനസ്സിലാകുന്നത്, ദൈവത്തെ സഹായിക്കുവാനുള്ള നമ്മുടെ പരിശ്രമങ്ങൾ യഥാർത്ഥത്തിൽ അവിടുത്തെ പ്രവൃത്തികൾക്ക് തടസ്സമായിത്തീരുന്നു എന്നാണ്.

നാം ആഗ്രഹിക്കുന്ന ഏത് സമയത്തും ഒരു യിശ്മായേലിനെ ജനിപ്പിക്കുവാൻ നമുക്ക് സാധിക്കും. എന്നാൽ യിസ്ഹാക്കിനെ ജനിപ്പിക്കുവാൻ ഒരേയൊരു സമയത്തു മാത്രമേ സാധിക്കൂ-അതാണ് ദൈവത്തിന്റെ സമയം. നമ്മുടെ കാര്യങ്ങൾ ദൈവം ഒരു മൂന്ന് മാസത്തേക്കെങ്കിലും മാറ്റിവെച്ചാൽ, മിക്കവർക്കും അത് സഹിക്കുവാൻ കഴിയുകയില്ല. എന്നാൽ നീണ്ട പതിനഞ്ച് വർഷങ്ങൾക്കു ശേഷമാണ് അബ്രഹാമിന് ദൈവം യിസ്ഹാക്കിനെ നൽകുന്നത്. യിശ്മായേൽ ജനിച്ചതിനുശേഷം പതിമൂന്ന് വർഷത്തേക്ക് ദൈവം അബ്രഹാമിനോട് യാതൊന്നും സംസാരിച്ചിട്ടില്ല. (ഉല്പത്തി 16:16; 17:1) നാം സ്വന്തംനിലയിൽ ആരംഭിക്കുന്ന പ്രവൃത്തികൾ നമ്മുടെ സ്വന്തം ശക്തിയിൽ തന്നെ കൈകാര്യം ചെയ്യുവാൻ ദൈവം നമ്മെ അനുവദിക്കുന്നു. ഒടുവിൽ ഒരു സന്തതിയെ ജനിപ്പിക്കാൻ അവൻ അശക്തനായപ്പോൾ ദൈവം തന്നോട് വീണ്ടും സംസാരിക്കുകയും പരിച്ഛേദന എന്ന അടയാളം കൊടുക്കുകയും ചെയ്തു(ഉല്പത്തി. 17: 10). പരിച്ഛേദന എന്നത് ജഡത്തിൽ ആശ്രയിക്കാതിരിക്കുന്നതിനെ കാണിക്കുന്നു(ഫിലി. 3:3).

അതുവരെ, അബ്രഹാമിന് ദൈവത്തിൽ മാത്രമല്ല തന്നിലും വിശ്വാസം ഉണ്ടായിരുന്നു. എന്നാൽ അന്നുമുതൽ, ദൈവത്തിൽ മാത്രം വിശ്വാസമർപ്പിക്കുവാൻ അബ്രഹാം പഠിച്ചു.കനാനിലെ ദുഷ്ടന്മാരിൽ നിന്നു ഭാര്യസാറായെ സംരക്ഷിക്കുന്ന കാര്യത്തിലും, ബുദ്ധിപരമായ നീക്കങ്ങളെക്കാൾ ദൈവത്തിൽ ആശ്രയം വയ്ക്കുക എന്നകാര്യത്തിലും അബ്രഹാം ഒരു പാഠം പഠിക്കേണ്ടിയിരുന്നു (ഉല്പ. 20)





യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ വിശിഷ്ടമായ ലക്ഷണം എന്താണ്? സത്യസന്ധത? പരിജ്ഞാനം? സ്നേഹം? ഇവയൊന്നുമല്ല! ഒരു യഥാർത്ഥ വിശ്വാസിയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്ന ഗുണം, അവന് തന്നിൽതന്നെ യാതൊരു ആശ്രയവുമില്ല എന്നുള്ളതാണ്.

യിസ്ഹാക്കിനെ യാഗമായി അർപ്പിക്കുന്നവേളയിലും, ദാനങ്ങളെക്കാൾ ദാതാവിനെ വിലമതിക്കണമെന്ന പാഠം താൻ പൂർണ്ണമായും പഠിച്ചിരിക്കുന്നതായി നമുക്ക് മനസ്സിലാക്കാം.

ദൈവം നമുക്ക് നൽകിയ ഒരു ശുശ്രൂഷയോടോ മറ്റെന്തെങ്കിലും ദാനങ്ങളോടോ പറ്റിച്ചേരുന്ന സ്ഥിതിയിൽ നാം വേഗത്തിൽ എത്തിച്ചേർന്നേക്കാം. തന്റെ ദാനങ്ങളാൽ നമ്മുടെ കരങ്ങളെ നിറയ്ക്കുവാൻ ദൈവം തയ്യാറാണ്. എന്നാൽ പിന്നീട് നമ്മോടുള്ള കൂട്ടായ്മയ്ക്കായി നമ്മുടെ കരങ്ങൾക്കു നേരേ തന്റെ കരങ്ങൾ അവിടുന്നു നീട്ടുമ്പോൾ, അവിടുത്തെനേർക്ക് നീട്ടുവാൻ കഴിയാത്ത നിലയിൽ ആ ദാനങ്ങളാൽ നിറയപ്പെട്ട നമ്മുടെ കരങ്ങളെയാണ് അവിടുന്ന് കാണുന്നത്!

ദൈവമാണ് സർവ്വത്തിന്റെയും ഉറവിടം എന്നുള്ള പാഠം തന്റെ ജീവിതാനുഭവങ്ങളിലൂടെ അബ്രഹാം പഠിച്ചതായി നാം കാണുന്നു. ഇപ്രകാരം താൻ നേടിയെടുത്തത് കനാൻ ദേശം മാത്രമല്ല, ദൈവത്തിന്റെ ഹൃദയത്തിനുള്ളിൽ ഒരിടം കൂടിയാണ്. ഇതാണ് ദൈവം നമ്മിലും ചെയ്യുവാൻ ആഗ്രഹിക്കുന്ന പ്രവൃത്തി.

**യിസ്ഹാക്ക്: പുത്രനായ ദൈവത്തിലുള്ള അവകാശങ്ങളാൽ അനുഗൃഹീതൻ**

അബ്രഹാം സ്വന്തമായി ധാരാളം സ്വത്ത് സമ്പാദിച്ചു. എന്നാൽ യിസ്ഹാക്കിന് സകലവും തന്റെ പിതാവിൽനിന്ന് ലഭിച്ചതാണ്.യിസ്ഹാക്കിന്റെ ജീവിതതത്ത്വം 'സ്വീകരിക്കുക' എന്നതാണ്. ലഭിച്ചതല്ലാതെ മറ്റൊന്നും നമുക്കും ഇല്ല എന്നു യിസ്ഹാക്കിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. നിത്യതയിൽ വിലമതിക്കപ്പെടുന്ന യാതൊന്നും നമ്മിൽ ഇല്ല എന്നതുപോലെതന്നെ നിത്യമായ നന്മകളൊന്നും തന്നെ നേടിയെടുക്കുവാൻ നമുക്ക് കഴിയുകയുമില്ല. സമ്പന്നതയിലേക്ക് യിസ്ഹാക്ക് ജനിച്ചുവീണു. തനിക്കൊരു ഭാര്യയെപ്പോലും തന്റെ പിതാവ് കണ്ടെത്തിനൽകിയതായിക്കാണാം. നാമും ഇതുപോലെതന്നെയാണ്. ആത്മീയനന്മകളിലേക്ക് പടിപടിയായി നാം എത്തിച്ചേരുകയല്ല. നാം അതിലേക്ക് ജനിച്ചുവീഴുകയാണ്. യിസ്ഹാക്കിന്റെ ദൈവം ദാതാവായ ദൈവമാണ്. തന്റെ പുത്രനിലൂടെ പിതാവ് സർവ്വവും നമുക്ക് നൽകുന്നു. നാം ജീവനിൽ നടക്കേണ്ടതിന് ക്രിസ്തുവിന്റെ ജീവൻ ഒരു ദാനമായി നമ്മിൽ പകർന്നിരിക്കുന്നു.

'ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?' എന്നുള്ള യിസ്ഹാക്കിന്റെ ചോദ്യത്തിന് മോറിയാമലയിൽ അബ്രഹാം കൊടുത്ത മറുപടി 'ദൈവം കരുതിക്കൊള്ളും' എന്നാണല്ലോ! ഇതാണ് യിസ്ഹാക്കിന്റെ ജീവിതത്തിന്റെ യഥാർത്ഥചിത്രം. നമുക്ക് വേണ്ടതെല്ലാം ദൈവം നൽകിത്തരുമെന്നുള്ളതാണ് സുവിശേഷത്തിന്റെ യഥാർത്ഥസന്ദേശം.

ഗലാത്യലേഖനത്തിൽ നമ്മുടെ അനുഭവങ്ങളെ യിസ്ഹാക്കിന്റേതിനോട് താരതമ്യം ചെയ്യുന്നതായിക്കാണാം. നാം അവകാശികളാകുന്നു; ദൈവികവാഗ്ദാനങ്ങളിൽ പങ്കാളികളും പിതൃസ്വത്തിന്റെ അവകാശികളും. (ഗലാ. 3:29, 4:7; 3:22; 4:28; 3:18; 4:30). യിശ്മായേലിൽ നിന്നു വ്യത്യസ്തമായി, യിസ്ഹാക്കിനെപ്പോലെ സ്വാതന്ത്ര്യത്തിലേക്ക് ജനിച്ച് വീണവരാണ് നാം. നമ്മെ ദൈവം ക്രിസ്തുവിൽ ആക്കിവെച്ചിരിക്കുന്നതിനാൽ, ക്രിസ്തുവിന്റെ അനുഭവം നമ്മുടേതുമാണ്. ക്രിസ്തുവിലുള്ള നമ്മുടെ മരണവും പുനരുത്ഥാനവുമാണ് നമ്മുടെ അവകാശം. ക്രിസ്തു സ്വർഗ്ഗസ്ഥലങ്ങളിലേക്കു കയ

റിപ്പോയതിനാൽ അവനൊപ്പം നാമും അവിടേക്ക് എടുക്കപ്പെട്ടിരിക്കുന്നു. ഈ അനുഗ്രഹങ്ങളൊന്നും കഷ്ടപ്പെട്ട് നേടിയെടുക്കേണ്ടവയല്ല. മറിച്ച് അവയെ സ്വീകരിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്.

ക്രിസ്തുവിനോടു കൂടെയുള്ള ക്രൂശീകരണമെന്നുള്ളതു നാം പ്രാപിച്ചെടുക്കേണ്ട അനുഭവമായി ചിന്തിക്കുവാനിടയുണ്ട്. അത് അങ്ങനെയല്ല. അത് ദൈവം ഒരിക്കൽ നിർവ്വഹിച്ച കാര്യമാണ്. പഴയ മനുഷ്യൻ കാൽവറി ക്രൂശിൽ ദൈവത്താൽ ക്രൂശിക്കപ്പെട്ടിരിക്കുന്നു.അത് ഇന്ന് സ്വീകരിക്കുകമാത്രമാണ് നാം ചെയ്യേണ്ടത്. എന്നാൽ ഇതൊരു ഉപദേശരൂപമായി ബുദ്ധിയിൽ സ്വീകരിക്കുന്നതിനു പകരം ഒരു വെളിപ്പാടായി ദൈവത്തിൽ നിന്നു പ്രാപിക്കുകയാണു വേണ്ടത്.

ഈ നാണയത്തിന്റെ മറുവശമെന്നതു, ക്രിസ്തു ഇന്ന് നമ്മിൽ വസിക്കുന്നു എന്നുള്ളതാണ്. ക്രിസ്തുവിനെ വെറുതെ അനുകരിക്കുവാനുള്ള ശക്തിയല്ല ദൈവം നമുക്ക് നൽകിയിരിക്കുന്നത്. ക്രിസ്ത്യാനിയുടെ അനുദിന ജീവിതത്തെ 'സ്വീകരിക്കുക' എന്ന വാക്കിൽ സംക്ഷേപിക്കാം. എല്ലാം സ്വീകരിക്കപ്പെടുന്നതാണ്.

ക്രിസ്തു നമ്മെ നീതികരിക്കുകയും വിശുദ്ധീകരിക്കുകയും വീണ്ടെടുക്കുകയും ചെയ്തുവെന്നുമാത്രമല്ല. മറിച്ച്, അവിടുന്ന് തന്നെയാണ് നമ്മുടെ നീതിയും വിശുദ്ധിയും വീണ്ടെടുപ്പുമെല്ലാം (1 കൊരി. 1:30). നമ്മുടെ നീതിയെന്നുള്ളത്, നമ്മുടെ വീണ്ടെടുപ്പ് എന്നുള്ളത്, ഒരു പ്രത്യശയല്ല, മറിച്ച് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുന്നു എന്നുള്ളതാണ്.

യിസ്ഹാക്കിന്റെ ദൈവമായി ദൈവത്തെ അറിയുന്നതിന് മുൻപ് യാക്കോബിന്റെ ദൈവമായി ദൈവത്തെ അറിയുക സാദ്ധ്യമല്ല. ക്രിസ്തുവിലുള്ള നമ്മുടെ വിലയേറിയ അവകാശമായി ദൈവത്തെ അറിയുക എന്നുള്ളതാണ് നമ്മുടെ മുൻപോട്ടുള്ള യാത്രയുടെ അടിസ്ഥാനം. ക്രിസ്തുവിൽ നമുക്കായി ദൈവം നിർവ്വഹിച്ചിരിക്കുന്ന കാര്യങ്ങളെ ക്കുറിച്ചുള്ള ഉറപ്പ് പ്രാപിക്കാതെ ആത്മാവിനാലുള്ള ശിക്ഷണത്തിനായി നമ്മെത്തന്നെ ഏൽപിച്ച് കൊടുക്കുക എന്നുള്ളത് അത്യന്തം ഭയാനകമായ ഒന്നാണ്.

(തുടരും)

**മൊഴിമാറ്റം: ബോബികുര്യൻ**

❖


**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**

Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

You can directly remit the subscription at ELS Book Shop, Kesavadasapuram, Thiruvananthapuram-4






# സുവിശേഷങ്ങൾ എത്ര?

എത്ര സുവിശേഷങ്ങൾ ഉണ്ട്? മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിങ്ങനെ നാല് സുവിശേഷങ്ങളാണുള്ളതെന്ന് സണ്ടേസ്കൂൾ കുഞ്ഞുങ്ങൾ പോലും പറയും.

എന്നാൽ പ്രശസ്ത സുവിശേഷകൻ ജിപ്സി സ്മിത്തിന്റെ അഭിപ്രായത്തിൽ അഞ്ച് സുവിശേഷങ്ങളാണ് മൊത്തത്തിലുള്ളത്. അദ്ദേഹം അത് ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്. 'നാം ഈ ലോകത്തിനു മുമ്പിൽ മൊത്തം അഞ്ചു സുവിശേഷങ്ങളാണ് നൽകുന്നത്. മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ. കൂടാതെ നീയും.'

പ്രശസ്ത സുവിശേഷകൻ ബില്ലിഗ്രഹാം, ജിപ്സി സ്മിത്തിന്റെ വാക്കുകളെ കുറച്ചുകൂടി വിശദമായി ഇങ്ങനെ വിവരിച്ചു. 'നാലു സുവിശേഷങ്ങൾ ബൈബിളിലും, അഞ്ചാമത്തെ സുവിശേഷമായ 'നീ' പുറത്തുമാണ്. എന്നാൽ ചിലർ വായിക്കുന്ന ഏക സുവിശേഷം 'നീ' യാണ്. നിന്റെ മക്കൾ അക്ഷരം കൂട്ടി വായിക്കാൻ പഠിക്കുമുമ്പെ 'നിന്റെ' സുവിശേഷം വായിക്കാൻ തുടങ്ങും. നിന്റെ ജീവിതപങ്കാളിയും, അയൽക്കാരും, സഹപ്രവർത്തകരും മിക്കപ്പോഴും വായിക്കാറുള്ള സുവിശേഷവും നിന്റെ സുവിശേഷമാണ്.

സഭയിലെ പ്രസംഗകരും സണ്ടേസ്കൂൾ അധ്യാപകരും ബൈബിളിലെ നാലു സുവിശേഷങ്ങളിൽ നിന്നു പഠിപ്പിക്കും. എന്നാൽ നിങ്ങളുടെ കുട്ടികളും ഈ ലോകവും അഞ്ചാമത്തെ സുവിശേഷത്തിൽ നിന്നു പഠിക്കും.

*'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് കാരമില്ലാതെ പോയാൽ അതിനു എന്തൊന്നുകൊണ്ടു രസം വരുത്താം....'* (മത്തായി 5:13)

## എഡിറ്റോറിയൽ തുടർച്ച......

ക്രിസ്തുവിനോടു ചേർന്നുള്ള നടപ്പ്. ഈ സത്യങ്ങൾ ഞായറാഴ്ച മാത്രമല്ല തിങ്കൾ മുതൽ ശനി വരെയും യാഥാർത്ഥ്യമാണ്.

ഇതിന്റെ മറുവശം, കർത്താവു നമ്മുടെ ആത്മാവിലുണ്ടെങ്കിൽ, അതിന്റെ സ്വാധീനം ആത്മാവിനുപുറത്തെ വൃത്തമായ ദേഹിയിലേക്കും (ചിന്തകൾ, വികാരങ്ങൾ) വികസ്വരമായിവരും എന്നതാണ്. ഇതൊരു സ്വാഭാവികമായ പ്രക്രിയയാണ്. ജീവന്റെ ഒഴുക്കാണ്. നാം ആലോചിച്ച് ഉണ്ടാക്കുന്നതല്ല. ഇങ്ങനെ ദൈവിക ചിന്തകളാൽ നിറയപ്പെട്ട, ദൈവത്താൽ പൂരിതനായ (Saturated by God) ഒരുവനായി ജീവിക്കുവാൻ നമുക്കു കഴിയും. കർത്താവിനോടു ചേർന്നുള്ള ഈ നടപ്പിൽ ക്രൂശിന്റെ വഴി നമുക്കു കൂടുതൽ പ്രിയപ്പെട്ടതായി തീർന്നുകൊണ്ടിരിക്കും.

ഇത്തരമൊരു ജീവിതം ചിലർക്കു മാത്രമുള്ള പ്രത്യേക പദവിയല്ല, മറിച്ച് എല്ലാ ദൈവമക്കളുടെയും ജന്മാവകാശം (Birth right) ആണ്. ഈ അവകാശം കൈവശമാക്കാൻ മുകളിൽ പറഞ്ഞ സത്യങ്ങൾ കാണുകയും വിശ്വസിക്കുകയുമാണു വേണ്ടത്.

പഴയ നിയമഭക്തനായ ആസാഫ് ഇങ്ങനെ പറഞ്ഞു: 'എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ദൈവത്തോട് എത്ര അടുത്തു ചെല്ലാമോ അത്രയും അടുത്തു ചെല്ലും' (But as for me, I get as close to Him as I can-Living Bible )

ഇതിൽ കുറഞ്ഞ ഒന്ന് പുതിയ നിയമവിശ്വാസികളായ നാം ലക്ഷ്യം വയ്ക്കുന്നതെങ്ങനെ?

❖

തിരുവെഴുത്തുകളെ പരിശോധിക്കുക



# ss_ n-fn-eqsS...

## അപ്പോസ്തലപ്രവൃത്തികൾ

സാക് പുന്നൻ

### അധ്യായം എട്ട്

അപ്പോസ്തല പ്രവൃത്തി എട്ടാമധ്യായത്തിൽ ഫിലിപ്പോസിന്റെ പ്രസംഗത്താൽ ശമര്യയിൽ നടന്ന ഒരു വലിയ ഉണർവ്വിനെപ്പറ്റി നാം വായിക്കുന്നു- ഫിലിപ്പോസ് വിധവമാർക്കു ഭക്ഷണം വിതരണം ചെയ്തുകൊണ്ടു തന്റെ ശുശ്രൂഷ ആരംഭിച്ചവനായിരുന്നു.ശമര്യയിൽ ധാരാളം പേർ രക്ഷിക്കപ്പെട്ടു; ഫിലിപ്പോസ് അവരെ സ്നാനം കഴിപ്പിച്ചു. ഇന്നത്തെ അനേകം പ്രസംഗകർക്കും കഴിയാത്തതുപോലെ അവരെ പരിശുദ്ധാത്മസ്നാനത്തിലേക്കു നയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.അതിനാൽ പത്രോസും യോഹന്നാനും വന്ന് അവർക്കായി പ്രാർത്ഥിച്ചു; അപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു. (8:17)

“ യേശുവിന്റെ നാമത്തിൽ സ്നാനമേൽക്കുക” എന്ന പദപ്രയോഗം നാലു പ്രാവശ്യം അപ്പോസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ നാം കാണുന്നു(2:38; 8:16; 10:48; 19:5).പക്ഷേ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കാനാണ് യേശു തന്റെ ശിഷ്യന്മാരോട് ആജ്ഞാപിച്ചത്(മത്താ:28:19).പ്രഥമദൃഷ്ടിയിൽക്കാണുന്ന ഈ വ്യത്യാസം നാം എങ്ങനെ വിശദീകരിക്കും? വേദഭാഗങ്ങൾ അലക്ഷ്യമായി വായിക്കുന്ന അനേകർക്ക് ഇതു ചിന്താക്കുഴപ്പം ഉളവാക്കിയിട്ടുണ്ട്. പുതിയനിയമം വ്യാഖ്യാനം ചെയ്യുമ്പോൾ ഓർത്തിരിക്കേണ്ട മൂന്നു തത്ത്വങ്ങൾ ഇവിടെ കാണാം. (1) രണ്ടു വേദഭാഗങ്ങൾ പരസ്പരവിരദ്ധമായി കാണപ്പെട്ടാൽ



ചിലർ വീടുതോറും രസീതുബുക്കുമായി പോയി “ദൈവവേലയ്ക്കായി” മാനസാന്തരപ്പെടാത്ത നാമധേയ ക്രിസ്ത്യാനികളിൽ നിന്നുപോലും പണം സ്വീകരിക്കുന്നു.





രണ്ടും ശരിയാവാം- വൈരുദ്ധ്യം പ്രത്യക്ഷത്തിൽ മാത്രമാണെന്നു വരാം. (2) പ്രത്യക്ഷത്തിൽ വിരുദ്ധമായ രണ്ടു വേദഭാഗങ്ങളിൽ ഏതാണ് അനുസരിക്കേണ്ടതെന്നു സംശയമുണ്ടാകുമ്പോൾ കർത്താവായ യേശുവിന്റെ വ്യക്തമായ കല്പന എപ്പോഴും അനുസരിക്കുക. (3) പുതിയനിയമത്തിലെ ചരിത്രപരമായ ഒരു പ്രസ്താവന ഒരു ഉപദേശത്തിന് ആധാരമാക്കാതിരിക്കുക. ഈ അവസരത്തിലെ വിശദീകരണമിതാണ്: അക്രൈസ്തവമതങ്ങൾക്കും ത്രിത്വം ഉണ്ട് - ഉദാഹരണത്തിന്, ഹിന്ദുമതത്തിൽ ബ്രഹ്മാവ്, വിഷ്ണു, ശിവൻ; ഈജിപ്തുകാർക്കും ത്രിത്വം ഉണ്ടായിരുന്നു.അപ്പോസ്തലന്മാർ സ്നാനം കഴിപ്പിച്ചപ്പോൾ ത്രിത്വം ക്രിസ്തീയത്രിത്വമായി തിരിച്ചറിയുവാൻ അവർ “ പിതാവിന്റെയും പുത്രനായ യേശുക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ” സ്നാനം കഴിപ്പിച്ചു. ഈ സ്നാനം ത്രിത്വത്തിൽ രണ്ടാമനെ യേശുക്രിസ്തുവായി തിരിച്ചറിയുന്നതിനാൽ ഇതിനെ “ യേശുവിന്റെ നാമത്തിലുള്ള സ്നാനം” എന്നു വിളിക്കുന്നു.

പത്രോസ് ജനങ്ങളുടെ മേൽ കൈവച്ചിട്ട് പരിശുദ്ധാത്മാവു പ്രാപിക്കുന്നതു ശമര്യയിലെ മന്ത്രവാദിയായ ശിമോൻ കണ്ടപ്പോൾ, തനിക്കും ഈ കഴിവു ലഭിക്കേണ്ടതിന് പത്രോസിനു ധനം വാഗ്ദാനം ചെയ്തു. ക്രിസ്തീയയുഗത്തിൽ ഒരാൾ ദൈവികാനുഗ്രഹം പണം കൊണ്ടു വാങ്ങുവാൻ ശ്രമിക്കുന്നത് ഇവിടെ നാം ആദ്യമായി കാണുന്നു. അക്രൈസ്തവമതങ്ങൾ, അവരുടെ ദൈവത്തിനു പണം കാഴ്ച വച്ച് അനുഗ്രഹങ്ങൾ സ്വായത്തമാക്കുവാൻ എപ്പോഴും ജനങ്ങളെ ഉത്സാഹിപ്പിക്കുന്നു. നിർഭാഗ്യവശാൽ ഇന്ന് അനേകം ക്രിസ്തീയ ടിവി പ്രസംഗകരും പാസ്റ്റർമാരും ദൈവത്തിന് -ദൈവദാസന്മാർക്ക്- പണം കൊടുക്കുന്നതിലൂടെ ദൈവാനുഗ്രഹങ്ങൾ ലഭിക്കും എന്നു പ്രസംഗിക്കുന്നു. ലക്ഷക്കണക്കിനു

അക്രൈസ്തവമതങ്ങൾ, അവരുടെ ദൈവത്തിനു പണം കാഴ്ച വച്ച് അനുഗ്രഹങ്ങൾ സ്വായത്തമാക്കുവാൻ എപ്പോഴും ജനങ്ങളെ ഉത്സാഹിപ്പിക്കുന്നു. നിർഭാഗ്യവശാൽ ഇന്ന് അനേകം ക്രിസ്തീയ ടിവി പ്രസംഗകരുംപാസ്റ്റർമാരും ദൈവത്തിന് -ദൈവദാസന്മാർക്ക്- പണം കൊടുക്കുന്നതിലൂടെ ദൈവാനുഗ്രഹങ്ങൾ ലഭിക്കും എന്നു പ്രസംഗിക്കുന്നു. ലക്ഷക്കണക്കിനു ക്രിസ്ത്യാനികൾ ഈ വിധത്തിൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷേ നിങ്ങൾക്ക് ഒരിക്കലും ഈ വിധത്തിൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ സാധ്യമല്ല.

ക്രിസ്ത്യാനികൾ ഈ വിധത്തിൽ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷേ നിങ്ങൾക്ക് ഒരിക്കലും ഈ വിധത്തിൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ സാധ്യമല്ല.

ഇന്നത്തെ മിക്ക പ്രസംഗകരിൽ നിന്നും വ്യത്യസ്തനായി, പത്രോസ് ആ പണം വാങ്ങുവാൻ വിസമ്മതിച്ചു. അദ്ദേഹം ശിമോനോട് ഇങ്ങനെ പറഞ്ഞു: “ ദൈവത്തിന്റെ ദാനം പണത്തിനു വാങ്ങിക്കൊള്ളാം എന്നു നിരൂപിക്കകൊണ്ട് നിന്റെ പണം നിന്നോടു കൂടെ നശിച്ചുപോകട്ടെ. നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ല.” (8:20,21) അവരുടെ ശുശ്രൂഷയ്ക്കായി ധനം നൽകിക്കൊണ്ട് ഇന്ന് അനേകം ധനികരും പ്രസംഗകരെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നു.ഒരു മനുഷ്യന്റെ ഹൃദയം ശരിയല്ല എന്നു കണ്ടാൽ നാം അവന്റെ പണം സ്വീകരിക്കുവാൻ വിസമ്മതിക്കണം. പക്ഷേ ഇന്ന് പത്രോസിനെപ്പോലെയുള്ള പ്രസംഗകർ എവിടെ? മിക്ക ശുശ്രൂഷകരും പ്രസംഗകരും ആരിൽ നിന്നായാലും പണം സ്വീകരിക്കുവാൻ തക്കവണ്ണം പണത്തെ അത്രയധികം സ്നേഹിക്കുന്നു. ചിലർ വീടുതോറും രസീ

പരിശുദ്ധാത്മാവിനു കീഴ്പ്പെട്ടു ജീവിച്ചു പോന്ന അനന്യാസ് എന്ന ഒരു മനുഷ്യൻ ദമസ്കോസിലുണ്ടായിരുന്നു. ശൗൽ താമസി ക്കുന്ന സ്ഥലത്തു ചെന്ന് അവനുവേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവ് തന്നോടു പറയുന്നതായി അദ്ദേഹം കേട്ടു. ദൈവം നമ്മോട് എവിടെയെങ്കിലും പോകാൻ പറ യുമ്പോൾ അവിടെ ദൈവം നമ്മുടെ ശുശ്രൂഷ പ്രാപിക്കാൻ തക്കവണ്ണം ആൾക്കാരെ ഒരുക്കിയിട്ടുണ്ട് എന്നു തീർച്ച പ്പെടുത്താം.

തുബുക്കുമായി പോയി "ദൈവവേല യ്ക്കായി" മാനസാന്തരപ്പെടാത്ത നാമധേയ ക്രിസ്ത്യാനികളിൽ നിന്നുപോലും പണം സ്വീകരിക്കുന്നു. യേശുവോ അപ്പോസ്തോ ലന്മാരോ ഒരിക്കലും അപ്രകാരം ചെയ്തി ട്ടില്ല. (3 യോഹ:7).

## അധ്യായം ഒൻപത്

ഒൻപതാം അദ്ധ്യായത്തിൽ, ദമസ്കോ സിലേക്കുള്ള വഴിയിൽ ശൗൽ കർത്താ വിനെ കണ്ടുമുട്ടുമ്പോൾ കർത്താവിനോട് രണ്ടു ചോദ്യങ്ങൾ ചോദിക്കുന്നു. ഒന്ന് :" നീ ആരാകുന്നു കർത്താവേ?" രണ്ട്: " ഞാൻ എന്തു ചെയ്യുവാൻ അവിടുന്നു കല്പിക്കുന്നു?" (വാക്യം 5). ഈ രണ്ടു ചോദ്യങ്ങളും ജീവിതത്തിലുടനീളം ശൗൽ കർത്താവിനോടു ചോദിച്ചുകൊണ്ടേയിരു ന്നു. തന്റെ ജീവിതത്തിന്റെ അവസാനഘ ട്ടത്തിൽ പൗലോസിന്റെ ആഗ്രഹം "യേശു വിനെ കൂടുതൽ അറിയുക" എന്നതും "ദൈവത്തിന്റെ പരമവിളിയുടെ വിരുതി നായി ലാക്കിലേക്ക് ഓടുക" എന്നതും ആയിരുന്നു. (ഫിലി : 3:10,13). പൗലൊ സിന്റെ ജീവിതത്തെക്കുറിച്ചുള്ള തന്റെ മുഴുവൻ പദ്ധതിയും കർത്താവ് ആദ്യം തന്നെ അദ്ദേഹത്തെ കാണിച്ചില്ല- പടിപ ടിയായി മാത്രമേ ദൈവം അതു വെളിപ്പെ ടുത്തിയുള്ളു. "പട്ടണത്തിൽ ചെല്ലുക. നീ ചെയ്യേണ്ടത് അവിടെവച്ചു നിന്നോടു പറയും"- ഇതായിരുന്നു ആദ്യപടി. (വാക്യം-6)

പരിശുദ്ധാത്മാവിനു കീഴ്പ്പെട്ടു ജീവി ച്ചുപോന്ന അനന്യാസ് എന്ന ഒരു മനുഷ്യൻ ദമസ്കോസിലുണ്ടായിരുന്നു. ശൗൽ താമസിക്കുന്ന സ്ഥലത്തു ചെന്ന് അവനുവേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവ് തന്നോടു പറയുന്നതായി അദ്ദേഹം കേട്ടു. ദൈവം നമ്മോട് എവിടെ യെങ്കിലും പോകാൻ പറയുമ്പോൾ അവിടെ ദൈവം നമ്മുടെ ശുശ്രൂഷ പ്രാപി ക്കാൻ തക്കവണ്ണം ആൾക്കാരെ ഒരുക്കിയി ട്ടുണ്ട് എന്നു തീർച്ചപ്പെടുത്താം. നീ നിന്റെ ഇഷ്ടപ്രകാരം പോകുമെങ്കിൽ, ആരും ഒരു ക്കമില്ലാതിരിക്കുന്ന സ്ഥലങ്ങളിൽ നീ പോയെന്നു വരാം. ഒന്നാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗല്ഭനായ അപ്പോസ്തോലൻ ആകുവാൻ തക്കവണ്ണം ശൗൽ പരിശുദ്ധാ ത്മാവിനാൽ നിറയപ്പെടേണ്ടതിന് അവനു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം ഉപയോ ഗിച്ച വിനയാന്വിതനും അജ്ഞാതനുമായ ഒരു സഹോദരനായിരുന്നു അനന്യാസ്.അന്നത്തെ എല്ലാ ക്രിസ്തു ശിഷ്യന്മാരും ഒരാൾ മാനസാന്തരപ്പെട്ടാൽ മാത്രം പോരാ, അയാൾ പരിശുദ്ധാത്മാ വിൽ നിറയപ്പെടണം എന്നും മനസ്സിലാ ക്കിയിരുന്നു.

പ്രവൃത്തി 9:25 -ൽ മരണത്തിൽ നിന്നു രക്ഷപ്പെടാൻ ശൗലിനെ കുട്ടയിൽ ജനാല യിലൂടെ ഇറക്കിയതായി നാം വായിക്കുന്നു. 2 കൊരി:11:32,33-ൽ ദൈവം തന്നെ താഴ്മ യുള്ളവനാക്കിയത് എങ്ങനെയെന്ന് കൊരിന്ത്യരെ കാണിക്കുവാൻ ഈ നിന്ദ്യമായ സംഭവം പൗലോസ് വിവരിക്കു ന്നു. അപ്പൊ:പ്ര: 8-ൽ ദൈവം ഫിലിപ്പോ സിനെ എടുത്തുകൊണ്ട് വേറെ ഒരു സ്ഥലത്തു കൊണ്ടുപോയതായി നാം വായിക്കുന്നു.ആളുകൾ തന്നെ കൊല്ലു വാൻ ശ്രമിച്ചപ്പോൾ ദൈവത്തിന് ഈ കാര്യം പൗലോസിനു വേണ്ടിയും ചെയ്യാ മായിരുന്നു. പക്ഷേ ദൈവത്തിന്റെ വഴികൾ





എപ്പോഴും ഒരുപോലെയല്ല. നമ്മുടെ ശത്രു ക്കളിൽ നിന്നു രക്ഷപ്പെടാൻ ചിലപ്പോൾ നമുക്കു പരിഹാസ്യമായ വഴികളിലൂടെ പോകേണ്ടിവരും. പക്ഷേ ദൈവം നമ്മെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധ ത്തിൽ രക്ഷിക്കുന്നു!

## അധ്യായം-പത്ത്

10-ാം അധ്യായത്തിൽ ദൈവവചനം ആദ്യമായി യഹൂദേതരർക്കു ലഭിക്കുന്നതി നെപ്പറ്റി നാം വായിക്കുന്നു. "നിങ്ങൾ യരു ശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷിക ളാകും'' എന്നു കർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞിരുന്നു. രണ്ടാ മത്തെ അധ്യായത്തിൽ യരുശലേമിലും യഹൂദ്യയിലുമുള്ള യഹൂദന്മാരോടുകൂടെ ശിഷ്യന്മാർ ഈ ദൗത്യം ആരംഭിച്ചു. 8-ാം അധ്യായത്തിൽ അവർ ശമര്യക്കാരുടെ അടുത്തുപോകുന്നു. ഇപ്പോഴിതാ യഹൂദേ തരരുടെ അടുക്കൽ ആദ്യമായി അവർ പോകുന്നു. യഹൂദന്മാർക്കും യഹൂദേത രർക്കും സുവിശേഷത്തിന്റെ വാതിലുകൾ ആദ്യമായിതുറന്നുകൊടുക്കുവാനുള്ള ഭാഗ്യപദവി കിട്ടിയത് പത്രോസിനായിരു ന്നു.

ബൈബിളിനെപ്പറ്റിയോ ദൈവത്തെപ്പ റ്റിയോ ഒന്നുമറിയാത്ത മനുഷ്യനായിരുന്നു കൊർന്നല്യോസ്. അവൻ എപ്പോഴും ദൈവ ത്തോടു പ്രാർത്ഥിക്കുന്ന ഒരു ഭക്തനും ദരി ദ്രരെ ഔദാര്യമായി സഹായിക്കുന്നവനും ആയിരുന്നു (10:2). ഒരു ദൂതൻ അവനു പ്രത്യക്ഷനായി "നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവം കൈക്കൊണ്ടിരിക്കുന്നു" എന്ന് അവനോടു പറഞ്ഞു. (വാക്യം-4) ദൈവഭയവും ആത്മാർത്ഥതയും ഉള്ളവനാ ണെങ്കിൽ ഒരു അക്രൈസ്തവന്റെ പ്രാർത്ഥ നപോലും ദൈവം കേൾക്കും എന്ന് ഇവിടെ നാം കാണുന്നു. ദൈവം അയാളെ പിതാവിലേക്കുള്ള ഏകവഴിയായ ക്രിസ്തു വിലേക്ക് നയിക്കുന്നു. (യോഹ:14:6). പത്രോ സിനെപ്പോലെ അനേകം ക്രിസ്ത്യാനികൾ, തങ്ങൾ അക്രൈസ്തവരെക്കാൾ മെച്ചപ്പെ ട്ടവരാണെന്നു കരുതുന്നു. പക്ഷേ കൊർന്നല്യോസിനെപ്പോലെ ചില അക്രൈസ്തവർ അനേകം ക്രിസ്ത്യാനികളേക്കാൾ കൂടുതൽ ദൈവ ഭയമുള്ളവരാണ്. താൻ യഹൂദേതരരേക്കാൾ വിശുദ്ധനാണെന്നും പത്രോസ് ചിന്തിച്ചു. ദൈവത്തിന് പത്രോസിന്റെ ആ അഭി പ്രായം മാറ്റി അദ്ദേഹത്തെ വിശാലഹൃദയ മുള്ളവനാക്കേണ്ടിവന്നു. അക്രൈസ്തവരെപ്പറ്റി നമ്മുടെ അഭിപ്രാ യവും ദൈവത്തിനു മാറ്റേണ്ടിവരും. പത്രോ സിന്റെ അഭിപ്രായം മാറ്റുവാൻ വേണ്ടി. ഒരു ദർശനം കൊടുക്കേണ്ടിവരത്തക്കവണ്ണം പത്രോസ് കഠിനഹൃദയനായിരുന്നു (വാക്യം-11). ഈ ദർശനത്തിൽ ശുദ്ധവും അശുദ്ധവുമായ മൃഗങ്ങൾ അടങ്ങിയ ഒരു വിരിപ്പ് പത്രോസ് കണ്ടു; 'അറുത്തുതി ന്നുക' എന്നു തന്നോടു പറയുന്ന ഒരു ശബ്ദവും കേട്ടു. താൻ അശുദ്ധമായ തൊന്നും ഒരിക്കലും തിന്നിട്ടില്ല എന്നു പറഞ്ഞു പത്രോസ് അതു നിരസിച്ചു. മോശെയുടെ ന്യായപ്രമാണപ്രകാരം ചില മൃഗങ്ങൾ അശുദ്ധമായതിനാൽ അവയെ യഹൂദന്മാർ തിന്മാൻ പാടില്ല- (ലേവ്യ: 11) 'ദൈവം ശുദ്ധീകരിച്ചതിനെ നീ അശുദ്ധം എന്നു വിചാരിക്കരുത്' എന്നു ദൈവം പറ ഞ്ഞു. ഈ ദർശനം മൂന്നു പ്രാവശ്യം ഉണ്ടാ യി. പത്രോസിനെ ആളയച്ചു വരുത്തണം എന്ന് ഒരു ദൂതൻ കൊർന്നല്യോസിനോടു പറഞ്ഞതനുസരിച്ച് കൊർന്നല്യോസിന്റെ അടുക്കൽ നിന്നു ദൂതന്മാർ പത്രോസിന്റെ വീട്ടിൽ എത്തിയപ്പോൾ, ഈ ദർശന ത്തിന്റെ അർത്ഥം എന്തായിരിക്കും എന്നോർത്ത് പത്രോസ് ചിന്താമഗ്നനായി രുന്നു. അപ്പോൾ യഹൂദന്മാർ അശുദ്ധ രെന്നു കരുതുന്ന ഈ യഹൂദതര മനുഷ്യന്റെ വീട്ടിൽ പോകാനാണ് ദൈവം തന്നോട് ആവശ്യപ്പെടുന്നതെന്ന് പത്രോ സിനു മനസ്സിലായി.

(തുടരും)

**മൊഴിമാറ്റം: സാലിജോസ്**

സഹോദരിമാരോട്

# സ്ത്രീയേ നീ കരയുന്നതെന്ത്?

ആനി പുന്നൻ

**അധ്യായം മൂന്ന്** *(തുടർച്ച)*

**നി**ങ്ങളുടെ കുട്ടി കടന്നുപോകുന്ന പ്രതിസന്ധി എന്തുതന്നെ ആയാലും അവനെ പൂർണ്ണമായി മനസ്സിലാക്കുന്ന ഒരാൾ സ്വർഗ്ഗത്തിൽ ഉണ്ട് എന്ന് ഓർക്കണം. യായിറോസിന്റെ മകളെ മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചവനാണ് അവിടുന്ന്. നിങ്ങൾ ആ രംഗം മനസ്സിൽ ഒന്നു സങ്കല്പിച്ചുനോക്കുക.യേശു തന്റെ ശിഷ്യന്മാരിൽ ചുരുക്കം ചിലരെയും, ആ കുട്ടിയുടെ മാതാപിതാക്കളേയും കൂട്ടി അവളുടെ മുറിയിൽക്കയറി വാതിൽ അടച്ചു. എന്നിട്ട് യേശു അവളെ മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു. അവളെ മാതാപിതാക്കളുടെ കയ്യിലേക്ക് തിരികെ കൊടുത്തു.അവൾക്ക് കഴിക്കുവാൻ ആഹാരം കൊടുക്കുവാൻ യേശു അവരോടു പറഞ്ഞു.

ഇന്ന് യേശു നിങ്ങൾക്കുവേണ്ടി ഇതേ കാര്യം തന്നെ ചെയ്യട്ടെ. നീ വിലപിക്കുമ്പോൾ നിന്റെ മുറിയുടെ സ്വകാര്യതയിലേക്ക് യേശു നിന്നോടൊപ്പം വരട്ടെ. മേൽപ്പറഞ്ഞ പ്രകാരം തന്നെ അത്ഭുതകരമായ ഒരു കാര്യം അവൻ നിന്റെ കുട്ടിക്കുവേണ്ടി ചെയ്യും. നീ നിരാശപ്പെടരുത്.

സ്വന്തമക്കൾക്കുവേണ്ടി സ്ഥിരമായി പ്രാർത്ഥിക്കുന്ന അമ്മമാർക്ക് താഴെപ്പറയുന്ന പ്രകാരത്തിലുള്ള ഒരു അനുഭവം ഉണ്ടായിട്ടുണ്ടാകും.ഒരു കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അതിയായ ഭാരം നിങ്ങൾക്ക് അനുഭവപ്പെടുന്നു. അപ്പോൾ നിങ്ങൾ പ്രാർത്ഥനയിൽ കുറച്ചുസമയം ആ കുട്ടിക്കുവേണ്ടി ചെലവഴിക്കുന്നു. അതിനുശേഷം ആ ഭാരം പൊയ്പോയതായി നിങ്ങൾക്ക് അനുഭവപ്പെടുന്നു. നിങ്ങൾക്കു ഭാരം തോന്നിയ ആ സമയത്തുതന്നെ കുട്ടി ഏതോ അപകടാവസ്ഥ അഭിമുഖീകരിക്കുകയായിരുന്നു എന്ന് പിന്നീട് നിങ്ങൾ തിരിച്ചറിയുന്നു. ഇപ്രകാരം മക്കൾക്കുവേണ്ടി പ്രാർത്ഥനാവീരരായി നിങ്ങൾ നിലകൊള്ളുന്നു. പ്രാർത്ഥന എന്നത് ഒടുവിലത്തെ ഒരു പരിഹാരമാർഗ്ഗമല്ല. എന്നാൽ നമ്മുടെ കുഞ്ഞുങ്ങളുടെ പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരമാണ് പ്രാർത്ഥന.

നയീനിലെ വിധവയ്ക്ക് സ്വന്തമകനെ മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റവനായി തിരികെ ലഭിച്ചു. ഒരു പക്ഷേ നിങ്ങളുടെ കുട്ടി ആത്മീയമായി മരിച്ചവനാകാം. അവൻ ലാസറിനെപ്പോലെ നാറ്റം വച്ചിരിക്കുന്ന അവസ്ഥയിൽ ആയിരിക്കാം.പക്ഷേ അവൻ യേശുവിന്റെ വിളി കേട്ട് ജീവനുള്ളവനായി പുറത്തുവരും.അതുകൊണ്ട് നിങ്ങളുടെ കുട്ടിക്കുവേണ്ടി രാവും, പകലും കർത്താവിനോട് നിലവിളിക്കുക.ദൈവം നമുക്ക് അനേക വാഗ്ദാനങ്ങൾ നല്കിയിട്ടുണ്ട്.അവൻ അവയെല്ലാം നിറവേറ്റിത്തരും. അവൻ നിങ്ങൾക്ക് വേഗത്തിൽ ഉത്തരമരുളും. നിങ്ങൾ കർത്താവിനായി കാത്തിരിക്കുക. അവൻ നിങ്ങൾക്കുവേണ്ടി സംഗ്രഹിച്ചി





രിക്കുന്നത് എന്താണെന്നു നിങ്ങളുടെ കണ്ണു കണ്ടിട്ടില്ല. നിങ്ങളുടെ ചെവി ഇതുവരെ കേട്ടിട്ടുമില്ല. "മനുഷ്യനാൽ അസാധ്യമായത് ദൈവത്താൽ സാധ്യം."

എന്റെ പരീക്ഷാസന്ദർഭങ്ങളിൽ എന്നെ അനേക തവണ ശക്തീകരിച്ച ഒരു അദൃശ്യമായ നീരുറവയായിരുന്നു മേൽ ഉദ്ധരിച്ച വാക്യം.വ്യത്യസ്തങ്ങളായ അനേക സന്ദർഭങ്ങളിൽ ഞാൻ എന്റെ മക്കൾക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്.അനേക തവണ ദൈവം ഉത്തരമരുളി എന്ന് എനിക്കു സാക്ഷിക്കുവാൻ കഴിയും. എന്റെ നാല് ആൺമക്കൾക്കുവേണ്ടി ദൈവം ചെയ്തുതന്ന കാര്യങ്ങൾക്കായി ഞാൻ എല്ലാ മഹത്വവും ദൈവത്തിനു കരേറ്റുന്നു.പ്രാർത്ഥന, കാര്യങ്ങളെ വ്യത്യാസപ്പെടുത്തുന്നു എന്ന് എനിക്കറിയാം. അതുപോലെ നിങ്ങളുടെ ജീവിതത്തിലും, നിങ്ങളുടെ മക്കളുടെ ജീവിതത്തിലും പ്രാർത്ഥന മൂലം കാര്യങ്ങൾ വ്യത്യാസപ്പെടും. നാം ചോദിക്കുന്നതിലോ സങ്കല്പിക്കുന്നതിലോ വളരെയധികമായി നമുക്കുവേണ്ടിയും നമ്മുടെ മക്കൾക്കുവേണ്ടിയും ചെയ്തുതരുവാൻ ദൈവത്തിനു കഴിയും. (എഫെ. 3:20).

നിങ്ങളുടെ കുട്ടി ഒരു ദുസ്സ്വഭാവത്തിന് അടിമയാണെങ്കിൽ ഒരിക്കലും അവനെ കുറ്റപ്പെടുത്തരുത്. അവന് ഇപ്പോൾത്തന്നെ ആവശ്യത്തിന് പ്രയാസമുണ്ട്. ആ സ്വഭാവത്തിൽ നിന്നു വിടുതൽ കിട്ടുവാൻ അവന് ആഗ്രഹമുണ്ടെങ്കിലും അത് അവനെക്കൊണ്ട് സാധിക്കുന്നില്ല. ഒരിക്കലും നിങ്ങൾ തന്നെത്താൻ കുറ്റപ്പെടുത്തരുത്. "ഞാൻ ഒരു നല്ല അമ്മ ആയിരുന്നെങ്കിൽ" എന്നു ചിന്തിക്കുവാനുള്ള സമയം ഇതല്ല. ഒരു അമ്മയും തികഞ്ഞവൾ അല്ല. നാമെല്ലാവരും നമ്മുടെ കഴിവിന്റെ പരമാവധി ചെയ്യുന്നു; പക്ഷേ നാം അനേക അബദ്ധങ്ങളും ചെയ്തുപോകുന്നു.

നീ ചെയ്തുപോയ തെറ്റോർത്ത് വിഷമം തോന്നുന്നുണ്ടെങ്കിൽ അതു കർത്താവിനോട് ഏറ്റുപറയുക. അങ്ങനെ ആ കാര്യം അവിടെ അവസാനിപ്പിക്കുക.പശ്ചാത്താപത്തിന്റെയും കുറ്റബോധത്തിന്റെയും ചിന്തകളിൽ നിന്ന് കരകയറുക. പിശാചിന്റെ ഏറ്റവും മൂർച്ചയുള്ള അമ്പുകളിൽ ഒന്നാണ് 'കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുക' എന്നത്. ആ അമ്പ് ഉപയോഗിച്ച് അവൻ അനേകം ദൈവമക്കളെ മുറിവേല്പിക്കുകയും, തളർത്തുകയും, അവരുടെ പ്രാർത്ഥന നിർത്തിക്കളയുകയും ചെയ്യുന്നു. നാം യുദ്ധക്കളത്തിലാണ് എന്ന കാര്യം മറന്നുപോകരുത്. അതിനാൽ വിലപിച്ചുകൊണ്ട് നമ്മുടെ ഉർജ്ജം നാം പാഴാക്കിക്കളയരുത്. നമുക്ക് പ്രവർത്തിക്കുവാനുണ്ട്. അതു നാം ഇപ്പോൾത്തന്നെ ചെയ്യണം. നിന്റെ മകനോട് നീ സംസാരിക്കുന്ന വേളയിൽ നിന്നെ സഹായിക്കുവാനായി നീ ദൈവത്തോട് അപേക്ഷിക്കുക. വർഷങ്ങൾകൊണ്ടു പടുത്തുയർത്തിയ മതിലുകൾ (തടസ്സങ്ങൾ) ദൈവം തകർത്തുകളയട്ടെ. കണ്ണീരോടുകൂടി നീ കഴിക്കുന്ന അപേക്ഷകൾ മൂലം അത്ഭുതങ്ങൾ സംഭവിക്കും — ദൈവത്തിന്റെ ഹൃദയത്തിൽ മാത്രമല്ല, നിന്റെ മകന്റെയും മകളുടെയും ഹൃദയത്തിലും.

നിങ്ങളുടെ കുട്ടി നിസ്സഹായൻ ആകയാൽ കുട്ടിക്കുവേണ്ടി നിങ്ങൾതന്നെ

> പിശാചിന്റെ ഏറ്റവും മൂർച്ചയുള്ള അമ്പുകളിൽ ഒന്നാണ് 'കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുക' എന്നത്. ആ അമ്പ് ഉപയോഗിച്ച് അവൻ അനേകം ദൈവമക്കളെ മുറിവേല്പിക്കുകയും, തളർത്തുകയും, അവരുടെ പ്രാർത്ഥന നിർത്തിക്കളയുകയും ചെയ്യുന്നു. നാം യുദ്ധക്കളത്തിലാണ് എന്ന കാര്യം മറന്നുപോകരുത്. അതിനാൽ വിലപിച്ചുകൊണ്ട് നമ്മുടെ ഉർജ്ജം നാം പാഴാക്കിക്കളയരുത്. നമുക്ക് പ്രവർത്തിക്കുവാനുണ്ട്. അതു നാം ഇപ്പോൾത്തന്നെ ചെയ്യണം.

നിങ്ങളുടെ കുട്ടി നിസ്സഹായൻ ആകയാൽ കുട്ടിക്കുവേണ്ടി നിങ്ങൾതന്നെ യുദ്ധം ചെയ്യണം. ഇതിനായി നിങ്ങൾ ശക്തയായിത്തീരണം. ദാവീദ് ഒരു സിംഹത്തിന്റെ വായിൽനിന്ന് ഒരു ആട്ടിൻകുട്ടിയെ വലിച്ചെടുത്ത് രക്ഷിച്ചത് ഓർക്കുക. അതുപോലെ നാമും നമ്മുടെ മക്കളെ പിശാചിന്റെ വായിൽനിന്ന് വിടുവിക്കേണ്ടതാണ്. ഇതുവരെ നിങ്ങൾക്ക് ബലവും, ധൈര്യവും ഇല്ലായിരുന്നു. പക്ഷേ ഇപ്പോൾ നിങ്ങൾ ഉണർന്നെഴുന്നേല്ക്കുക. കണ്ണുനീർ തുടച്ചുകളഞ്ഞശേഷം സ്വർലോകങ്ങളിലെ യുദ്ധത്തിൽ പങ്കു ചേരുക.

യുദ്ധം ചെയ്യണം. ഇതിനായി നിങ്ങൾ ശക്തയായിത്തീരണം. ദാവീദ് ഒരു സിംഹത്തിന്റെ വായിൽനിന്ന് ഒരു ആട്ടിൻകുട്ടിയെ വലിച്ചെടുത്ത് രക്ഷിച്ചത് ഓർക്കുക. അതുപോലെ നാമും നമ്മുടെ മക്കളെ പിശാചിന്റെ വായിൽനിന്ന് വിടുവിക്കേണ്ടതാണ്.

ഇതുവരെ നിങ്ങൾക്ക് ബലവും, ധൈര്യവും ഇല്ലായിരുന്നു. പക്ഷേ ഇപ്പോൾ നിങ്ങൾ ഉണർന്നെഴുന്നേല്ക്കുക. കണ്ണുനീർ തുടച്ചുകളഞ്ഞശേഷം സ്വർലോകങ്ങളിലെ യുദ്ധത്തിൽ പങ്കു ചേരുക. ജീവന്റെ അപ്പം ഭക്ഷിക്കുക. ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ ഉപയോഗിച്ച് പിശാചിനോടു യുദ്ധം ചെയ്യുക. അവനെ നിങ്ങളുടെ ഭവനത്തിൽനിന്ന് പുറത്താക്കുക. യേശുവിന്റെ നാമത്തിൽ അവനെ ശാസിക്കുക. കർത്താവ് വാഗ്ദാനം ചെയ്തതുപോലെ മിന്നലിന്റെ വേഗത്തിൽ അവൻ നിന്നെ വിട്ട് ഓടിപ്പോകും. (യാക്കോ 4:7, ലൂക്കോ. 10:18)

ഇത്തരം സന്ദർഭങ്ങളിൽ ദൈവവചനം നിങ്ങൾക്കു വിലയേറിയതായിത്തീരട്ടെ. നിങ്ങളുടെ കുട്ടിയെ സംബന്ധിക്കുന്ന ഈ ശോധനാഘട്ടം നിങ്ങളുടെ ആത്മീയചൈതന്യത്തെ കെടുത്തിക്കളയരുത്. കഠിനമായ വ്യസനത്തിന്റെ വേളകളിൽ ദൈവത്തിന്റെ അത്ഭുതകരമായ വാഗ്ദാനങ്ങൾക്ക് നിങ്ങളെ നിലനിർത്തുവാൻ കഴിയും. ദാവീദിന്റെ സങ്കീർത്തനങ്ങൾ വായിച്ചുനോക്കുക. പരിശോധനയുടെയും ദുഃഖത്തിന്റെയും സമയങ്ങളിൽ നമ്മുടെ ആത്മാവിനെ ഉത്സാഹിപ്പിക്കുവാനുള്ള പ്രത്യേക കഴിവ് ആ സങ്കീർത്തനങ്ങൾക്കുണ്ട്. ദൈവസന്നിധിയിൽ ചെന്ന് “ദൈവപ്രസാദത്തിന്റെ ഒരു അടയാളം എനിക്കു തരേണമേ” എന്നു പ്രാർത്ഥിക്കുക. (സങ്കീ. 86:17). താഴെപ്പറയുന്ന തരത്തിലുള്ള വാഗ്ദാനങ്ങൾ അവകാശമായി ചോദിക്കുക:

“വെട്ടുക്കിളി തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും.'' (യോവേ. 2:25) “വാഗ്ദാനം ചെയ്തവൻ വിശ്വസ്തനല്ലോ......... താൻ അരുളിച്ചെയ്തത് അവിടുന്ന് നിറവേറ്റാതിരിക്കുമോ? (എബ്രാ. 10:23, സംഖ്യ. 23:19)

“പിന്നത്തെ മഹത്വം മുമ്പിലത്തേതിലും വലുതായിരിക്കും” (ഹഗ്ഗാ. 2:9).

“ഞങ്ങൾ വിചാരിച്ചിട്ടില്ലാത്ത ഭയങ്കര കാര്യങ്ങളെ നീ പ്രവർത്തിച്ചു” (യെശ. 64:3)

നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരുമാറു നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു. (2 കൊരി. 9:8)

ഇത്തരം വചനങ്ങൾ ശക്തിയുള്ള പ്രവചനങ്ങളാണ്. അവയ്ക്ക് നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയും.

“അത്ഭുതകരമാം വേദവചനങ്ങൾ
ജ്ഞാനം വെളിപ്പെടുത്തീടും പുറങ്ങൾ
ആയിരം വട്ടം നാം വായിച്ചീടുകിലും
പഴയതായ് തീരുകില്ലൊരിക്കലും
ഓരോ വരിയിലുമുണ്ടൊരു നിധി





തൻ വാഗ്ദാനമോരോന്നും ഓരോ മുത്തുതാൻ
വേണമെന്നുണ്ടെങ്കിൽ നേടിയെടുക്കാം
കാലവും, ഉലകവും മാറീടും വേളയിൽ
എന്നും നില്ക്കുന്നതു ദേവവചനമാം”

(ജൂലിയ സ്റ്റെർലിങ്)

ശത്രുക്കൾ ഒരുക്കിവെച്ച കെണികളിൽനിന്ന് ദാവീദിനെ വിടുവിച്ച കർത്താവ് നിങ്ങളുടെ കുട്ടിയെ വിടുവിക്കുവാനും പ്രാപ്തനാണ്. (സങ്കീ. 124:6–8. ഈ ഭാഗം വായിച്ച് കർത്താവിനോട് ഇത് അവകാശപ്പെടുക.)

നിങ്ങളുടെ മകനെ ഒരു കുറ്റവാളിയായി കണക്കാക്കരുത്. മറിച്ച് അവനെ ഒരു രോഗിയായി കരുതുക, “ഇത്തരത്തിൽ ഞങ്ങളോടു പെരുമാറുവാൻ നിനക്ക് എങ്ങനെ കഴിഞ്ഞു?'' എന്ന തരത്തിലുള്ള വാക്കുകളൊന്നും തന്നെ അവനോട് പറയരുത്.

മറ്റുള്ളവർ നിങ്ങളുടെ കുട്ടിയെക്കുറിച്ച് എന്തു പറയും എന്നോർത്ത് നിങ്ങൾക്ക് ഒരു പക്ഷേ നാണക്കേടു തോന്നുന്നുണ്ടാവാം. മനുഷ്യന്റെ അഭിപ്രായങ്ങളെ നിങ്ങൾ പരിഗണിക്കരുത്. മനുഷ്യരുടെ അഭിപ്രായങ്ങളെ ചവറ്റുകുട്ടയിൽ ഇട്ടുകളയണം എന്ന് എന്റെ ഭർത്താവ് എപ്പോഴും പറയാറുണ്ട്! ഭൂമിയിലെ ഏതു വ്യക്തിയേക്കാളും നിങ്ങൾക്കു വിലപ്പെട്ടത് നിങ്ങളുടെ കുട്ടിയാണ്. അതുകൊണ്ട് നിങ്ങളുടെ കുടുംബത്തിനു മാനഹാനി വന്നതോർത്ത് വിലപിച്ച് വെറുതെ സമയം കളയരുത്. നിങ്ങളുടെ കുട്ടി ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ വേണ്ടി നിങ്ങൾ കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുക. അതു മാത്രമാണ് ഇപ്പോൾ ചെയ്യേണ്ടത്.

സൗഖ്യദായകവും, പരസ്പരം നിരപ്പിക്കുന്നതുമായ ക്ഷമയുടെയും, വിശ്വാസത്തിന്റെയും വചനങ്ങൾ നിങ്ങൾ മകനോടു സംസാരിക്കുക, പക്വതയുള്ള ഒരു വ്യക്തിയെപ്പോലെ അവനെ കരുതുക. കാരണം, അവൻ ഭാവിയിൽ അങ്ങനെയുള്ള ഒരു വ്യക്തിയായിത്തീരുവാൻ പോകുകയാണ്.

വിശ്വാസത്തോടെ പ്രാർത്ഥിക്കുക. പിശാചിന്റെ കെണിയിൽനിന്ന് മകനെ രക്ഷിക്കുക. ക്രിസ്തീയ സ്നേഹിതരോട് പ്രാർത്ഥനയ്ക്കായി ആവശ്യപ്പെടുക. മുടിയനായ പുത്രനെ പിതാവും സ്വീകരിച്ചതുപോലെ തന്നെ നിങ്ങളുടെ കുട്ടിയെ വ്യവസ്ഥകളില്ലാതെ സ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുക. ആവശ്യമാണെങ്കിൽ അവനു വൈദ്യസഹായമോ, വിദഗ്ദ്ധസഹായമോ ലഭ്യമാക്കുക. ചെറുപ്പക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പരിശീലനം സിദ്ധിച്ച ആളുകളുണ്ട്. നിങ്ങൾക്ക് അവരുടെ സഹായം തേടാം. അല്ലെങ്കിൽ നിങ്ങൾ തന്നെത്താൻ കുട്ടിയുടെ പ്രശ്നമെന്താണെന്നു നിരീക്ഷിച്ചു മനസ്സിലാക്കി അവനെ സഹായിക്കു. എല്ലാറ്റിലും ഉപരിയായി, നിങ്ങളുടെ ഭർത്താവുമായി ഐക്യത്തിൽ ജീവിച്ചുകൊണ്ട് കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുക. ഭവനത്തിൽ ഭിന്നതയുണ്ടെങ്കിൽ പിശാചിന് അവിടെ കാലുറപ്പിക്കാൻ ഇടമുണ്ട്. രണ്ടുപേർ യേശുവിന്റെ നാമത്തിൽ ഐക്യപ്പെട്ട പിതാവിനോട് എന്തെങ്കിലും അപേക്ഷിച്ചാൽ അത് അവർക്കു ലഭിക്കുമെന്ന് യേശു പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് ഇപ്പോൾ ആരേയും കുറ്റപ്പെടുത്തരുത്. നിങ്ങളുടെ കുട്ടി തോന്ന്യാസമായ ജീവിതം നയിച്ചതിന്റെ പരിണതഫലം അനുഭവിക്കുകയാണെങ്കിൽപ്പോലും എല്ലാവർക്കും പ്രത്യാശ ശേഷിച്ചിരിക്കുന്നു എന്ന് ഓർക്കുക. സങ്കീ. 119:15 – ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: “ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും, നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു.” മുടിയനായ പുത്രൻ ഒടുവിൽ തന്റെ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങി വന്നുവല്ലോ. അവന്റെ മാതാപിതാക്കൾ അവനെ ഓർത്ത് വളരെ കരഞ്ഞുകാണും എന്ന് എനിക്കു തീർച്ചയാണ്. പക്ഷേ ഒരുനാൾ അവരുടെ ദുഃഖത്തിന്റെ കണ്ണീർ സന്തോഷാശ്രുക്കളായി

ത്തീർന്നു.

ഒരു പക്ഷേ നിങ്ങളുടെ കുട്ടിയുടെ അവസ്ഥ അറിഞ്ഞപ്പോൾ നിങ്ങൾക്ക് ആദ്യം അമ്പരപ്പുണ്ടായിക്കാണും. പക്ഷേ ദൈവത്തിന് അമ്പരപ്പ് ഉണ്ടായിട്ടില്ല എന്നോർക്കുക. എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. അതിനൊരു പരിഹാരമാർഗ്ഗവും അവിടുത്തെ പക്കൽ ഉണ്ട്. നാം കാട്ടുന്ന ഓരോ അബദ്ധത്തിനുമുള്ള പരിഹാരമാർഗ്ഗം ദൈവത്തിന്റെ പക്കൽ ഉണ്ട്. അതുകൊണ്ട് ഓരോ വിഷമസന്ധിയിൽ നിന്നും ദൈവം നമ്മുടെ മക്കളെ രക്ഷിക്കും. തികഞ്ഞ ധൈര്യത്തോടും, പൂർണ്ണനിശ്ചയത്തോടും കൂടി നമുക്ക് അവങ്കലേക്കു തിരിയാം.

"ഇങ്ങനെ എന്റെ ഹൃദയം വ്യസനിക്കുകയും, എന്റെ അന്തരംഗത്തിൽ കുത്തുകൊള്ളുകയും ചെയ്തപ്പോൾ ഞാൻ പൊട്ടനും, ഒന്നും അറിയാത്തവനും ആയിരുന്നു; നിന്റെ മുമ്പിൽ മൃഗം പോലെ ആയിരുന്നു. എന്നിട്ടും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു: നീ എന്നെ വലംകൈയ്ക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും." (സങ്കീ. 73:21-24). മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിക്കുവാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." (1 കൊരി. 10:13)

നിങ്ങൾക്കു സഹിക്കാവുന്നതിൽ അധികമായി ദൈവം നിങ്ങളെ ഒരിക്കലും പരീക്ഷിക്കുകയില്ല. വിലാപം ഒരു രാത്രി മുഴുവൻ നീണ്ടുപോയേക്കും. പ്രഭാതമാകുമ്പോൾ സന്തോഷമുണ്ടാകും. "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു." (സങ്കീ. 34:18).

നമ്മെ തകർത്തുകളയുന്ന ഇത്തരം അനുഭവങ്ങൾ നമ്മെ സമർപ്പണജീവിതത്തിലേക്കു നയിക്കുന്നു. നാം വലിയ അളവിൽ ദൈവത്തിനു കീഴടങ്ങുന്നു. കർത്താവ് നമുക്കുവേണ്ടിയും, നമ്മിലും പ്രവർത്തിക്കുവാനായി നാം കാത്തിരിക്കുന്നു. ഒരുനാൾ ഈ പ്രതിസന്ധി ഇല്ലാതാകും. എന്നാൽ നിങ്ങൾ നിഷ്ക്രിയരായി കാത്തിരിക്കരുത്. പ്രവർത്തിക്കുവാൻ സന്നദ്ധയായിരിക്കുക. എന്തു ചെയ്യണമെന്ന കാര്യത്തിൽ ദൈവം നിങ്ങൾക്കു ജ്ഞാനം തരും. സഹിഷ്ണുതയോടെ ഈ തകർച്ചയെ നേരിടുക. വിലപിക്കുന്നതിനോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുക.

നാമെല്ലാവരും സ്വാശ്രയശീലരും, സ്വയം പര്യാപ്തതയുള്ളവരുമാണ്. നമ്മുടെ ജീവിതത്തിൽ വിഷമസന്ധികൾ വന്നെങ്കിൽ മാത്രമേ നാം പ്രാർത്ഥിക്കുവാനും, കർത്താവിൽ ആശ്രയിക്കുവാനും പഠിക്കുകയുള്ളു. "കഷ്ടത സഹിഷ്ണുതയെ................ ഉളവാക്കുന്നു."

ഉപവസിക്കുവാനും, പ്രാർത്ഥിക്കുവാനും കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. ഒരു പക്ഷേ നിങ്ങൾ ലജ്ജാലുവും, ബലഹീനയും ആയിരിക്കാം. എങ്കിൽപ്പോലും നിങ്ങൾ സ്വർഗ്ഗകവാടത്തിൽ മുട്ടിവിളിക്കുക. അതു നിങ്ങൾക്കായി തുറക്കപ്പെടും. രാത്രിയുടെ രഹസ്യയാമങ്ങളിൽ നിങ്ങൾ ഹൃദയം ദൈവസന്നിധിയിൽ പകരുക. സ്വർഗ്ഗം തുറക്കുന്നതും, വേഗത്തിൽ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നതും നിങ്ങൾക്കു കാണുവാൻ കഴിയും. ജീവിതത്തിലെ ഇരുണ്ട ദിനങ്ങളിൽ ദൈവം നല്കിയ വാഗ്ദാനങ്ങൾ നിങ്ങൾ എഴുതിയിടുക. ആ വാഗ്ദാനങ്ങൾ ഓരോന്നും മഴവില്ലോ, വിലയേറിയ രത്നമോ പോലെ നിങ്ങളുടെ മുമ്പിൽ ശോഭിക്കും. ഒരുനാൾ ഈ വാഗ്ദാനങ്ങൾ മറ്റുള്ളവർക്കു പറഞ്ഞുകൊടുത്ത് അവരെ ഉത്സാഹിപ്പിക്കുവാൻ നിങ്ങൾക്കു കഴിയും. നിങ്ങളുടെ രഹസ്യപ്രാർത്ഥന

*(ശേഷം പേജ് 38 ൽ)*





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-14

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ റീസിനോട് ദൈവം കർശനമായി ഇടപെട്ടു.സ്വയസ്നേഹത്തിൽ നിന്നു വിടുവിക്കാൻ അവനെ പരിശുദ്ധാത്മാവ് ഒട്ടേറെ പരീക്ഷണങ്ങളിലൂടെ നടത്തി.പുറമെയുള്ള പ്രവർത്തനങ്ങളെല്ലാം നിർത്തിവച്ച് റീസ് ഒടുവിൽ മധ്യസ്ഥപ്രാർഥനയിൽ മുഴുകി......* **തുടർന്നു വായിക്കുക**

## തൊപ്പിയില്ലാത്ത പട്ടാളം

റീസ്, മിഷൻ പ്രവർത്തനത്തിന്റെ ചുമതല സ്നേഹിതനു കൈമാറിക്കഴിഞ്ഞപ്പോൾ കൂടുതൽ സ്വതന്ത്രനായതുപോലെ. പക്ഷേ ക്രിസ്തുവിന്റെ 'കെട്ടപ്പെട്ട ദാസ'ന് എവിടെ സ്വാതന്ത്ര്യം? തനിക്കു മധ്യസ്ഥപ്രാർത്ഥനയിൽ പോരാടേണ്ടതുണ്ടല്ലോ — റീസ് സ്വയം ഓർമ്മിപ്പിച്ചു.

അങ്ങനെയിരിക്കുമ്പോൾ ഇതാ വരുന്നു, ലണ്ടനിൽ നിന്നു ഗോസറ്റിന്റെ ക്ഷണം. അടുത്തയാഴ്ച ഗോസറ്റിന്റെ അതിഥിയായി ലണ്ടനിൽ ചെല്ലണം, യോഗങ്ങളിൽ സംസാരിക്കണം.

റീസ് ഉടനെതന്നെ ആ ക്ഷണം, മനസ്സുകൊണ്ടു നിരസിച്ചു: 'ഇല്ല എനിക്കു പോകാനാവില്ല. ഇവിടെ ഗ്രാമത്തിലെ മദ്യപന്മാരുടെ വിടുതലിനുവേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥനയിൽ പോരാടണമല്ലോ. അത് ഏറ്റവും കുറഞ്ഞതു മൂന്നുമാസം എടുക്കും. പിന്നെ ലണ്ടനിൽ പോകാനൊക്കെ എനിക്കെവിടെ സമയം?'

ലണ്ടൻ ക്ഷണം നിരസിച്ച് താൻ കർത്താവിനു വേണ്ടി എന്തോ വലിയ ത്യാഗം ചെയ്യുന്നു എന്നു സ്വയം വിശ്വസിപ്പിച്ചുകൊണ്ടാണ് റീസ് അന്ന് ഉറങ്ങാൻ കിടന്നത്. പിറ്റേന്നു നേരം വെളുത്തപ്പോൾ കർത്താവിന്റെ ചോദ്യം:

"നീ എന്തുകൊണ്ടു ലണ്ടനിൽ പോകുന്നില്ല?"

"അത്.... കർത്താവേ എനിക്കു മധ്യസ്ഥപ്രാർത്ഥനയുണ്ടല്ലോ"

"അതിരിക്കട്ടെ, നിന്റെ യഥാർത്ഥകാരണം പറ": പരിശുദ്ധാത്മാവ് സ്വയത്തിന്റെ അടിവേരുകളോളം അന്വേഷിച്ചു ചെല്ലുമല്ലോ.

ഒടുവിൽ റീസിന് അതു സമ്മതിക്കേണ്ടി വന്നു - തലയിൽ ഹാറ്റ് വയ്ക്കാതെ ലണ്ടൻ നഗരത്തിലൂടെ നടക്കുന്നത് ഓർക്കാൻ വയ്യ.

"തലയിൽ തൊപ്പിയില്ലാതെ പ്രാർത്ഥനാ നിരതനായി ഇവിടെ നടക്കാൻ അവിടുന്നു പറഞ്ഞു. എനിക്കതു പ്രയാസമായിരുന്നെങ്കിലും ഞാൻ അനുസരിച്ചു.

ഒടുവിൽ ഇവിടെ എല്ലാവരും അത് അംഗീകരിച്ചു.

എന്നാൽ ലണ്ടനിൽ വിശിഷ്ടവ്യക്തികളുടെ അതിഥിയായി പോകുമ്പോൾ തൊപ്പിയില്ലാതെ നടക്കുന്ന പ്രശ്നമേയില്ല. ഗോസറ്റ് എന്നെ അതിന് ഒട്ടനുവദിക്കുകയുമില്ല. എനിക്കു മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ അശ്ശേഷം താത്പര്യമില്ല": ഇങ്ങനെ പോയി റീസിന്റെ വാദഗതികൾ!

ജഡത്തിനു ധാരാളം ന്യായങ്ങളും വാദഗതികളും ഉന്നയിക്കാൻ കഴിയും. അവയിൽ ഒന്നുപോലും പരിശുദ്ധാത്മാവിനു സ്വീകാര്യമല്ല. സത്യത്തിൽ ഇക്കാര്യങ്ങളെല്ലാം അവിടുന്ന് ഈ നിലയിൽ ക്രമീകരിച്ചത് റീസ് മനുഷ്യരെക്കാളേറെ തന്നെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമോയെന്ന് അറിയാനാണ്. 'കർത്താവിനു വേണ്ടി ഭോഷനാകുന്നത് ഒരു ബഹുമതിയാണെ'ന്നൊക്കെ ചിലപ്പോൾ ആളുകൾ ഒഴുക്കൻ മട്ടിൽ പറയും. എന്നാൽ യഥാർത്ഥത്തിൽ അങ്ങനെയാകാൻ പരിശുദ്ധാത്മാവു ക്ഷണിക്കുമ്പോഴാണ് അതെത്ര പ്രയാസമാണെന്നു മനസ്സിലാകുന്നത്!

റീസ് വലിയ ധർമ്മസങ്കടത്തിലായി. എന്താ ചെയ്ക? സമർപ്പണത്തിന്റെ ഈ ജീവിതം, കെട്ടപ്പെട്ട ദാസന്റെ ജീവിതം, ദിനന്തോറുമുള്ള മരണം ഉൾക്കൊള്ളുന്ന ആഴമേറിയ ഈ ജീവിതം, ഇതിനോടു വിടപറഞ്ഞാലോ എന്നു റീസ് ഒരു നിമിഷനേരത്തേക്ക്ചിന്തിച്ചുപോയി. വിശ്വാസജീവിതം താൻ അവസാനിപ്പിക്കുകയല്ല. എന്നാൽ തന്റെ ക്രിസ്തീയ സുഹൃത്തുക്കൾ പലരും ആയിരിക്കുന്ന അവസ്ഥയിൽ സുവിശേഷം പ്രസംഗിച്ച്, പാവങ്ങളെ സഹായിച്ച്, ഒരു ശരാശരി ക്രിസ്തീയ ജീവിതം മാത്രം നയിച്ചു മുന്നോട്ട് പോകുക.പക്ഷേ വേഗം തന്നെ റീസ് ആ ചിന്തയ്ക്കു കടിഞ്ഞാണിട്ടു. പരിശുദ്ധാത്മാവു തന്നെ വിളിച്ചിരിക്കുന്നത് 'ജീവിച്ചിരിക്കുന്ന രക്തസാക്ഷി' എന്ന പദവിയിലേക്കാണ്.ഒരു മരിച്ച മനുഷ്യനുള്ളതിനേക്കാൾ കവിഞ്ഞ അവകാശവാദമൊന്നും തനിക്ക് ഈ ജീവിതത്തിന്മേൽ ഉണ്ടായിരിക്കരുത്.

ഉള്ളിൽ ചോദ്യങ്ങളുണ്ടെങ്കിലും തനിക്ക് ഇക്കാര്യത്തിൽ സ്വന്തമായ ഒരു തിരഞ്ഞെടുപ്പില്ലെന്നു റീസിന് എത്രയും വ്യക്തമായിരുന്നു. വിസമ്മതം പറയാൻ തനിക്കു കഴിയുകയില്ല. കാരണം അങ്ങനെ ചെയ്താൽ 'രക്തസാക്ഷിയുടെ പദവി' താൻ വേണ്ടെന്നു വയ്ക്കുകയാണ്!

ഒരിക്കലും നിർബന്ധിച്ചു ചെയ്യിക്കാൻ പരിശുദ്ധാത്മാവു തയ്യാറാവുകയില്ല. എന്നാൽ 'സ്നേഹച്ചരടുകൾ'കൊണ്ടു ബന്ധിച്ചു ക്രൂശിനു ചുവട്ടിലേക്കു പരിശുദ്ധാത്മാവു റീസിനെ നടത്തി. തിരുവെഴുത്തു പറയുംപോലെ 'മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും' ഇരുന്ന കർത്താവിന്റെ അവസ്ഥ അവനെ കാണിച്ചു.

റീസ് അതേക്കുറിച്ച് ഇങ്ങനെയാണു പറയുന്നത്: "മിഷൻ പ്രവർത്തനത്തിനു പോകുമ്പോൾ ഞങ്ങൾ സാധാരണ പാടാറുള്ള പാട്ടിന്റെ വരി

'എവിടേക്കവിടുന്നു നടത്തിയാലും ഞാൻ പിൻഗമിക്കും

തോട്ടത്തിൽ, താഴ്വരയിൽ എല്ലാ ദൂരവും തന്നോടൊപ്പം'

എന്നായിരുന്നു. എന്നാൽ ഇപ്പോൾ തന്നോടൊപ്പം പോകുന്നത് എത്ര വലിയ പോരാട്ടമാണ്!"

ഇതുപോലെയുള്ള കാര്യങ്ങൾ ചെയ്യാൻ തന്റെ ദാസന്മാരോടു നേരത്തെ ആവശ്യപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുന്ന ഒരു വചനഭാഗം കാണിച്ചുതരാൻ റീസ് കർത്താവിനോടു പ്രാർത്ഥിച്ചു. കാരണം ഗോസറ്റോ ലണ്ടനിലെ മറ്റു സുഹൃത്തുക്കളോ തന്റെ വിചിത്രമായ പെരുമാറ്റത്തിന് ആധാരമായി ഒരു വേദഭാഗം ആവശ്യപ്പെട്ടാൽ അതു നൽകണമല്ലോ. "പൊടുന്നനെ ഒരു മിന്നൽപോലെ യോഹ





ന്നാൻ സ്നാപകനെയും ഏലിയാവിനെയും കർത്താവ് എന്നെ കാണിച്ചു. ഇവരിൽ ഒരാൾ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ച് വെട്ടിക്കിളിയും കാട്ടുതേനും കൊണ്ട് ഉപജീവിച്ചവൻ. മറ്റവനാകട്ടെ മൂന്നര വർഷം ഒരു ഗുഹയ്ക്കും വിധവയുടെ വീടിനും മധ്യത്തിൽ ജീവിതം തളച്ചിട്ടവൻ. കാക്കയുടെ ചിറകടിക്കു കാതോർത്തവൻ......... ശക്തിയിലേക്കുള്ള അവരുടെ ക്രൂശിന്റെ പാത ഇതായിരുന്നു.

കർത്താവ് എപ്പോഴും ഒടുവിലെന്നെ വളഞ്ഞു പിടികൂടും. അപ്പൊഴൊക്കെ ഞാൻ ചിരിച്ചുകൊണ്ടു പറയും:'ശരി കർത്താവേ, നീ ഒടുവിൽ ഇതിലേക്കെന്നെ കൊണ്ടുവന്നല്ലോ.'

ഇത്തവണയും ഞാൻ ഒടുവിൽ സമ്മതിച്ചു. പക്ഷേ ഇത്തവണ ഞാൻ അല്പം മുറുമുറുപ്പോടെയാണു കീഴടങ്ങിയത്. പക്ഷേ പൊടുന്നനെ എനിക്കു പേടിയായി. അവിടുന്നു യോഹന്നാൻ സ്നാപകനെയൊക്കെയാണ് എന്നെ കാണിച്ചത്. അതുകൊണ്ട് തൊപ്പി മാത്രമല്ലാതെ വേറെ വല്ലതും കൂടി ഒഴിവാക്കി വേണം ലണ്ടൻ യാത്ര എന്നവിടുന്നു പറയുമോ എന്നായിരുന്നു എന്റെ പേടി. അതുകൊണ്ട് ആ ദിവസം മുഴുവൻ ഞാൻ ജോലി തിരക്കിൽ മുഴുകി.'

ഒടുവിൽ ലണ്ടനിൽ പോകേണ്ട ദിവസം വന്നു. എല്ലാം ഒരുങ്ങി. റീസിന്റെ അമ്മ, അന്നു രാവിലെ മകന്റെ ഹാറ്റ് എടുത്തു വൃത്തിയാക്കി വച്ചിരുന്നു (നാട്ടിൽ റീസ് തൊപ്പി ധരിക്കാതെ നടക്കുന്നതിനോട് അമ്മ ഏറെക്കുറെ പൊരുത്തപ്പെട്ടിരുന്നു. പക്ഷേ ലണ്ടനിൽ പോകുമ്പോൾ റീസ്, ഹാറ്റ് എടുക്കുമെന്നു തന്നെയായിരുന്നു അവരുടെ പ്രതീക്ഷ. അതായിരുന്നു ആദ്യത്തെ പരീക്ഷ. പിശാചും നിർദ്ദേശിച്ചു, തൊപ്പി വാങ്ങി പോക്കറ്റിൽ വയ്ക്കുക, മഴ പെയ്യുകയാണെങ്കിൽ ഉപയോഗിക്കാമല്ലോ. പക്ഷേ മഴ പെയ്താൽ ഹാറ്റിനെക്കാൾ നല്ലത് കുടയാണല്ലോ എന്നു പറഞ്ഞ് റീസ് ആ നിർദ്ദേശം കയ്യോടെ നിരസിച്ചു.

പാഡിങ്ടണിലേക്കു ട്രെയിൻ കുതിച്ചു പായുമ്പോൾ റീസ് കഴുമരത്തിലേക്ക് പോകുന്ന ഒരുവന്റെ മനോഭാവത്തിലായിരുന്നു.

റയിൽവേസ്റ്റേഷനിൽ ഗോസറ്റ് എത്തിയിരുന്നു. ഗംഭീര സ്വീകരണമാണ് അദ്ദേഹം റീസിനു നൽകിയത്. എന്നാൽ കംപാർട്ടുമെന്റിൽ നിന്നു പുറത്തേക്ക് റീസ് ഇറങ്ങാൻ തുടങ്ങിയപ്പോൾ ഗോസറ്റ് തല ഉള്ളിലേക്കിട്ടു പറഞ്ഞു: "റീസ്, താങ്കൾ ഹാറ്റ് കംപാർട്ടുമെന്റിൽ എവിടെയൊ വച്ചു മറന്നു."

"ഞാനോ? ഞാൻ അതിനു ഹാറ്റ് കൊണ്ടുവന്നില്ലല്ലോ" "എന്ത്! ഹാറ്റില്ലാതെ ലണ്ടനിൽ വരികയെന്നോ? പ്രിയനെ, സാധ്യമല്ല. റീസ്, താങ്കൾ നാട്ടിൻപുറത്തല്ല ഇപ്പോൾ. തൊപ്പിയില്ലാതെ നിങ്ങൾക്കു ലണ്ടനിലൂടെ നടക്കാൻ കഴിയുകയില്ല."

"എന്നാൽ ഞാൻ മടങ്ങിപ്പോയേക്കാം." ഗോസറ്റ് അമ്പരന്നു പോയി": മടങ്ങിപ്പോകുന്ന കാര്യം അതിന് ആരു പറഞ്ഞു? തൊപ്പി ധരിക്കുന്ന കാര്യമാണു പറഞ്ഞത്".

റീസ് പിന്നീട് ഈ സംഭവത്തെക്കുറിച്ച് ഇങ്ങനെയാണു പറഞ്ഞത്: "എന്റെ ആതിഥേയനെക്കുറിച്ച് അന്നു സഹതപിച്ചതുപോലെ ഞാൻ ആരെക്കുറിച്ചും സഹതപിച്ചിട്ടില്ല. പാഡിങ്ടണിൽ നിന്നു പിക്കാഡില്ലിയിലേക്ക് ഒരു തുറന്ന വാഹനത്തിലായിരുന്നു ഞങ്ങളുടെ യാത്ര. വാഹനത്തിൽ നടുക്കായി എല്ലാവരുടേയും തുറിച്ചുനോട്ടം ഏറ്റുവാങ്ങി നഗ്നമായ ശിരസ്സോടെ ഞാൻ ഇരുന്നിരുന്നു. തൊട്ടടുത്തിരിക്കേണ്ടി വന്ന ഗോസറ്റിന്റെ മുഖത്തു രക്തമയം ഉണ്ടായിരുന്നില്ല. ആളുകളുടെ അമ്പരന്ന നോട്ടത്തിനു മുൻപിൽ തലകുനിച്ച്, പ്രേതത്തെ കണ്ടതുപോലെ വിളറിവെളുത്ത്....

വഴിയിൽ ഗോസറ്റ് പറഞ്ഞു: "വീട്ടിൽ

ഒരു പുതിയ തൊപ്പി ഇരിപ്പുണ്ട്. വലിയ വിലപിടിച്ച ഒന്നാണത്. എന്റെ തലയ്ക്കതു പാകമല്ല. അതു ഞാൻ താങ്കൾക്കു തരാം"

അപ്പോൾ ഞാൻ ഉള്ളകാര്യം പറഞ്ഞു: 'ലണ്ടനിലെ മുഴുവൻ തൊപ്പികൾ എനിക്കു തന്നാലും അതിൽ ഒന്നു പോലും ഞാൻ വയ്ക്കുകയില്ല. കാരണം തൊപ്പി വയ്ക്കാതെ പ്രാർത്ഥനയുടെ ഒരാത്മാവിൽ എപ്പോഴും ആയിരിക്കുക എന്നത് എന്റെ മധ്യസ്ഥ പ്രാർത്ഥനയുടെ ഭാഗമായുള്ള നിലപാടാണ്.

ഗോസ്റ്റ് പിന്നീട് എന്നോടു പറഞ്ഞത്, അന്നു സ്പർശിക്കപ്പെട്ടതുപോലെ തന്റെ അഭിമാനബോധവും അന്തസ്സും അതിനു മുൻപ് ഒരിക്കലും സ്പർശിക്കപ്പെട്ടിട്ടില്ല എന്നാണ്. കർത്താവ് അതിനു മുൻപ് പല വട്ടവും പല സാഹചര്യങ്ങളിലൂടെ അതിനു ശ്രമിച്ചു. എന്നാൽ തന്റെ അഭിമാനബോധത്തിന്റെ അടുത്തുപോലും വരാൻ ആരെയും ഗോസ്റ്റ് അനുവദിച്ചിരുന്നില്ല. എന്നാൽ അന്നു ലണ്ടൻ നഗരത്തിലൂടെ തുറന്ന വാഹനത്തിൽ യാത്ര ചെയ്തപ്പോൾ അനുഭവപ്പെട്ട ലജ്ജയുടെയും ജാള്യത്തിന്റെയും അത്രയും അതിനു മുൻപുള്ള ജീവിതത്തിൽ പല സന്ദർഭങ്ങളിലുണ്ടായ കൊച്ചുകൊച്ചു 'ചമ്മലു'കൾ ചേർത്തു വച്ചാലും വരികയില്ലെന്നാണു ഗോസ്റ്റ് പിന്നീടു പറഞ്ഞ സാക്ഷ്യം.

കേവലം ഒരു തൊപ്പി ഇത്രയും പ്രശ്നം ഉണ്ടാക്കിയെങ്കിൽ ഉപവാസവും സാധാരണ ഭക്ഷണമേ കഴിക്കുകയുള്ളു എന്ന നിർബന്ധവും ഇനി വരും ദിവസങ്ങളിലെ ലണ്ടൻ ജീവിതത്തിൽ എന്തെല്ലാം കോലാഹലങ്ങളാണുണ്ടാക്കുക എന്ന് റീസ് അമ്പരന്നു. 'ദാനിയേലിന്റെ മെനു' (ശാകപദാർത്ഥവും പച്ചവെള്ളവും) എന്നു താൻ വിളിക്കുന്ന ലളിത ഭക്ഷണം എന്ന നിർബന്ധം റീസിന്റെ ആതിഥേയരെ ഏതു വിഷമസന്ധിയിലാണു കൊണ്ടുവന്ന് എത്തിക്കുക?

വീട്ടിൽ വന്നു ഭക്ഷണത്തിനായി കാത്തിരിക്കുന്ന ഇടവേളയിൽ ഗോസ്റ്റ് ലണ്ടനിലെ വിവിധ ആളുകളിൽ നിന്നു റീസിനു വന്നിട്ടുള്ള 'ഡിന്നറിന്നുള്ള ക്ഷണ'ങ്ങളുടെ പട്ടിക വായിക്കാൻ തുടങ്ങി. "ഇതെല്ലാം എന്തൊരു വലിയ ബുദ്ധിമുട്ടാണ്" റീസ് ചിന്തിച്ചു: "ഇക്കാര്യത്തിലും ഉറച്ച ഒരു നിലപാട് എടുക്കേണ്ടിയിരിക്കുന്നു. എനിക്ക് ദിവസം രണ്ടു നേരം മാത്രം, അതും വെറും സാധാരണ ഭക്ഷണം, മാത്രമേ കഴിക്കാനാവൂ. ഈ സാഹചര്യത്തിൽ ഈ ഗംഭീര ഡിന്നറുകൾ എന്തിനാണ്? ഇപ്പോഴൊന്നും പറയേണ്ട. സമയമാകട്ടെ. അപ്പോൾ എല്ലാം തുറന്നു പറയാം. എന്നാൽ സത്യത്തിൽ അവരെ നിരാശപ്പെടുത്താൻ എനിക്കു ശക്തിയില്ല. എന്താണു ചെയ്യേണ്ടത്?"

ഇങ്ങനെ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഭക്ഷണത്തിനുള്ള മണി മുഴങ്ങി. എല്ലാവരും ഭക്ഷണമേശയിലേക്കു ചെന്നു.

മേശ വളരെ വിഭവസമൃദ്ധമായിരുന്നു. 'ഇതെല്ലാം താങ്കൾക്കു വേണ്ടി തയ്യാറാക്കിയതാണ്. ഓരോ വിഭവവും ഒന്നു രുചിച്ചു നോക്കുകയെങ്കിലും വേണം' : ഗോസ്റ്റ് അങ്ങനെ പറഞ്ഞപ്പോൾ പിന്നെ നിവൃത്തിയില്ലാതായി.

അപ്പോൾ റീസിനു പറയേണ്ടിവന്നു: അടുത്ത മൂന്നു മാസത്തേക്കു ദിവസം രണ്ടുനേരം മാത്രമേ ഭക്ഷണമുള്ളൂ. അതും ബ്രഡ്ഡും ചീസും സൂപ്പും മാത്രം. മറ്റൊന്നും രുചിച്ചുനോക്കുക പോലുമില്ല.'

നിസ്സഹായനായ ഗോസ്റ്റ് രണ്ടുകൈകളും തലയ്ക്കു മീതെ ഉയർത്തി: 'നിങ്ങൾ എന്താണു റീസ് എന്നോടു ചെയ്തത്? എന്റെ അതിഥി ആരാണ്? ഒരു പഴയ നിയമപ്രവാചകനോ?'

രണ്ടുപേരും വളരെനേരം ചിരിച്ചു. ഒടുവിൽ റീസ് എല്ലാം വിശദീകരിച്ചു. ലണ്ടനിൽ പോകുന്നതിനു മുൻപു കർത്താവു തന്നോടു പറഞ്ഞ കാര്യങ്ങളും എല്ലാം പൂർണമായി അനുസരിച്ചുകൊള്ളാം എന്ന് സമ്മതിച്ചതും എല്ലാം എല്ലാം. തന്റെ ആതിഥേയൻ തനിക്കുവേണ്ടി ഇത്രയേറെ





കരുണയോടെ എല്ലാം ക്രമീകരിച്ചിരിക്കുമ്പോൾ സത്യത്തിൽ എല്ലാവരേയും നിരാശപ്പെടുത്തേണ്ടി വന്നതിൽ വലിയ ദുഃഖമുണ്ടെന്നും റീസ് തുറന്നു പറഞ്ഞു.

ഗോസ്റ്റിന്റെ മറുപടി അപ്രതീക്ഷിതമായിരുന്നു, പ്രോത്സാഹജനകവും. 'നഷ്ടപ്പെട്ട ആത്മാക്കളെ നേടാൻ നിങ്ങൾ എന്തെല്ലാം ചെയ്യുന്നു? ഇവിടെയിതാ ഞാൻ, ഒരു വയസ്സൻ, അവരെ നേടാൻ പ്രായോഗികമായി ഒന്നും തന്നെ ചെയ്യുന്നില്ല. അതുകൊണ്ടു രാജാവുതന്നെ താങ്കളെ ഡിന്നറിനു വിളിച്ചാലും റീസ് താങ്കൾ ദൈവത്തോട് അനുസരണക്കേടു കാട്ടേണ്ട."

ഗോസ്റ്റിന്റെ വാക്കുകൾ റീസിന് ഏറെ ആശ്വാസം പകർന്നു. അദ്ദേഹം തന്നെ തെറ്റിദ്ധരിച്ചില്ലല്ലോ.

എന്നാൽ തുടർന്നു ഗോസ്റ്റ് പറഞ്ഞ കാര്യം റീസിനെ പൊട്ടിച്ചിരിപ്പിച്ചു. ഗോസ്റ്റ് ഇങ്ങനെയാണു പറഞ്ഞത്: 'കാര്യമൊക്കെ ശരി പക്ഷേ താങ്കളോടൊപ്പം നഗരത്തിലൂടെ നടക്കാൻ എന്നെ കിട്ടില്ല. ഒന്നുകിൽ ഞാൻ നടക്കുന്നതിനു രണ്ടടി മുൻപിലോ അല്ലെങ്കിൽ രണ്ടടി പുറകിലോ വേണം താങ്കൾ നടക്കാൻ."

ഗോസ്റ്റ് റീസിനെ തന്റെ സുഹൃത്തുക്കളുടെ അടുത്തേക്കു കൂട്ടിക്കൊണ്ടു പോയി. അവരെല്ലാം റീസിനെ ഹാർദ്ദമായി സ്വീകരിച്ചു. നല്ല സമയമായിരുന്നു അത്. പ്രത്യേകിച്ച് റാഡ്സ്റ്റോക്ക് പ്രഭു, റോബർട്ട് ആൻഡേഴ്സൺ പ്രഭു എന്നിവരോടൊപ്പം ചെലവഴിച്ച സമയം. " സമൂഹത്തിലെ ആ ഉന്നതരോടുള്ള ഇടപഴകൽ എന്നെ ഏതെങ്കിലും നിലയിൽ സ്വാധീനിക്കുന്നുണ്ടോ എന്നു കർത്താവു പരിശോധിച്ച സമയമായിരുന്നു അത്. പക്ഷേ ലോകത്തിന്റെ മാന്യതയോടും അന്തസ്സിനോടും ഞാൻ മരിച്ചവനെപ്പോലെ തന്നെയായിരുന്നു" — റീസിന്റെ വാക്കുകൾ.

പക്ഷേ റീസിന്റെ ലണ്ടൻ സന്ദർശനത്തിന്റെ യഥാർത്ഥ ദൈവികോദ്ദേശ്യം വെളിവായത് റീസ് നാട്ടിലേക്കു മടങ്ങുന്നതിന്റെ തലേ രാത്രിയാണ്.

ആ രാത്രി ഗോസ്റ്റ് റീസിന്റെ അടുക്കൽ വന്നു. അവർ ശാന്തമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പൊടുന്നനെ ഗോസ്റ്റ് പറഞ്ഞു: "റീസ്, ദൈവം എന്നെ ചില കാര്യങ്ങൾ വചനത്തിൽനിന്നു വെളിപ്പെടുത്തി. അതിതാണ്: ദൈവത്തിന്റെ പെട്ടകം ഓബേദ് ഏദോമിന്റെ വീട്ടിൽ സൂക്ഷിച്ചതിനു ദൈവം അവനെയും കുടുംബത്തെയും അനുഗ്രഹിച്ചതുപോലെ താങ്കൾ ഇവിടെ ഉള്ളതുകൊണ്ട് ദൈവം എന്റെ കുടുംബത്തെ അനുഗ്രഹിക്കാൻ പോകുകയാണെന്നാണു ദൈവം വെളിപ്പെടുത്തിയത്."

ഗോസ്റ്റ് അതുപറയുമ്പോൾ അന്തരീക്ഷത്തിൽ തന്നെ ദൈവസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്നതായി ഗോസ്റ്റിന് അനുഭവപ്പെട്ടു.

അടുത്ത ദിവസം രാവിലെ 2 രാജാക്കന്മാർ നാലാം അധ്യായം 12 മുതൽ 17 വരെയുള്ള വാക്യങ്ങൾ റീസ്, ഗോസ്റ്റിന്റെ ശ്രദ്ധയിലേക്കു കൊണ്ടുവന്നു: "നോക്കുക, ഈ ശൂനേംകാരത്തി, ഏലിശാ പ്രവാചകനു ചെയ്തതു തന്നെയാണു താങ്കൾ എനിക്കും ചെയ്തത്. അതുകൊണ്ട് ഞാനും ചോദിക്കുകയാണ് "ഞാൻ നിനക്കുവേണ്ടി എന്തു ചെയ്തുതരണം? ദൈവത്തിൽ നിന്ന് എന്തനുഗ്രഹമാണു താങ്കൾക്കു വേണ്ടത്?"

ഗോസ്റ്റ് പൊട്ടിക്കരഞ്ഞു പോയി. അദ്ദേഹം തന്റെ ഏറ്റവും വലിയ ആവശ്യം പറഞ്ഞു: ഗോസ്റ്റിന്റെ മകൻ പട്ടാളത്തിലാണ്. ക്യാപ്റ്റൻ റാൽഫ് ഗോസ്റ്റ്. വളർത്തിക്കൊണ്ടുവന്ന പാത വിട്ട് അവൻപോയി. ഇപ്പോൾ ആഫ്രിക്കയിലെ സൈനിക സേവനത്തിനിടയിൽ നാട്ടിലേക്കു മടങ്ങിവരും. അപ്പോൾ അവൻ കുടുംബത്തിനു ദുഷ്പേരു കൊണ്ടുവരരുത്.

"ദൈവം അതിൽ കൂടുതലും ചെയ്യും": റീസ് പറഞ്ഞു:" ഒരു മാനസാന്തരപ്പെട്ട ഒരുവനായിട്ടായിരിക്കും അവൻ തിരികെ

# ദൈവത്തോടു ചേർന്നു

10-ാം പേജിൽ നിന്നു തുടർച്ച

തുക. മാനുഷിക കഴിവുകളുപയോഗിച്ച് ചെയ്തെടുക്കുവാൻ ദൈവം താത്പര്യപ്പെട്ട ആ പ്രവൃത്തിയിൽ അഹങ്കരിക്കുവാനും അതിന്റെ അംഗീകാരം സ്വയം ഏറ്റെടുക്കുവാനും ആയിരിക്കും പഴയമനുഷ്യന്റെ താത്പര്യം. “ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ.” (1 കൊരിന്ത്യർ 1:26-29) ഇടയ്ക്കിടയ്ക്ക് ഈ കാര്യങ്ങൾ ഓർക്കുന്നത് നമുക്ക് വളരെ ഗുണം ചെയ്യും. ഒരു നിർണായക ഘട്ടത്തിൽ ദൈവഹിതം ആരായുവാനും അവിടുന്ന് ഏല്പിച്ചവേല ചെയ്യുവാനും ഉത്സാഹിച്ചകാര്യം നിങ്ങൾ നന്ദിയോടെ ഓർക്കുന്നില്ലേ? ഇപ്രകാരം അവിടുത്തെ മുഖത്തേക്കു നോക്കുന്ന ഓരോ സന്ദർഭത്തിലും നിങ്ങളുടെ ആത്മാവ് മേൽക്കുമേൽ ശക്തി പ്രാപിക്കുകയാണ്.

ആ പുതിയ ശക്തിയും ഊർജ്ജവും പ്രസംഗത്തിൽ തെളിഞ്ഞുകാണാം. ആ ശക്തി അളവില്ലാതെ പകർന്നിരിക്കുന്നതിനാൽ ദൈവത്തിൽ നിന്നുതന്നെ ചൊരിയപ്പെട്ടതാണെന്നും ഉറപ്പിക്കാം. ഒരു ദിവസത്തെ സകല അദ്ധ്വാനത്തിനുമൊടുവിൽ കുടുംബത്തിന്റെ പവിത്രതയിലേക്ക് നമുക്ക് മടങ്ങാം.നമ്മിൽ വസിക്കുന്ന അതേ ആത്മാവിൽ ജീവിക്കുന്ന നമ്മുടെ ജീവിതപങ്കാളി അവിടെയുണ്ട്. ഈ ലോകത്തിന്റെ സകല സ്പർദ്ധകളിൽ നിന്നും ഓടിയൊളിക്കുവാനുള്ള ഒരു സങ്കേതമായി നമ്മുടെ ഭവനത്തെ അവർ പണിതുകൊണ്ടിരിക്കുകയാണ്.

ഉറങ്ങുവാനുള്ള സമയമായി.വചനത്തിന്റെ വെളിച്ചത്തിൽ പരിശുദ്ധനായ ദൈവത്തിന്റെ കൺമുമ്പിൽ കഴിഞ്ഞ പകലിലെ എന്റെ ജീവിതത്തെ ഒന്നു പുനരവലോകനം ചെയ്യട്ടെ. ദൈവത്തിന് അനിഷ്ടമായ കാര്യങ്ങൾ ചെയ്യുന്നത് എത്ര പരിതാപകരമായിരിക്കും! ഒരു രാത്രിയിൽ ഇപ്രകാരം ദൈവസന്നിധിയിൽ ആയിരുന്നപ്പോൾ ഞാൻ ഉപേക്ഷ വിചാരിച്ച ഒരു കാര്യത്തെപ്പറ്റി പരിശുദ്ധാത്മാവ് എനിക്ക് പാപബോധം തരുവാനിടയായി. അന്ന് പകൽ സമയത്ത് കുറെ യുവാക്കളോടൊത്ത് ഉച്ചഭക്ഷണം കഴിക്കുവാനും അതിനുശേഷം യേശുക്രിസ്തുവിന്റെ സുവിശേഷീകരണത്തിന്റെ അടിസ്ഥാനപരമായ തത്ത്വങ്ങളെപ്പറ്റി അവരുമായി ചർച്ച ചെയ്യുവാനും ഇടയായി. അവരെ വിട്ടുപോന്നപ്പോൾ മുതൽ എന്റെ ഉള്ളിൽ അസ്വസ്ഥത തോന്നിത്തുടങ്ങി.മതപരമായ കാര്യങ്ങളിൽ ശുഷ്കാന്തി കാണിക്കുമ്പോൾ തന്നെ അവരിൽ പലരും വീണ്ടുംജനനം പോലും പ്രാപിച്ചിട്ടില്ല എന്നെനിക്കു ബോദ്ധ്യമായി. അവരുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അവരെ

---

സൈന്യത്തിലേക്കു മടങ്ങുക.”

എഴുപതു പേരോടു കർത്താവു പറഞ്ഞതു തന്നെയാണു റീസ് ചെയ്തത്: ‘നിങ്ങൾ ഏതെങ്കിലും ഭവനത്തിൽ കടന്നാൽ ആദ്യം ആ വീടിനു സമാധാനം ആശംസിക്കുക. ആ ഭവനത്തിൽ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ ആ സമാധാനം അവന്റെ മേൽ വസിക്കും.”

(തുടരും)

അടുത്തലക്കത്തിൽ: നാസീർ വ്രതസ്ഥന്റെ വ്രതവാഗ്ദാനം

❖





ആഹ്വാനം ചെയ്തില്ലെന്നു മാത്രമല്ല, അവർ രക്ഷിക്കപ്പെട്ടവരാണോ എന്നുപോലും ഞാൻ ചോദിച്ചില്ല. ആ രാത്രിയിൽതന്നെ ഞാൻ ദൈവത്തോടു ക്ഷമ ചോദിച്ചു. ഒന്നാമത് എന്റെ അവഗണയ്ക്ക്. രണ്ടാമത് ഏതെങ്കിലും പ്രസംഗപീഠത്തിൽ കയറി നിന്ന് പഴയമനുഷ്യന്റെ നല്ല ശീലങ്ങളിൽ നിന്നുരുത്തിരിയുന്ന ഒരു സദാചാര പ്രസംഗം നടത്തുന്നതിനെക്കാൾ സുവിശേഷത്തെ വിട്ടുകളയുന്നതാണ് നല്ലതെന്ന് അവരെ ആഹ്വാനം ചെയ്യാതിരുന്നതിന് — എന്തെന്നാൽ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ജീവന് കടകവിരുദ്ധമായിരിക്കുമല്ലോ ആ പ്രസംഗം. ഈ വിഷയത്തോടൊപ്പം ആ ദിവസത്തെ മറ്റു പാപങ്ങളും ദൈവം എന്നോടു ക്ഷമിക്കുകയും അവർക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ എന്നെ അനുവദിക്കുകയും ചെയ്തു. ഒരിക്കലും തിരിച്ചു വരാത്തവിധം നഷ്ടപ്പെടുത്തിയ അവസരങ്ങളെയോർത്തും ദൈവാത്മാവിന് പ്രവർത്തിക്കുവാൻ ഇടംകൊടുക്കാതെ എന്റെ പഴയമനുഷ്യന്റെ പ്രവർത്തനങ്ങളിലൂടെ മാത്രം ആത്മാക്കളെ സ്പർശിച്ച സന്ദർഭങ്ങളെ ഓർത്തും ലജ്ജിക്കേണ്ടിവന്ന അനേക ദിവസങ്ങളുണ്ടായിട്ടുണ്ട്!

ഉറങ്ങുന്നതിനുമുമ്പ് ഒരിക്കൽ കൂടി അവന്റെ വചനത്തിലൂടെ അവനെ കാണുവാനും ആരാധിക്കുവാനും ഞാൻ ആഗ്രഹിച്ചു.ഭൂമിയിലെ രക്ഷിതഗണം ദൈവസിംഹാസനത്തിന്റെ മുമ്പാകെ നില്ക്കുന്ന ഭാഗമാണ് ഞാൻ വായിച്ചത്. സ്വർഗ്ഗോന്നതികളിൽ യേശുവിനോടുകൂടെ നമ്മെയും കാണാം - രക്ഷകൻ തന്നെയാണല്ലോ നമ്മുടെ സ്ഥാനം ഉറപ്പിച്ചുതന്നത്! “സിംഹാസനത്തിന്റെ മുമ്പാകെ പളുങ്കിനൊത്ത കണ്ണാടിക്കടൽ-” (വെളി. 4:6) ശാലോമോന്റെ ആലയത്തിൽ കുഞ്ഞാടിനെ യാഗം കഴിച്ചശേഷം പുരോഹിതന്മാർക്ക് തങ്ങളെത്തന്നെ കഴുകി ശുദ്ധീകരിക്കുന്നതിനുള്ള താമ്രക്കടലിനെയാണ് ഇതെന്നെ ഓർമ്മിപ്പിച്ചത് (1 രാജ. 7:23). യാഗപീഠം നീതികരണത്തെ പ്രതിനിധാനം ചെയ്യുമ്പോഴും വചനത്തിലൂടെയുള്ള എന്റെ അനുദിന ശുദ്ധീകരണത്തെ ഈ കടൽ പ്രതിനിധാനം ചെയ്യുന്നു. ‘പളുങ്കിനൊത്ത കണ്ണാടിക്കടൽ’ .

എന്റെ ഭാവനചിറകു വിരിച്ചു. സ്വർഗ്ഗത്തിൽ ശുദ്ധീകരണത്തിനായി ഞാൻ അനുദിനം ദൈവസന്നിധിയിൽ ചെല്ലേണ്ട ആവശ്യമില്ല.സ്തുതിയും ഭയഭക്തിയും നിറഞ്ഞ ഹൃദയവുമായി, സത്യത്തിലും ആത്മാവിലും ആരാധിച്ചുകൊണ്ട് സകലത്തിലും യേശുക്രിസ്തുവിന്റെ അതേ വിശുദ്ധിയിൽ ഞാനും ഒരിക്കൽ ദൈവസന്നിധിയിൽ നില്ക്കും - പാപത്തിന്റെ വേരറ്റ് എന്നിലെ പഴയ മനുഷ്യൻ പൂർണ്ണമായും ഇല്ലാതായ അവസ്ഥയിൽ.അത് എന്റെ ഭൗതിക മരണത്തോടെയോ അല്ലെങ്കിൽ കർത്താവിന്റെ രണ്ടാമത്തെ വരവിൽ എന്റെ രൂപാന്തരത്തോടെയോ ആകാം. “എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസത്തിൽ ഇരിക്കുന്നവന് ആ ജീവികൾ മഹത്വവും ബഹുമാനവും സ്തോത്രവും കൊടുക്കുമ്പോഴൊക്കെയും ഇരുപത്തിനാലു മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുൻപിൽ വീണ്, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്ക്കരിച്ചു.” കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടത്താൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിപ്പാൻ യോഗ്യൻ എന്നു പറഞ്ഞും കൊണ്ടു ഞങ്ങളുടെ കിരീടങ്ങളെ സിംഹസനത്തിൻ മുൻപിൽ ഇടും” (വെളിപ്പാട് 4:9-11) നിത്യമായ വിജയത്തിന്റെ ആ സ്വർഗ്ഗീയ ദൃശ്യം എന്റെ ഹൃദയത്തിൽ ഞാൻ കണ്ടു — അവരുടെ നടുവിൽ അവരിൽ ഒരാളായി എന്നെയും ഞാൻ കണ്ടു.അന്ന് ഞാനും പൂർണ്ണവിശുദ്ധനായിരിക്കും എന്നുള്ള ഉറപ്പിൽ അവ

## സ്ത്രീയേ നീ കരയുന്നതെന്ത്?... *തുടർച്ച പേജ് 30 ൽ നിന്ന്*

കേൾക്കുന്ന ദൈവം നിങ്ങൾക്കു പരസ്യമായി പ്രതിഫലം നല്കും. താൻ വേഗത്തിൽ ഉത്തരമരുളുമെന്ന് ദൈവം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഉത്തരം ലഭിക്കുന്നതുവരെ പ്രാർത്ഥനയിൽ തുടരുക. നിങ്ങളുടെ മകൻ എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നത് ദൈവഹിതമല്ല. ദൈവരാജ്യത്തെ ബലാൽകാരം ചെയ്യുന്നവർക്ക് അതു ലഭിക്കും. ദൈവരാജ്യം അവകാശമാക്കുവാൻ യേശു നമ്മെ വെല്ലുവിളിക്കുന്നു.

“യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. (സങ്കീ. 34:7). നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ” ദൈവത്തിനു കഴിയും. (എഫെ. 3:20).

അതുകൊണ്ട് വിശ്വാസത്തോടു കൂടി ദൈവത്തോട് അപേക്ഷിക്കുക. കൃപാസനത്തിന്റെ സമീപത്തേക്ക് ധൈര്യപൂർവ്വം ചെല്ലുക. പ്രാർത്ഥനയിൽ തുടരുക. ‘‘രാത്രിയിൽ .......... എഴുന്നേറ്റു നിലവിളിക്ക; നിന്റെ ഹൃദയത്തെ വെള്ളം പോലെ കർത്തൃസന്നിധിയിൽ പകരുക; .......... നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി....... കൈ മലർത്തുക.”

നാം ഉപവസിക്കേണ്ടത് ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല. ജീവിതത്തിന്റെ പൊള്ളത്തരങ്ങളിൽനിന്നും, സന്തോഷത്തിനുവേണ്ടി മാത്രം ജീവിക്കുന്നതിൽ നിന്നും നാം ഉപവസിക്കണം. സ്വാർത്ഥമോഹങ്ങളെ അനുസരിച്ച് ജീവിക്കുന്നതിൽ നിന്ന് നാം ഉപവസിക്കണം. ഒരു വിഷമസന്ധിയിൽ നാം പെട്ടുപോ

---

രോടൊപ്പം ഞാനും പാടി;

‘ശുദ്ധാ! ശുദ്ധാ! ശുദ്ധാ! സർവ്വദിവ്യർ വാഴ്ത്തി
ആർത്തുപൊൻകിരീടങ്ങൾ നിൻകാല്ക്കൽ വീഴ്ത്തുന്നു
ആസ്ഥയോടു ദൂതവൃന്ദവും പുകഴ്ത്തി
നിത്യദൈവമേ നിന്നെ വാഴ്ത്തുന്നു.’

പശ്ചാത്താപവിവശനായി ‘കർത്താവേ അടിയനിതാ, എന്നോടു ക്ഷമിക്കണമേ’ എന്നു പറയേണ്ടാത്ത ഒരു ദിവസം വരും – ആ ഉറപ്പിലേക്കു നമ്മെ നയിക്കുന്ന സത്യം പോലെ വ്യക്തതയും കൃത്യതയുമുള്ള മറ്റൊരു സത്യവുമില്ല.

യേശുവിനെപ്പറ്റി ചിന്തിച്ച്, അവനോട് സംസാരിച്ച്, അവനെ ധ്യാനിച്ച് ഞാൻ ഉറക്കത്തിലേക്കു വഴുതിക്കൊണ്ടിരുന്നു. അടുത്ത ദിവസം എങ്ങനെയുള്ളതായിരിക്കും എന്നെനിക്കറിയില്ല. അനുഗ്രഹപൂർണ്ണവും സ്വസ്ഥവും ആയ ഒരു ദിവസമാകാം, അല്ലെങ്കിൽ രോഗങ്ങളും ബുദ്ധിമുട്ടുകളും കൊണ്ട് സംഭവബഹുലമായ ഒന്നാകാം, എന്തുമായിക്കൊള്ളട്ടെ, ഞാൻ ഉണരുന്നത് അവനോടൊപ്പം ആയിരിക്കും.സകലവും എന്റെ നന്മയ്ക്കായി കൂടി വ്യാപരിക്കും എന്നുള്ള വ്യക്തമായ തിരിച്ചറിവിൽ, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടപ്രകാരമല്ലാതെ യാതൊന്നും എന്നെ തൊടുകയില്ലെന്നുള്ള പൂർണ്ണമായ ഉറപ്പിൽ, ഞാൻ അവന്റെ വാഗ്ദാനങ്ങളിൽ തലവച്ച് കിടന്നുറങ്ങും. എന്തെന്നാൽ ‘ഞാൻ പ്രത്യാശിക്കുന്ന ശുഭഭാവി എനിക്കു വരുവാൻ തക്കവണ്ണം എന്നെക്കുറിച്ച് അവിടുന്ന് നിരൂപിക്കുന്ന നിരൂപണങ്ങൾ-തിന്മയ്ക്കല്ല നന്മയ്ക്കത്രെയുള്ളത് — ഇന്നതെന്ന് അവിടുന്ന് അറിയുന്നു’ (യിരെമ്യാവ് 29:11).

(അവസാനിച്ചു)

*(ഡൊണാൾഡ് ഗ്രേ ബാൺഹൗസിന്റെ ‘സീക്രട്ട്സ് ഓഫ് സക്സസ്ഫുൾ ലിവിങ്’ എന്ന ഗ്രന്ഥത്തിൽ നിന്ന്)*

**മൊഴിമാറ്റം : ബീനാ ജോയ്സ്**

❖





കുമ്പോൾ ഉപവസിക്കുവാൻ പ്രയാസമില്ല. കാരണം, ആ സമയത്ത് നമ്മുടെ വിശപ്പ് കെട്ടുപോകുന്നു. എന്നാൽ ചില സന്ദർഭങ്ങളിൽ ഉപവസിക്കണമെന്ന് നാം തീരുമാനിക്കണം. ഉപവാസത്താലും, പ്രാർത്ഥനയാലും മാത്രമേ ചില ഭൂതങ്ങളെ പുറത്താക്കുവാൻ സാധിക്കുകയുള്ളു എന്ന് യേശു പറഞ്ഞു.

നാം പോരാടുന്നത് മനുഷ്യരോടല്ല, പൈശാചികശക്തികളോടാണ്. പിശാചിന്റെ അവസാനം അടുത്തിരിക്കുകയാൽ അവൻ കോപത്തോടെ ദൈവജനത്തിനു നേരെ കൂടുതൽ തന്ത്രപരമായ പുതിയതരം മിസൈലുകൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. യേശു കാൽവറിയിൽവച്ച് പിശാചിനെയും, അവന്റെ ദൂതന്മാരേയും തോല്പിച്ചു. വെളിപാടുപുസ്തകത്തിൽ അവരുടെ അന്ത്യത്തെക്കുറിച്ച് നാം വായിക്കുന്നു. വിശ്വാസത്താൽ സാത്താൻ തീപ്പൊയ്കയിൽ കിടക്കുന്നതായി നമുക്ക് ഇപ്പോഴേ കാണാം. ദൈവത്തിനു സ്തോത്രം!

നമ്മുടെ മക്കളെ ദൈവത്തിങ്കലേക്കു തിരികെ വലിച്ചുകൊണ്ടുവരുവാനുള്ള ഒരു കയറാണ് നമ്മുടെ പ്രാർത്ഥന എന്ന് ഒരു ദൈവികമനുഷ്യൻ ഒരിക്കൽ പറയുകയുണ്ടായി.

2 രാജാ. 4:1-7. പാവപ്പെട്ട ഒരു വിധവയ്ക്ക് കടം വീട്ടുവാൻ വകയില്ലായിരുന്നു. അതിനാൽ കടം കൊടുത്തയാൾ അവരുടെ ആൺമക്കളെ അടിമകളായി പിടിച്ചുകൊണ്ടുപോകാനായി വന്നു. അയാൾ ഇവിടെ പിശാചിനെ പ്രതിനിധീകരിക്കുന്നു. ഏലിശാപ്രവാചകൻ വിധവയോട് വീട്ടിൽ ചെന്ന് അയൽവാസികളുടെ കയ്യിൽനിന്ന് ഒഴിഞ്ഞ പാത്രങ്ങൾ കടം വാങ്ങുവാൻ ആവശ്യപ്പെടുന്നു. അതിനു ശേഷം വീട്ടിൽ കയറി വാതിൽ അടച്ച് മക്കളോടുകൂടി ഓരോ പാത്രത്തിലും എണ്ണ പകരുവാൻ പ്രവാചകൻ നിർദ്ദേശിച്ചു. അമ്മയും, മക്കളും വീട്ടിൽ കയറി വാതിൽ അടയ്ക്കുന്നത് പ്രാർത്ഥനയെ സൂചിപ്പിക്കുന്നു. പാത്രങ്ങളിൽ നിറഞ്ഞു വരുന്ന എണ്ണ പരിശുദ്ധാത്മാവിന്റെ പര്യാപ്തതയെ സൂചിപ്പിക്കുന്നു. പ്രവാചകൻ പറഞ്ഞതുപോലെ അവൾ ചെയ്തു; അവൾ തന്റെ കടം വീട്ടി. അവളുടെ ആൺമക്കൾ കടം കൊടുത്തയാളുടെ കയ്യിൽ നിന്ന് അത്ഭുതകരമായി രക്ഷപെട്ടു. തന്റെ ആൺമക്കൾ നഷ്ടപ്പെട്ടുപോകുന്നതു കാണാൻ കഴിയാത്തതുകൊണ്ട് ആ വിധവ ഹതാശയായി ദൈവത്തോടു കരഞ്ഞു പ്രാർത്ഥിച്ചുകാണും. ദൈവം അവളുടെ പ്രാർത്ഥനയ്ക്കും, വിലാപത്തിനും മറുപടി നല്കി.

പ്രിയ സഹോദരീ, അതേകാര്യം തന്നെ ദൈവം നിനക്കും ചെയ്തുതരും. നിന്റെ മക്കളെയോർത്ത് നീ ഇന്ന് വിലപിക്കുകയാണോ? ദൈവത്തിന്റെ ഒരു വാഗ്ദാനം ഞാൻ നിനക്കു കാണിച്ചുതരാം. എബ്രാ. 11:35 നോക്കുക. “സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി.”

ആത്മീയമായി മരിച്ചിരിക്കുന്ന നിങ്ങളുടെ പ്രിയപ്പെട്ട വ്യക്തിക്കുവേണ്ടി ഈ വാഗ്ദാനം ദൈവത്തോട് അവകാശമായി ചോദിക്കുക. ദൈവം ആ വ്യക്തിക്കു ജീവൻ നൽകും. പ്രാർത്ഥനയ്ക്ക് ഉത്തരമായി വലുതും അത്ഭുതകരവുമായ കാര്യങ്ങൾ നിനക്കു കാണിച്ചുതരുവാൻ ദൈവം ആഗ്രഹിക്കുന്നു. (യിരെ. 33:3)

നിനക്കു നന്മ ചെയ്യുവാനായി ദൈവം എപ്പോഴും പദ്ധതിയിടുന്നു (യിരെ. 29:11, 32:40).

“ആശയിൽ സന്തോഷിപ്പിൻ, കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ, പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ.........” (റോമ. 12:12, 13)

“ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ” (1 യോഹ. 5:4)

(തുടരും)

**മൊഴിമാറ്റം: സുജാ ഏബ്രഹാം**

❖

Youth Section




MEDITATIONS ON THE HOLY SPIRIT

# He Makes Jesus More and More Special To Us

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

I want to talk about the BIGGEST testament of the Holy Spirit's role in my life. But I want to make it clear that I do not mean to unduly elevate this above the many different aspects and roles of the Holy Spirit. But to me, from my personal testimony, I have found this particular role of the Holy Spirit to be the most precious. I have found this role of the Holy Spirit to be the one that is the persistent questi0n of whether the Holy Spirit is fully present in me.

And I get this role of the Holy Spirit from *John 16:14 – He will glorify Me, for He will take of Mine and will disclose it to you*. So very simply, this is the Holy Spirit's most basic role in my life: **He makes Jesus More and More Special to Me.**

At the end of the day, I believe that the essence of Christianity that is different from all other religions and worldviews is the Person of Jesus. It is Jesus, and who He is, and what He did, and what He desires from us, that causes us to call ourselves Christians.

Yet, the sad reality is that even many sincere Christians so often reduce the Person of Jesus to facts about Jesus. I don't know about you, but even so many of my *Christian* activities did not result in a greater knowledge of the Person of Jesus. I could preach sermons, I could debate competently on the validity of the Christian worldview, and I could even get others to agree with what I believed from time to time.

But there was not a growing adoration of the Person of Jesus. Sure, I became more and more secure in my point of view. I became more and more satisfied that I was truly on the right track, and comforted myself that I was not going to go to hell. But my relationship with the Person of Jesus Himself? He had not grown significantly more special to me.

Now I am **not** saying that I was no longer a Christian or had lost my salvation. I am not saying that the Holy Spirit was not present within me at all. But what





I am saying is that I was definitely limiting the Holy Spirit's intentions for me. The Holy Spirit surely desires that we be absolutely holy. But He doesn't want us to be holy as stand-alone creatures. And neither does He desire holiness by any possible means. He is very specific about how we become holy. **We become holy by having Jesus be so very precious to us – that we lose more and more of our desire to do anything that displeases Him. This is a holiness that comes more and more naturally, and out of a deep adoration from Jesus**.

So let me give you the way I would answer somebody who asks me whether I have the Holy Spirit richly dwelling within me:

I would ask myself whether in the past few days and weeks, I have found the Person of Jesus to be as precious and enjoyable to me. So it would be evidenced by things such as:

- ➢ I enjoy Jesus and I value His opinion
- ➢ I value the things that He values
- ➢ What makes Him sad, increasingly makes me sad

So if these things are STILL true in my life today, ***then*** I know that the Holy Spirit has freedom to do His work in my life.

I think this is something where ALL of us can see our own lack. I believe that this is one way in which we as Christians are supposed to "judge ourselves" and not think of ourselves as being above others. If we are open to the Holy Spirit every day, He will show us ways in which we are people in need of a greater love for Jesus ourselves. And it will create in us an inner divine humility and compassion. We will increasingly hate every form of sin, but yet we will also have a heart that increases in love towards every single person in the world.

But let me come back to something I said earlier. I don't want people to condemn themselves by what I have written. I believe that the Holy Spirit is given freely by the Father to those who are sincere in their desire, hungry in their intent for Him, and recognize their need for Him. **But we do many things to QUENCH the Holy Spirit (1 Thessalonians 5:19)**.

Since we live in this world that is run by the devil, he operates with a completely different spirit than the Holy Spirit (see Ephesians 2:2). So we have a fight on our hands so as not to allow the spirit of this world QUENCH the Holy Spirit within us.

And let me share with you a few PRACTICAL ways in which I see the spirit of this world quenches the Holy Spirit within us:

- ➢ A strong fascination with money/career/earthly talents, and taking lightly the stern warnings in the Bible against the desires for riches and wealth
- ➢ Being ruled and driven by our sexual urges, and disregarding the strong warnings in the Bible against all sorts of immorality
- ➢ An unhealthy view of our body, that results in being discouraged and depressed over the way we look, an insistence to be immodest in dress, abusing food, and an overall inappropriate value in the way we look
- ➢ Friendships with people who love the things of this world. These

could even be people who call themselves Christians, but who don't passionately love Jesus. But I think we all probably know how our passionate love for Jesus has been dulled by friends who are not devoted to Jesus.

I am sure there are many more ways, but these are some of the ways in which I believe WE quench the Holy Spirit. And I believe that beneath all of these ways is a cry and groan within ourselves to be significant, to be important, to be relevant, and to be loved.

So I do not want to diminish these groans. These are deep, deep groans that come from within us. And the world shows us ways by which we can gain significance and relevance, so we live our lives trying to pursue these ways.

But I will tell you the answer that I have found (and am growing in) through the ministry of the Holy Spirit: **As I mentioned last month, I have found that the Holy Spirit is also one who groans for me, but He groans with great hope (perseverance and eagerness), always hopeful. And in addition, from what I have written here above, the Holy Spirit also longs to TAKE ME TO JESUS. And the reason He takes me to Jesus is because I AM significant to Jesus, I AM important and relevant to Jesus, and I AM infinitely loved by Jesus**.

This is the journey I am on. This is the fight that I am choosing to fight. I have had to give up fighting many other fights that other Christians choose to fight. Because the fight that is most important to me is the fight to maintain my identity WITH Christ. I have found that this is a most precious fight, because the Holy Spirit is a more than able Helper to me in this fight, and fighting this fight wins me a deeper friendship with Jesus.

For those of you who are fighting to know the depth of God's love for you, I want to give you some verses that have helped me:

- Psalm 139:17-18
- Isaiah 49:13-16
- Jeremiah 29:11-13
- Jeremiah 31:3-4
- Zephaniah 3:17
- Ephesians 3:14-21

Now there is nothing magical about these verses. You may read these verses and find nothing special. But I urge you to read them slowly. Write them out and put them in your purse or in your car. Put it on the desktop of your computer, and keep reminding yourself of these verses. I am absolutely convinced that like me, you too will discover great security and strength in these verses.

I pray that this will sink deep within us, and cause us to continue to draw closer to Jesus through the ministry of the Holy Spirit

(please mail your genuine doubts to: **sandeep@poonen.org**)

❖

# ജീവമൊഴികൾ

വാല്യം 10 സെപ്റ്റംബർ 2012 ലക്കം 9

**എഡിറ്റോറിയൽ ബോർഡ്**
ജോഷി ടി. സാമുവൽ
ജോസ് മാത്യു
മാത്യു ജോർജ്
ബോബി ചെറിയാൻ
സാബു ജോസഫ്
മാനേജർ
ജേക്കബ് മാത്യു

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :
**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ. കോട്ടയം,
കേരള- 686 016,
ഫോൺ0481 - 2391518,
8281037519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**
U.S.A - Binoy James
Phone:512980-2808(R)512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-8485 287
E-mail: skuruvi@gmail.com

മൊഴിമുത്ത്

## പാപക്ഷമ



പാപക്ഷമയുടെ കാര്യത്തിൽ നമ്മെക്കാൾ താത്പര്യം ദൈവത്തിനാണ്. കാരണം പാപം എന്നതു തനിക്കും തന്റെ ഏറ്റവും ഉന്നത സൃഷ്ടിയായ മനുഷ്യനും ഇടയിൽ വരുന്ന കറുത്ത നിഴലാണെന്നു ദൈവത്തിനറിയാം. ആ നിഴലിനെ ഇല്ലാതാക്കാൻ നമ്മെക്കാൾ താത്പര്യം ദൈവത്തിനാണ്. അതുകൊണ്ട് അവിടുന്നു നമ്മുടെ പാപം ക്ഷമിക്കുവാൻ ആഗ്രഹിക്കുന്നു. ആ വാഞ്ഛ അവിടുത്തെ സ്വഭാവത്തിന്റെ ഭാഗമാണ്.

**എ. ഡബ്ല്യു. ടോസർ**

## സ്വതന്ത്രൻ, പക്ഷേ...




'സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കുക മാത്രം ചെയ്യാതെ....'. (ഗലാത്യർ 5:13)

# LOVE YOUR ENEMIES

When the public schools of New Orleans were integrated under court order in 1960, four six-year-old black girls were selected to break the immoral barrier that had been built over generations to keep white and black children apart. Three were assigned to one school, and Ruby Bridges was sent alone to Frantz Elementary School. How was a little girl supposed to deal with such tension?

She was escorted to and from school each day by federal marshals for her protection. She had to run the gauntlet of taunts, curses, and threats from adults as she arrived and left each day. White parents took their children out of Frantz, and Ruby was the only child in Miss Hurley's first-grade class.

Dr. Robert Coles is a child psychiatrist who studied Ruby's experience. He visited with Ruby and her family twice every week. He interviewed Miss Hurley about her pupil. To his amazement, Ruby was sleeping soundly every night, eating well, and playing with neighborhood children as before. "You know, I don't understand this child," said her teacher. "She seems so happy. She comes here so cheerfully."

One morning Miss Hurley was watching Ruby walk toward the school. Suddenly the little girl stopped right in the middle of the screaming, jeering crowd. Facing all those angry people, her lips started moving. Miss Hurley thought she was talking to them. She wondered what Ruby might be saying to people who seemed ready to kill her. The marshals tried to move her into the building. But she wouldn't budge until she finished what she was saying.

Miss Hurley asked her later what had happened, and Ruby explained. "I wasn't talking to those people," she said. "I was praying. I was praying for them." You see, every morning Ruby had stopped a few blocks from her school to pray for the people who hated her. That morning she had forgotten until she was already on the sidewalk in the middle of the angry adults.

Here is what she prayed twice a day, before and after school. "Please, God, try to forgive those people. Because even if they say those bad things, they don't know what they're doing. So you could forgive them, just like you did those folks a long time ago when they said terrible things about you."

Do you have some tough situations to face this week? Have to deal with some unpleasant people? Have to confront people who are unkind or unfair? Let us try Ruby's method and remember that Jesus said of little children, "Of such is the kingdom of heaven."

## *Just a minute*

*'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് കാരമില്ലാതെപോയാൽ അതിന് എന്തൊന്നുകൊണ്ട് രസം വരുത്താം?'*
*(മത്തായി 5:13)*



*Phebe Cleetus*